ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ഡിസംബർ 2020 പുസ്തകം 1 ലക്കം 4

പുതിയ സംവാദ മുഖം തുറക്കുന്ന വികസനത്തിന്റെ സാമ്പത്തികം

സാമ്പത്തിക കേന്ദ്രീകരണം ഫെഡറൽ ഘടനയ്ക്ക് ഭീഷണി

കടമെടുപ്പും വികസനവും : സാമാന്യ യുക്തിക്കപ്പുറമുള്ള ചില കാഴ്ചപ്പാടുകൾ

ആശങ്ക ഉയർത്തി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ധനസ്ഥിതി

നികുതി വരുമാനവും ജി ഡി പിയും തമ്മിലുള്ള പൊരുത്തം: ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും കേരളവും

കോവിഡ് കാലത്തെ വില നിലവാരം

സാമൂഹ്യ ചെലവഴിക്കൽ : കേരള മോഡൽ വികസനം ഒരു പുനർവായന ഭാഗം – 1

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം
ഡിസംബർ 2020 പുസ്തകം 1 ലക്കം 4

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ടി എം തോമസ് ഐസക്ക്

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
എൻ രാമലിംഗം
എൽ അനിതാകുമാരി

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

ഡിസൈൻ, ലേ ഔട്ട്
യു പി അനിൽകുമാർ

വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.

Email : keralaeconomy@gift.res.in

Printed and published by K J Joseph on behalf of Gulati Institute of Finance and Taxation,
Thiruvananthapuram. Printed at Solar Offset, Manvila, Thiruvananthapuram.
For private circulation. Not for sale.

# ഉള്ളടക്കം

**പേജ് നമ്പർ**


***എഡിറ്റോറിയൽ***
പുതിയ സംവാദ മുഖം തുറക്കുന്ന വികസനത്തിന്റെ സാമ്പത്തികം *3*

1. സാമ്പത്തിക കേന്ദ്രീകരണം ഫെഡറൽ ഘടനയ്ക്ക് ഭീഷണി – വെബിനാർ റിപ്പോർട്ട് 5
ജോർജ് ജോസഫ്

2. കടമെടുപ്പും വികസനവും : സാമാന്യ യുക്തിക്കപ്പുറമുള്ള ചില കാഴ്ചപ്പാടുകൾ 14
കെ ജെ ജോസഫ്, അനൂപ് എസ് കുമാർ

3. **സംസ്ഥാന സാമ്പത്തികം**
ആശങ്ക ഉയർത്തി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ധനസ്ഥിതി 20
അനിതകുമാരി എൽ, പാർമ ചക്രവർത്തി

4. **ടാക്സ് മോണിറ്റർ**
നികുതി വരുമാനവും ജി ഡി പിയും തമ്മിലുള്ള പൊരുത്തം: ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും കേരളവും 29
എൻ രാമലിംഗം, സന്തോഷ് കുമാർ ഡാഷ്

5. **പ്രൈസ് മോണിറ്റർ**
കോവിഡ് കാലത്തെ വില നിലവാരം 36
കിരൺകുമാർ കക്കർലപുടി, രഞ്ജിത്ത് പി എസ്

6 **ലേബർ & എംപ്ലോയ്മെന്റ്**
സാമൂഹ്യ ചെലവഴിക്കൽ : കേരള മോഡൽ വികസനം ഒരു പുനർവായന ഭാഗം – 1 42
എ വി ജോസ്

7. **New studies on Kerala** 47
Young scholars' forum, GIFT, led by Jerome Joseph

8. **What is new(s) from GIFT** 51

# എഡിറ്റോറിയൽ

## പുതിയ സംവാദ മുഖം തുറക്കുന്ന വികസനത്തിന്റെ സാമ്പത്തികം

ആൽബർട്ട് ഹിർഷ്മാനെ പോലുള്ള വികസനോന്മുഖ സാമ്പത്തിക ശാസ്ത്രജ്ഞർ, വികസനത്തിനായുള്ള മൂലധനനിക്ഷേപത്തിൽ സർക്കാരുകളുടെ റോളിന്റെയും പൊതുനിക്ഷേപത്തിന്റെ പ്രാധാന്യത്തെയും കുറിച്ച് പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. പൊതുനിക്ഷേപം വഴിയായി സമ്പദ് മേഖലയുടെ തിരിച്ചുവരവ് സാധ്യമാക്കുന്ന കാര്യത്തിൽ ഭരണകൂടങ്ങൾ നടത്തുന്ന ക്രിയാത്മകമായ ഇടപെടലാണ് കെയ്നീഷ്യൻ സാമ്പത്തിക സിദ്ധാന്തങ്ങളുടെ കാതൽ. എന്നാൽ ആഗോളവത്കരണത്തിന്റെ കാലഘട്ടം വന്നതോടെ വികസ്വര രാജ്യങ്ങളിലെ ഭരണകൂടങ്ങൾ ഏറെക്കുറെ പിൻസീറ്റ് ഡ്രൈവിങ്ങിലേക്ക് മാറിയതായി കാണാം. 'വാഷിംഗ്ടൺ സമവായം' എന്ന പേരിൽ അറിയപ്പെടുന്ന ചിന്താസരണികളാണ് ഇതിന് അടിസ്ഥാനം. ഡാനി റോഡ്രിക്കിനെ പോലുള്ള വിദഗ്ദർ ആഗോളവത്കരണത്തിന്റെ അനന്തര ഫലങ്ങൾ വിശകലനം ചെയ്ത് അഭിപ്രായപ്പെട്ടത് വാഷിംഗ്ടൺ സമവായമല്ല മറിച്ച് 'വാഷിംഗ്ടൺ ആശയക്കുഴപ്പമാണ്' സംഭവിക്കുന്നത് എന്നാണ്. അതുകൊണ്ട് പുതിയ സഹസ്രാബ്ദത്തിന്റെ പ്രാരംഭ ദശയിൽ തന്നെ വികസന രംഗത്ത് ഭരണകൂടങ്ങളുടെ ഇടപെടൽ ശക്തമാകേണ്ടതിന്റെ ആവശ്യകതയിലൂന്നിയുള്ള ചർച്ചകൾ വീണ്ടും ഉയർന്നുവന്നു. സാമ്പത്തിക ചിന്തകളിൽ ശക്തമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞ, പുതുതലമുറയിൽ പെടുന്ന സാമ്പത്തിക വിദഗ്ദർ അഭിപ്രായപ്പെടുന്നത്, സർക്കാർ എന്നാൽ വിപണി സമ്പദ്‌വ്യവസ്ഥയുടെ ഒരു നിഷ്ക്രിയ നടത്തിപ്പുകാരൻ മാത്രമല്ല എന്നാണ്. (റഫറൻസ് : എന്റർപ്രേണോറിയൽ സ്റ്റേറ്റ് – മരിയാന മാഷുകാട്ടോ). നിക്ഷേപമില്ലാതെ വികസനം സാധ്യമാക്കുന്ന ഒരു രസക്കൂട്ട് ഇനിയും കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ സർക്കാരുകളുടെ മേലുള്ള സമ്മർദ്ദം ഇപ്പോൾ കൂടുതൽ ശക്തമാവുകയാണ്.

നടപ്പ് സാമ്പത്തിക വർഷത്തിൽ തുടർച്ചയായ രണ്ടു പാദങ്ങളിൽ ഇന്ത്യൻ സമ്പദ്ഘടന നെഗറ്റീവ് വളർച്ചയിലാണ്. (ഒന്നാം പാദത്തിൽ −23.9 ശതമാനവും രണ്ടാം പാദത്തിൽ −7.5 ശതമാനവും). ഈ സാഹചര്യത്തിൽ സർക്കാർ ഇടപെടലിന്റെ ആവശ്യകതയെക്കുറിച്ച് വിപുലമായി പ്രതിപാദിക്കേണ്ട ആവശ്യമേയില്ല. കോവിഡ് മഹാമാരി രൂക്ഷമാക്കിയ സാമ്പത്തിക മാന്ദ്യം തുടരുന്ന അവസ്ഥയിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ സാമ്പത്തിക വളർച്ച −10 ശതമാനമായിരിക്കുമെന്നാണ് അനുമാനിക്കുന്നത്. ഈ സാമ്പത്തിക സാഹചര്യം, വിപണികളിൽ ഡിമാൻഡ് ത്വരിതപ്പെടുത്തുന്നതിന് പൊതുനിക്ഷേപം ഉയർത്തേണ്ടത് കൂടുതൽ അനിവാര്യമാക്കുകയാണ്. കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ സർക്കാരുകളുടെ റവന്യൂ വരുമാനത്തിൽ ഇടിവുണ്ടായിട്ടുണ്ട് എന്നത് ഒരു വസ്തുവതയാണെന്നിരിക്കെ ഇതിൽനിന്നും കരകയറുവാൻ കേന്ദ്ര സർക്കാരിന് മുൻപിൽ വഴികൾ പലതുണ്ട്. എന്നാൽ മൂലധന നിക്ഷേപ രംഗത്ത് 73 ശതമാനവും ചെലവഴിക്കേണ്ടിവരുന്ന സംസ്ഥാന സർക്കാരുകളുടെ കൈകൾ കെട്ടിയിടപ്പെട്ട അവസ്ഥയിലാണ്. ഒരു വശത്ത് എഫ് ആർ ബി എം നിയമത്തിന്റെ വ്യവസ്ഥകളും

മറുഭാഗത്ത് ഫിസ്കൽ ഫെഡറലിസവും എന്ന പാശങ്ങളാൽ സംസ്ഥാന സർക്കാരുകൾ കെട്ടിയിടപ്പെട്ടിരിക്കുകയാണ്. സംസ്ഥാനങ്ങളുടെ മൊത്തം റവന്യു വരുമാനം ജി ഡി പിയുടെ 8.6 ശതമാനമായിരിക്കെ അവരുടെ മൊത്തം ചെലവുകൾ 17 ശതമാനമാണ്. ജി എസ് ടി നടപ്പാക്കിയതോടെ ഈ അസന്തുലിതാവസ്ഥ കൂടുതൽ രൂക്ഷമായതായും കാണാം. പുതിയ നികുതി സമ്പ്രദായത്തിലേക്ക് മാറുന്നതിനായി സംസ്ഥാനങ്ങൾ നികുതി വരുമാനത്തിന്റെ 51.8 ശതമാനം വിട്ടുനൽകിയപ്പോൾ, കേന്ദ്രം കൈവിട്ടത് 28.8 ശതമാനം മാത്രമാണെന്നോർക്കണം.

ഒരുപക്ഷെ, കേരളത്തിന്റെ കാര്യത്തിൽ ഈ പ്രതിസന്ധി കൂടുതൽ സങ്കീർണ്ണമാണെന്നുവേണം വിലയിരുത്താൻ. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ സാമൂഹ്യ ചെലവുകൾ വളരെ ഉയർന്ന തോതിലായതിനാൽ കേരളത്തിന്റെ ഹ്യുമൻ ഡെവലപ്മെന്റ് സൂചിക ഏറെ ഉയർന്നതാണ്. യു എൻ അജണ്ട 2030 അനുസരിച്ച് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനവും നമ്മുടെ സംസ്ഥാനത്തിനാണ്. ഇതിന് കേരളം വലിയ വില നൽകേണ്ടിവന്നിട്ടുണ്ട്. 2020–21 ലെ മൊത്തം ബജറ്റ് ചെലവായ 1.44 ലക്ഷം കോടി രൂപയിൽ ശമ്പളം, പെൻഷൻ, മറ്റു നിർബന്ധിത ചെലവുകൾ തുടങ്ങിയവ അടങ്ങുന്ന റവന്യു ചെലവുകൾ 1.29 ലക്ഷം കോടി രൂപയായി കണക്കാക്കിയിരുന്നു (90.1 ശതമാനം). അതായത് കഷ്ടിച്ച് 0.14 ലക്ഷം കോടി രൂപയാണ് മൂലധനച്ചെലവുകൾക്കായി നീക്കിവയ്ക്കാൻ കഴിയുന്നത്. സംസ്ഥാന ജി ഡി പിയുടെ വെറും 0.9 ശതമാനം മാത്രമാണിത്. അതുകൊണ്ട് വായ്പയെടുക്കൽ മാത്രമാണ് സംസ്ഥാന സർക്കാരിന് മുന്നിലുള്ള ഏകപോംവഴി. എന്നാൽ കടമെടുക്കുന്നതിനുള്ള പരിധി സംസ്ഥാന ജി ഡി പിയുടെ മൂന്ന് ശതമാനമായി എഫ് ആർ ബി എം നിയമം നിജപ്പെടുത്തിയിരിക്കുന്നു. ഇതാണ് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ നേരിടുന്ന മുഖ്യവൈതരണി.

സംസ്ഥാന സർക്കാരുകളുടെ മുന്നിൽ പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ ശുഷ്കമാണ്. അതുകൊണ്ട് അന്താരാഷ്ട്ര മൂലധന വിപണികളിൽനിന്ന് ഫണ്ട് സംഭരിക്കാൻ കഴിയുന്ന നൂതന മാർഗ്ഗങ്ങൾ അവ ആരായേണ്ടിയിരിക്കുന്നു. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടത് ആ നിലയ്ക്കാണ്. എന്നാൽ ഇത്തരത്തിൽ ധനസമാഹരണം നടത്തുന്നതിന് ചില്ലറ തടസങ്ങളല്ല സംസ്ഥാനങ്ങളുടെ മുന്നിലുള്ളത്. വികസനത്തിനായി ഈ നൂതന വഴികളിലൂടെ പണം സമാഹരിക്കുന്നതിന് നിലവിലെ നിയമ വ്യവസ്ഥകൾ എത്രമാത്രം സംസ്ഥാനങ്ങളെ അനുവദിക്കുന്നുണ്ട്? ബജറ്റിന് പുറത്തുള്ള ധനസമാഹരണത്തിന്റെ പ്രശ്നങ്ങൾ എന്തൊക്കെയാണ്? ആഗോള മൂലധന മാർക്കറ്റുകളെ ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ഇന്ത്യക്ക് എത്രമാത്രം വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട്? ഇത്തരം നിക്ഷേപങ്ങൾ എഫ് ഡി ഐ യേക്കാൾ മികച്ചതാണോ? ഘടനാപരമായ കടുംപിടുത്തം ഇത്തരത്തിലുള്ള ഒരു മാറ്റത്തിന് പ്രതികൂലമാകുന്നുണ്ടോ? ജനങ്ങളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാരുകൾക്കുമേൽ സ്വകാര്യ കോർപറേറ്റുകൾക്ക് ഇല്ലാത്ത നിയന്ത്രണങ്ങളും നിബന്ധനകളും ഏർപ്പെടുത്തുന്നത് ആവശ്യമാണോ? തുടങ്ങിയ കാതലായ അനവധി സമസ്യകൾ ഉയർത്തുന്നത് കൂടിയാണ് ഈ വിഷയം. പൊതുകടം കുത്തനെ ഉയരുന്നത് ഭാവിയിൽ പ്രതികൂലമാകുമോ എന്ന പൊതുജന ആശങ്ക മറ്റൊരു വശത്തുമുണ്ട്. ഈ വിഷയങ്ങളെല്ലാം ഒരു തുറന്ന ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ടതാണ് എന്ന നിഗമനത്തിന്റെ വെളിച്ചത്തിൽ അത്തരമൊരു ചർച്ചക്ക് കേരള ഇക്കോണമിയുടെ ഈ ലക്കം തുടക്കമിടുകയാണ്.

**കെ. ജെ ജോസഫ്**

GIFT GULATI INSTITUTE OF FINANCE AND TAXATION

# സാമ്പത്തിക കേന്ദ്രീകരണം ഫെഡറൽ ഘടനയ്ക്ക് ഭീഷണി: വെബിനാർ റിപ്പോർട്ട്

ജോർജ് ജോസഫ്

ഇന്ത്യയുടെ ഇന്നത്തെ ഫെഡറൽ സംവിധാനത്തിന് കീഴിൽ, ധനകാര്യ മേഖലയിൽ സംസ്ഥാനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന സമ്മർദ്ദത്തെ കുറിച്ച് പൊതുവിൽ ഒരു അഭിപ്രായ സമന്വയം ഉയർന്നു വരുന്നുണ്ട്. എന്നിരുന്നാലും, സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് കൂടുതൽ വിഭവ സമാഹരണത്തിനായി സംസ്ഥാനങ്ങൾ നടത്തുന്ന നൂതനമായ ശ്രമങ്ങൾക്ക് മുന്നിൽ കടമ്പകൾ അനുസ്യൂതം സൃഷ്ടിക്കപ്പെടുകയാണ്. ഈ പശ്ചാത്തലത്തിൽ ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്), '*ഇന്ത്യയിലെ സാമ്പത്തിക ഫെഡറലിസത്തിൽ വികസനത്തിന്റെ ധനകാര്യം*' എന്ന വിഷയത്തെ ആധാരമാക്കി ഒരു ദേശീയ വെബിനാർ സംഘടിപ്പിക്കുകയുണ്ടായി. രാജ്യത്തിന്റെ സാമ്പത്തിക ഫെഡറലിസത്തിലും മാക്രോ ഇക്കണോമിക് മാനേജ്മെന്റ് രംഗത്തും ഈയിടെ സംഭവിച്ചു വരുന്ന ആശാസ്യമല്ലാത്ത തരത്തിലുള്ള മാറ്റങ്ങളിൽ വെബിനാറിൽ പങ്കെടുത്ത വിദഗ്ദർ ഉത്കണ്ഠ രേഖപ്പെടുത്തുകയുണ്ടായി.

ഇന്ത്യ ഇന്ന് ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. കോവിഡ് മഹാമാരി ഈ പ്രതിസന്ധിയുടെ ആഴവും പരപ്പും വർധിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനങ്ങളുടെ വരുമാനം ഗണ്യമായി കുറയുമ്പോഴും, വികസനം, സാമൂഹ്യക്ഷേമം തുടങ്ങിയ അതീവ പ്രാധാന്യമേറിയ രംഗങ്ങളിൽ സംസ്ഥാനങ്ങളുടെ ചുമതല അനുദിനമെന്നോണം വർധിക്കുകയും ചെയ്യുന്നു. കോവിഡ് മഹാമാരിയെ നേർക്കുനേർ നേരിടേണ്ട ഉത്തരവാദിത്വവും സംസ്ഥാന സർക്കാരുകൾക്കുതന്നെ. ഇതുമൂലം സംജാതമാകുന്ന വരുമാനവും ചെലവും തമ്മിലുള്ള അന്തരം സംസ്ഥാനങ്ങളുടെ ധനസ്ഥിതിയെ ആഴത്തിൽ ബാധിക്കുന്ന ഒരു പ്രതിസന്ധിയായി വളരുകയാണ്. പരോക്ഷ നികുതിയുടെ കാര്യത്തിൽ സമീപകാലത്തുണ്ടായ വലിയ മാറ്റം സംസ്ഥാനങ്ങളുടെ വിഭവ സമാഹരണത്തെ അതീവ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. കൗതുകരമായ ഒരു കാര്യം, ഒരു ന്യൂനപക്ഷം വിദഗ്ദരെങ്കിലും ജി എസ് ടി സമ്പ്രദായത്തിൽ നിന്ന് ഒരു തിരിച്ചുപോക്ക് ആവശ്യപെടുന്നു എന്നതാണ്. സംസ്ഥാനങ്ങളുടെ ഉയരുന്ന കടബാധ്യതയാണ് ആശങ്ക ഉയർത്തുന്ന മറ്റൊരു വിഷയം. ആഭ്യന്തര, വിദേശ മാർക്കറ്റുകളിൽനിന്നും വായ്പയെടുക്കുക എന്നതാണ് സംസ്ഥാനങ്ങൾക്ക് മുന്നിൽ ഉയരുന്ന പോംവഴി. പക്ഷെ, വിദേശത്തു നിന്നും ധനസമാഹരണം നടത്തുന്നതിനെ പല വിധത്തിലും തടസപ്പെടുത്തുന്ന അവസ്ഥയുണ്ട്.

രണ്ടു സെഷനുകളിലായി നടന്ന വെബിനാറിൽ ഇന്ത്യയിലെ പ്രമുഖ സാമ്പത്തിക വിദഗ്ദർ സജീവമായി തങ്ങളുടെ ആശയങ്ങൾ പങ്കുവച്ചു. വിഷയത്തിന്റെ കാലിക പ്രാധാന്യം ആമുഖമായി അവതരിപ്പിച്ച്, ഗിഫ്റ്റിന്റെ ഡയറക്ടർ പ്രൊഫസർ കെ. ജെ

ജോസഫ് വെബിനാറിന് സ്വാഗതമാശംസിച്ചു. ഒരു കാര്യത്തിൽ വെബിനാർ ഒരു അഭിപ്രായ സമന്വയത്തിൽ എത്തി. ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും സംരക്ഷിക്കുന്നതിന് കേന്ദ്ര – സംസ്ഥാന ബന്ധങ്ങളിൽ ഒരു പൊളിച്ചെഴുത്തും ഫിസ്കൽ ഫെഡറലിസം പുനർസൃഷ്ടിക്കുകയും ചെയ്യുക എന്നത് നിർണ്ണായക പ്രാധാന്യമുള്ള കാര്യമാണ് എന്നതാണ് അത്.

**പ്രൊഫസർ എം. ഗോവിന്ദറാവു**

രാജ്യത്തത്തിന്റെ ധനകാര്യ മാനേജ്മെന്റ് രംഗത്ത് സർക്കാരിന്റെ സൂക്ഷ്മതലത്തിലുള്ള ഇടപെടൽ കൂടുതൽ അനിവാര്യമാക്കുന്ന സാമ്പത്തിക സാഹചര്യമാണ് ഇന്നുള്ളതെന്ന് ആദ്യ സെഷനിൽ അധ്യക്ഷത വഹിച്ചുകൊണ്ട് പതിനാലാം ധനകാര്യ കമ്മീഷൻ അംഗവും ഗിഫ്റ്റിന്റെ ഓണററി പ്രൊഫസറുമായ എം.ഗോവിന്ദ റാവു അഭിപ്രായപ്പെട്ടു. കോവിഡ് പോലുള്ള പ്രതിസന്ധിയുടെ ഘട്ടത്തിൽ മികച്ച പ്രകടനം നടത്തുന്നതിൽ ഒരു സമ്പദ്ഘടന എങ്ങനെ പരാജയപ്പെടുന്നു എന്നതിന്റെ കാരണങ്ങൾ പരിശോധിക്കപ്പെടേണ്ടത് അത്യന്തം നിർണ്ണായകമാണ്. ഇത്തരം ഘട്ടങ്ങളിൽ സ്വകാര്യ മേഖലയുടെ മോശം പ്രകടനം എത്രത്തോളം, എങ്ങനെയൊക്കെ എന്നതിനെ ആശ്രയിച്ചാണ് സർക്കാർ ഇടപെടലിന്റെ പരിമാണം നിർണ്ണയിക്കപ്പെടുന്നത്. സമ്പദ്വ്യവസ്ഥയുടെ മൊത്തത്തിലുള്ള നിയന്ത്രണം വലിയൊരളവോളം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. എന്നാൽ താഴെ തലത്തിലെ വിതരണം പ്രാദേശിക സർക്കാരുകളുടെ ചുമതലയാണ്.

സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ പ്രകടമായ അസന്തുലിതാവസ്ഥയുണ്ട്. വിഭവ സമാഹരണത്തിന് കേന്ദ്രത്തിന് മുന്നിൽ കൂടുതൽ വഴികളുണ്ട് എന്നതാണ് ഇതിന് കാരണം. എന്നാൽ ഏതു സാഹചര്യത്തിലായാലും സംസ്ഥാനങ്ങൾ കടക്കെണിയിലേക്ക് വീഴുന്നത് ഭൂഷണമല്ല. വികസനം, സാമൂഹ്യ ക്ഷേമം തുടങ്ങിയ മേഖലകളിൽ കൂടുതൽ ഉത്തരവാദിത്വം സംസ്ഥാന സർക്കാരുകളുടെ തലയിലാണ്. പക്ഷെ, കേന്ദ്രവുമായി തുലനം ചെയ്യുമ്പോൾ സംസ്ഥാനങ്ങളുടെ വിഭവ സ്രോതസുകൾ പരിമിതമാണ്. ഭരണഘടനയുടെ 293 വകുപ്പ് പ്രകാരം കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സംസ്ഥാന സർക്കാരുകൾക്ക് വിദേശത്ത് നിന്ന് വായ്പയെടുക്കാൻ കഴിയില്ല. ചില രാജ്യങ്ങൾ, പ്രത്യേകിച്ച് ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ പ്രാദേശിക ഗവണ്മെന്റുകളെ വിദേശ വായ്പകൾ സ്വീകരിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. ഈ രാജ്യങ്ങൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി വിശദമായി പഠിക്കുന്ന ഏതൊരാൾക്കും ഇക്കാര്യത്തിൽ ഏതെങ്കിലും വിധത്തിലുള്ള നിയന്ത്രണങ്ങൾ ആവശ്യമാണെന്ന് ബോധ്യപ്പെടും.

പ്രാദേശിക സർക്കാരുകളുടെ വിദേശ കടമെടുപ്പ് ഏതളവോളമാകാം? ബജറ്റിന് പുറത്തുള്ള ധനസമാഹരണത്തിന്റെ സാധ്യത എത്രത്തോളമാണ്? തുടങ്ങിയ പ്രസക്തമായ നിരവധി ചോദ്യങ്ങളിൽ തുറന്ന ചർച്ച ആവശ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

**പ്രൊഫസർ സുശീൽ ഖന്ന**

കൊൽക്കത്ത ഐ ഐ എമ്മിലെ പ്രൊഫസർ സുശീൽ ഖന്ന വിഭവങ്ങൾ കൂടുതലായി കേന്ദ്രീകൃതമാക്കുന്നതിനുള്ള സമീപകാല ശ്രമങ്ങൾ സംസ്ഥാന സർക്കാരുകൾക്ക് നേരെ ഉയർത്തുന്ന ഭീഷണിയെ ചെറുതായി കാണാൻ കഴിയില്ലെന്ന് അഭിപ്രായപ്പെട്ടു. നികുതി പിരിവിന്റെ കാര്യത്തിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള കൃത്യമായ അതിർവരമ്പുകൾ ഭരണഘടന നിർണ്ണയിച്ചിട്ടുണ്ട്. കേന്ദ്രവും സംസ്ഥാനവും നിർവ്വഹിക്കേണ്ടതായ ചുമതലകളെ കുറിച്ചും കേന്ദ്ര-സംസ്ഥാന ബന്ധത്തെ കുറിച്ചും

വിശദമായ റിപ്പോർട്ട് നൽകിയ സർക്കാരിയാ കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരുകളുടെ വിഭവ സമാഹരണത്തിനുള്ള സാദ്ധ്യതകൾ ഇന്ന് കുറഞ്ഞു വരുന്നത് ദൗർഭാഗ്യകരമാണെന്ന് സുശീൽ ഖന്ന വ്യക്തമാക്കി.

അതുകൊണ്ട് വികസന, സാമൂഹ്യ ക്ഷേമ രംഗങ്ങളിലെ അധികരിച്ചുവരുന്ന ചുമതല കൾ നിർവഹിക്കുന്നതിന് വിദേശ വായ്പ അനിവാര്യമാവുകയാണ്. ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾ ഏറെ ജാഗ്രത പാലിക്കേ ണ്ടത് ആവശ്യമാണ്. അല്ലാത്ത പക്ഷം ധനകാര്യ മാനേജ്മെന്റിനെ അത് പ്രതികൂല മായി ബാധിക്കുന്നതായി മാറും. വരുമാന ങ്ങൾ പങ്ക് വയ്ക്കുന്നതിന് ധനകാര്യ കമ്മീഷൻ എന്ന സംവിധാനം ഉണ്ടെങ്കിലും പ്രത്യക്ഷ നികുതി പൂർണമായും കേന്ദ്ര ഖജനാവിലേക്കാണ് പോകുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇവിടെയാണ് ബജറ്റിന് പുറത്തുള്ള വിഭവ സമാഹരണത്തിന്റെ പ്രസക്തി. ഇക്കാര്യ ത്തിൽ നൂതനമായ ശ്രമം ആദ്യമായി കണ്ടത് ഗുജറാത്തിലാണ്. പിന്നീട് ആന്ധ്രപ്രദേശ് ഇതിനെ പിൻപറ്റി. മസാല ബോണ്ടുകൾ അവതരിപ്പിച്ചുകൊണ്ട് കേരളവും ശ്രദ്ധേയ മായ ചുവടുവയ്പ്പ് നടത്തി. കടം തിരിച്ചടക്കു ന്നതിന് വളരെ കൃത്യമായ ഒരു സംവിധാന ത്തിന് രൂപം നൽകാൻ കിഫ്ബിക്ക് കഴിഞ്ഞിട്ടുണ്ട്. 'മറ്റൊരു പ്രധാന വിഷയം നമ്മൾ ആസൂത്രണത്തെ അവഗണിക്കുന്നു എന്നതാണ്. നാം നമ്മുടെ റിസ്കുകൾ ശരിയായ ആസൂത്രണം വഴിയുള്ള ഹെഡ്ജി ങ്ങിലൂടെ ക്രമപ്പെടുത്തുകയാണ് വേണ്ടത്', അദ്ദേഹം പറഞ്ഞു. കിഫ്ബിയുടെ ആഡിറ്റിം ഗിൽ സി ആൻഡ് എ ജി നടത്തിയ ഇടപെട ലിനെ വിമർശിച്ചുകൊണ്ട് നിഷ്പക്ഷമായ റെഗുലേറ്ററി സംവിധാനം പുതിയ കാലഘട്ട ത്തിൽ അനിവാര്യമാണെന്ന് അദ്ദേഹം അഭി പ്രായപ്പെട്ടു.

**പ്രൊഫസർ സെബാസ്റ്റ്യൻ മോറിസ്**

രാജ്യാന്തര മൂലധന വിപണികളിൽ ഇന്ത്യ ഉൾപ്പടെയുള്ള വികസ്വര രാജ്യങ്ങൾക്ക് ഏറെ പ്രതികൂലമായ സാഹചര്യം നേരിടേണ്ടി വരുന്നതായി അഹമ്മദാബാദ് ഐ ഐ എമ്മിലെ പ്രൊഫസർ സെബാസ്റ്റ്യൻ മോറിസ് അഭിപ്രായപ്പെട്ടു. പലിശ അടക്ക മുള്ള വ്യവസ്ഥകളിൽ ചില പ്രശ്നങ്ങൾ ഉളവാകാറുണ്ട്. പൊതുവിൽ ഇത്തരം വിവേചനപരമായ കാര്യങ്ങളെ 'കൺട്രി റിസ ്ക്' എന്നാണ് വിവക്ഷിക്കപ്പെടുന്നത്. ഇക്കാര ണത്താൽ പ്രതിസന്ധി ഘട്ടങ്ങളിൽ മൂലധനം വികസ്വര രാജ്യങ്ങളിൽ നിന്ന് പുറത്തേക്ക് ഒഴുകുന്ന അവസ്ഥയുണ്ട്. ഇത്തരം വിവേ ചനം മൂലം രാജ്യാന്തര മാർക്കറ്റിലെ മൂലധന ത്തിന്റെ ഒഴുക്കിൽ സമതുലിതാവസ്ഥ സംജാ തമാകുന്നില്ല. ഇത് ബഹുരാഷ്ട്ര കമ്പനി കൾക്ക് കൂടുതൽ അവസരം നൽകുകയാണ് ചെയ്യുന്നത്.

ചൈന, കിഴക്കനേഷ്യൻ രാജ്യങ്ങൾ എന്നിവ യുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയി ലേക്കുള്ള നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ് ഡി ഐ) കൂടുതലാണെന്ന് കാണാം. എന്നാൽ ഇന്ത്യയ്ക്ക് മുന്നിൽ സാധ്യതക ളുടെ വലിയ ഒരു ലോകം തുറന്ന് കിടപ്പുണ്ട്. ഇന്ത്യയിലെ ഉയർന്ന തോതിലുള്ള സേവിങ്സ് നിരക്കാണ് ഇതിനു നിദാനം. സമ്പദ്ഘടനയിൽ തിരിച്ചുവരവ് പ്രകടമാകു ന്നതോടെ സമ്പാദ്യ പ്രവണത കൂടുതൽ ശക്തമാവുകയും ചെയ്യും. എഫ് ഡി ഐ പ്രാദേശിക സംരംഭകരെ ഇല്ലാതാക്കു ന്നതിനും ഒരു പരിധിവരെ കാരണമാ കാറുണ്ട്. എന്നിരുന്നാലും ഇന്ത്യയിലെ ശക്തരായ വ്യവസായ സംരംഭകർക്ക് വിദേശ മൂലധന മാർക്കറ്റുകളെ പ്രയോജനപ്പെടു ത്താനും കഴിയുന്നുണ്ട്.

'ആവശ്യാനുസരണം ഡോളർ ശേഖരമി ല്ലാതെ ദീർഘകാല വിദേശ വായ്പകളെ ആശ്രയിക്കുന്നത് വലിയ റിസ്കിന് വഴിയൊരുക്കുന്നുണ്ട്. മാത്രവുമല്ല, വിദേശ

മൂലധനത്തിന്റെ ഒഴുക്ക് പ്രാദേശികമായ മൂലധന രൂപീകരണത്തിന്റെ സാധ്യതകളെ കുറയ്ക്കുന്നുമുണ്ട്'അദ്ദേഹം പറഞ്ഞു. അതുകൊണ്ട് രാജ്യവിരുദ്ധം എന്നൊക്കെ വിശേഷിപ്പിക്കാവുന്ന തരത്തിൽ പ്രാദേശിക ബിസിനസ് സാധ്യതകളെ വിദേശ മൂലധനത്തിന്റെ ആധിക്യം കുറയ്ക്കുന്നു എന്നതും ഒരു പ്രധാന പ്രശ്നമാണ്. ഇന്ത്യയിലേക്ക് ഒഴുകിയ എഫ് ഡി ഐ യുടെ അധിക പങ്കും നിക്ഷേപിച്ചിരിക്കുന്നത് നിലവിലുണ്ടായിരുന്ന സംരംഭങ്ങളിലാണെന്ന് കാണാം. ഇത് ഉല്പാദന ശേഷി പുതിയതായി സൃഷ്ടിക്കുന്നില്ലെന്ന് മാത്രവുമല്ല, തൊഴിൽ അവസരങ്ങളും കാര്യമായി ഉണ്ടാക്കുന്നില്ല. വിനിമയ നിരക്കുകളിൽ പ്രകടമാകുന്ന അനിശ്ചിതത്വത്തിൽ നിന്ന് രക്ഷനേടുന്നതിനുള്ള വ്യക്തമായ തന്ത്രത്തിന്റെ അഭാവത്തിൽ വിദേശ കറൻസികളിൽ വായ്പയെടുക്കുന്നത് ഒരു മികച്ച ആശയമായി വിലയിരുത്താൻ കഴിയില്ല. അതുകൊണ്ട് മസാല ബോണ്ട് പോലുള്ള കാര്യങ്ങൾ വഴി പ്രാദേശിക ഭരണകൂടങ്ങൾ വായ്പയെടുക്കുന്നത് സ്വാഗതാർഹമായ നീക്കമാണ്. കാരണം, അവിടെ വിനിമയ നിരക്കിലെ റിസ്കിന്റെ ബാധ്യത വാങ്ങുന്നവർക്കാണെന്ന് അദ്ദേഹം പറഞ്ഞു.

**പ്രൊഫസർ പുളിൻ നായക്**

സാമ്പത്തികമായ ശാക്തീകരണം കൂടാതെ രാഷ്ട്രീയപരമായ നാനാത്വത്തിന് കാര്യമായ അർത്ഥമില്ലെന്ന് ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിന്റെ മുൻ ഡയറക്ടർ പ്രൊഫസർ പുളിൻ നായക് പറഞ്ഞു. അത്തരത്തിൽ വീക്ഷിക്കുമ്പോൾ മൂന്ന് തലത്തിലുള്ള -കേന്ദ്രം, സംസ്ഥാനങ്ങൾ, പ്രാദേശിക സർക്കാരുകൾ- വിഭവ വികേന്ദ്രീകരണം ഏറെ നിർണ്ണായകമാണ്. എന്നാൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഇന്ത്യയിൽ ഇപ്പോൾ ഇതിനു നേർവിപരീതമായി സാമ്പത്തിക വിഭവങ്ങളുടെ കേന്ദ്രീകരണമാണ് കണ്ടുവരുന്നത്.

സംസ്ഥാന വാണിജ്യ നികുതികൾ പ്രാദേശിക തലത്തിലെ വിഭവസമാഹരണത്തിനുള്ള ഒരു തനത് മാർഗമായിരുന്നു. എന്നാൽ 'ഒരു രാജ്യം, ഒറ്റ വിപണി എന്ന മുദ്രാവാക്യം' അന്വർത്ഥമായതോടെ സംസ്ഥാനങ്ങൾ അതുവരെ അനുഭവിച്ചു പോന്ന ഈ സൗകര്യം അവർക്ക് നഷ്ടമാവുകയായിരുന്നു. സംസ്ഥാനങ്ങളും കേന്ദ്രവും പ്രകടമാക്കുന്ന അവധാനതയോടെയുള്ള സമീപനമാണ് ഏക നികുതി സമ്പ്രദായത്തിന്റെ വിജയത്തിന് ആധാരം. രാജ്യത്തിന്റെ വൈപുല്യവും വൈവിധ്യവും കേന്ദ്രം വളരെ സൂക്ഷ്മതയോടെ കണക്കിലെടുക്കണം. എന്നാൽ അത് കാണുന്നില്ല എന്നതാണ് ദൗർഭാഗ്യകരമായ കാര്യമെന്ന് പുളിൻ നായക് പറഞ്ഞു. പങ്കുവയ്ക്കൽ, വിതരണം, സ്ഥിരത എന്നീ മൂന്ന് ഘടകങ്ങൾ കേന്ദ്ര-സംസ്ഥാന ബന്ധത്തിൽ നിർണ്ണായകമാണ്. എന്നാൽ വിഭവങ്ങളുടെ വിതരണകാര്യത്തിൽ ഇന്ത്യയുടെ പ്രകടനം ഏറെ പിന്നിലാണ്. 'ഒരു രാജ്യം, പല വിപണി' എന്ന ആശയത്തിൽ തെറ്റായി ഒന്നുമില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സാമ്പത്തിക സുസ്ഥിരത പുലർത്തുക എന്നത് കേന്ദ്രത്തിന്റെ മുഖ്യ ചുമതലയിൽ വരുന്ന കാര്യമാണ്. കാരണം ഇത് പല രീതിയിൽ സംസ്ഥാനങ്ങളെ സ്വാധീനിക്കുന്നു. ആരോഗ്യ മേഖലയെടുത്താൽ ജി ഡി പിയുടെ 1.2 ശതമാനം മാത്രമാണ് സർക്കാർ ചെലവ്. ഇത് ലോകത്ത് തന്നെ ഏറ്റവും കുറഞ്ഞ ഒന്നാണ്. ചൈന 2.9 ശതമാനവും പശ്ചിമ യൂറോപ്യൻ രാജ്യങ്ങൾ എട്ട് മുതൽ 10 ശതമാനം വരെയും ചെലവാക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ സർക്കാർ ചെലവുകൾ ഉയർത്തേണ്ടിയിരിക്കുന്നു. ഇന്ത്യയെ പോലെ ഒരു രാജ്യത്ത് ചികിത്സ രംഗത്ത് ഇൻഷുറൻസ് അടിസ്ഥാനമാക്കുന്നത് ഏറെ വിപത്കരമായിരിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

### പ്രൊഫസർ സി. പി ചന്ദ്രശേഖർ

വികസനം, ചെലവഴിക്കൽ എന്നീ രംഗങ്ങളിൽ കൂടുതൽ ഉത്തരവാദിത്വം സംസ്ഥാനങ്ങൾക്കാണെന്ന തരത്തിലുള്ള അഭിപ്രായ രൂപീകരണം ഇപ്പോഴുണ്ടെന്ന് ജവഹർലാൽ നെഹ്റു സർവകലാശാലയിലെ പ്രൊഫസർ സി. പി ചന്ദ്രശേഖർ പറഞ്ഞു. എന്നാൽ ധനകാര്യ കമ്മീഷൻ, ഭരണഘടന തുടങ്ങിയ സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും വിഭവങ്ങളുടെ കേന്ദ്രീകരണ പ്രവണത ഇന്ത്യയിൽ ശക്തമായി കാണാൻ കഴിയും. ഇത് സംസ്ഥാനങ്ങളുടെ വിഭവ സമാഹരണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ടാക്സ് – ജി ഡി പി അനുപാതം കാര്യമായി കുറയ്ക്കുന്ന തരത്തിലുള്ള ഒരു സംവിധാനത്തിലേക്കാണ് ഇന്ത്യ കടന്നിരിക്കുന്നത്. സംസ്ഥാനങ്ങൾക്ക് വിപണികളെ എങ്ങനെ ചൂഷണം ചെയ്യാൻ കഴിയും എന്നതിന് ബദലായി നമ്മുടെ ചർച്ചകൾ ഫിസ്കൽ റെസ്പോൺസിബിലിറ്റി, ബജറ്റ് മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ചായി മാറി. സംസ്ഥാനങ്ങൾ ആഗോള വിപണികളെ കൂടുതലായി ആശ്രയിക്കുക എന്ന ആശയമാണ് നവ ലിബറലിസം മുന്നോട്ട് വയ്ക്കുന്നത്. എന്നാൽ സ്വകാര്യ മേഖലക്ക് ഇക്കാര്യത്തിൽ സർവതന്ത്ര സ്വാതന്ത്ര്യവും നൽകുകയും ചെയ്യുന്നു.

കോവിഡ് മൂലമുണ്ടായ പ്രതിസന്ധി ഒരു ക്ലാസിക് ഉദാഹരണമാണ്. ഇത് സംസ്ഥാനങ്ങളുടെ ഏതെങ്കിലും തരത്തിലുള്ള വീഴ്ച കൊണ്ടുണ്ടായ ഒന്നല്ല. ജി എസ് ടിയുടെ കാര്യത്തിൽ കേന്ദ്രം നൽകിയ ഉറപ്പുകൾ ഇത്തരമൊരു ഘട്ടത്തിൽ പാലിക്കേണ്ടത് അടിസ്ഥാനപരമായ കാര്യമാണ്. ജി എസ് ടി വരുമാനത്തിൽ ഉണ്ടായ ഇടിവ് ഒരു ദേശീയ പ്രശ്നമായി കാണണം. സർക്കാർ ഒരു വിചിത്ര ന്യായമാണ് ഇവിടെ മുന്നോട്ട് വയ്ക്കുന്നത്. സർക്കാർ പറയുന്നത്, കോവിഡ് ദൈവത്തിന്റെ പ്രവർത്തിയാണ് എന്നാണ്. അതുകൊണ്ട് തങ്ങൾ ഇതിനു നഷ്ടപരിഹാരം ചെയ്യേണ്ടതില്ല എന്നാണ് പറയുന്നത്. ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ കഴിയില്ലെന്നാണ് വാദം. അങ്ങനെയെങ്കിൽ അന്താരാഷ്ട്ര വിപണികളെ പ്രയോജനപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് കൂടുതൽ ഇളവുകൾ അനുവദിക്കുകയാണ് ചെയ്യേണ്ടതെന്ന് അദ്ദേഹം വ്യക്തമാക്കി.

സംസ്ഥാനങ്ങൾ ഗുരുതരമായ സാമ്പത്തിക കെണിയിലാണ്. കേന്ദ്രമാണ് അവരുടെ വരുമാനത്തിൽ സംഭവിച്ച കുറവുകൾ പരിഹരിച്ച് കൊടുക്കേണ്ടത്. എന്നാൽ അതിനു ബദലായി കേന്ദ്രം നവ ലിബറൽ നയങ്ങളെയും വിഭവങ്ങളുടെ കേന്ദ്രീകരണത്തെയും പ്രോത്സാഹിപ്പിക്കുന്നു എന്ന് മാത്രമല്ല, പ്രതിസന്ധി ഘട്ടത്തിൽ പോലും അവരുടെ ഉത്തരവാദിത്വങ്ങൾ കയ്യൊഴിയുകയും ചെയ്യുകയാണ്. 'ഇവിടെ സംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യത്തെ സംബന്ധിച്ച പുതിയ ചർച്ചകൾ സംഗതമാവുകയാണ്. ജി എസ് ടിയുടെ കാര്യത്തിൽ ഒരു പുനർവിചിന്തനവും ഈ ഘട്ടത്തിൽ പ്രസക്തമാണ്', അദ്ദേഹം പറഞ്ഞു.

### പ്രൊഫസർ ഡി. നാരായണ

കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് സ്വതന്ത്രമായ ഒരു സംവിധാനം രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലൂന്നിയാണ് ഗിഫ്റ്റിന്റെ മുൻ ഡയറക്ടർ പ്രൊഫസർ ഡി. നാരായണ വെബിനാറിൽ സംസാരിച്ചത്. ഇത്തരമൊരു സംവിധാനം ഫൈനാൻസിംഗ് അടക്കമുള്ള കാര്യങ്ങളിലെ സംസ്ഥാന സർക്കാരുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമാണ്. അന്തർ സംസ്ഥാന ധനകാര്യ കൗൺസിൽ എന്ന ഒരു ആശയം നേരത്തെ മുന്നോട്ട് വച്ചിരുന്നു. എന്നാൽ അത് പിറവിയെടുത്തില്ല. കൂടുതൽ വിഭവ സമാഹരണത്തിന് സംസ്ഥാനങ്ങളെ സഹാ

യിക്കുന്നതിന് പകരം അവർക്ക് മുന്നിൽ കൂടുതൽ കടമ്പകൾ സൃഷ്ടിക്കുകയാണ് കേന്ദ്രം ചെയ്തു വരുന്നത്. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും ഉത്തരവാദിത്വ പൂർണ്ണമായ കടമെടുപ്പ് എന്ന ആശയത്തോട് യോജിക്കുന്നവരാണ്. അവയുടെ ധനകാര്യ മാനേജ്മെന്റ് തൃപ്തികരവുമാണെന്ന് കാണാൻ കഴിയും. മിക്കവാറും സംസ്ഥാനങ്ങളുടെ കാര്യത്തിലും ധനകമ്മി ജി ഡി പിയുടെ മൂന്ന് ശതമാനത്തിന് അപ്പുറം പോയിട്ടില്ല.

വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുക എന്നതാണ് സംസ്ഥാനങ്ങൾ ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളി. സംസ്ഥാനങ്ങളുടെ കുതിച്ചുയരുന്ന മൂലധന ച്ചെലവുകൾ ധനകമ്മിഷനുകൾ കാര്യമായി പരിഗണിക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്. ഇത്തരമൊരു അവസ്ഥയിൽ പരോക്ഷ നികുതി വരുമാനത്തിന്റെ സിംഹഭാഗവും കേന്ദ്രത്തിന്റെ കൈകളിലായിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ധനകാര്യ മാർക്കറ്റിൽ ശക്തമായി ഇടപെടാൻ സംസ്ഥാനങ്ങൾക്ക് കേന്ദ്രം അനുമതി നൽകണം.കേന്ദ്രം അതിനാവശ്യമായ സഹകരണം നൽകുകയുമാണ് വേണ്ടതെന്ന് ഡി നാരായണ പറഞ്ഞു. കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ടിനെതിരായി ഭരണഘടനാ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നിലപാടുകൾ തികച്ചും ദൗർഭാഗ്യകരമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

### പ്രൊഫസർ പ്രഭാത് പട്നായിക്

വെബിനാർ സീരീസിന്റെ രണ്ടാം സെഷനിൽ പ്രൊഫസർ പ്രഭാത് പട്നായിക് അധ്യക്ഷത വഹിച്ചു. ഇന്ത്യയുടെ ഫിസ്കൽ ഫെഡറലിസത്തിലെ നിർണ്ണായകമായ ഒരു വഴിത്തിരിവായിരുന്നു ജി എസ് ടി നടപ്പാക്കലെന്ന് ജെ എൻ യുവിലെ എമിറേറ്റ്സ് പ്രൊഫസറും ഗിഫ്റ്റിന്റെ ഓണററി പ്രൊഫസറുമായ അദ്ദേഹം പറഞ്ഞു. ഭരണഘടന, സംസ്ഥാനങ്ങൾക്ക് അനുവദിച്ച അവകാശങ്ങൾ പൂർണ്ണമായും കേന്ദ്രത്തിന് തീറെഴുതി നൽകിയ ഒരു നടപടിയായിരുന്നു ഇത്. വിഭവങ്ങൾ പങ്കുവയ്ക്കൽ അടക്കമുള്ള വിഷയങ്ങളിൽ കേന്ദ്രം പലപ്പോഴും ഏകപക്ഷീയമായാണ് തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. ഇത് തികച്ചും നിർഭാഗ്യകരമാണ്. ധനകാര്യ കമ്മീഷനുകളുടെ പരിഗണന വിഷയങ്ങൾ രൂപീകരിക്കുന്ന കാര്യത്തിൽ പോലും ഇത് കാണാൻ കഴിയും. ഇത്തരം കാര്യങ്ങൾ വരുമ്പോൾ സംസ്ഥാനങ്ങളുടെ വാക്കുകൾക്ക് കാര്യമായ ഒരു പരിഗണനയും ഉണ്ടാകുന്നില്ല. അതുകൊണ്ട് സംസ്ഥാനങ്ങളുടെ റവന്യൂ വരുമാനം ഉയർത്തുന്നതടക്കമുള്ള വിഷയങ്ങളിൽ വളരെ വിപുലമായ ചർച്ചകൾ ആവശ്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സംസ്ഥാനങ്ങളുടെ വരുമാനം ഉയർത്തുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു നിർദേശമാണ്. കാരണം സംസ്ഥാനങ്ങളുടെ ധനകാര്യ സുസ്ഥിരത തന്നെ അപകടത്തിലാവുന്ന വിധത്തിൽ വരുമാനത്തിലെ ഇടിവ് പ്രതികൂലമായി ഭവിക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

### പ്രൊഫസർ ജയതി ഘോഷ്

ഇന്ത്യ ഒരു ഫെഡറൽ രാജ്യം അല്ലാതായി മാറിക്കഴിഞ്ഞിരിക്കുന്നുവെന്നാണ് പ്രൊഫസർ ജയതി ഘോഷ് അഭിപ്രായപ്പെട്ടത്. വിഭവങ്ങളുടെ കേന്ദ്രീകരണം കൂടുതൽ കരുത്താർജിക്കുമ്പോൾ, ഉത്തരവാദിത്വങ്ങളുടെ കൂമ്പാരമാണ് സംസ്ഥാനങ്ങളുടെ തലയിൽ വരുന്നതെന്ന് ജെ എൻ യുവിലെ പ്രൊഫസറായ അവർ പറഞ്ഞു. ഇത് അസന്തുലിതമായ ഫെഡറലിസത്തിന്റെ കൃത്യമായ ഉദാഹരണമാണ്. ജി എസ് ടി സമ്പ്രദായവുമായി ഇനിയും മുന്നോട്ട് പോകാൻ കഴിയില്ലെന്ന് സംസ്ഥാനങ്ങൾ കേന്ദ്രത്തോട് തുറന്ന് പറയണം. ഇത്തരമൊരു സംവിധാനവുമായി വെറുതെയങ്ങ് യോജിച്ചു പോകാൻ കഴിയില്ലെന്ന് വ്യക്തമാക്കണം. ഫെഡറലിസമെന്നാൽ ഏകതാനമായ ഒന്നല്ല. അത് രണ്ടു ഭാഗങ്ങളെയും കേൾക്കുന്നതാകണം. കേന്ദ്രം

പറയുന്നത് സംസ്ഥാനങ്ങൾ അനുസരിക്കണം എന്ന് പറയുന്നത് ഫെഡറലിസമല്ല. ഇന്ത്യ ഒരു സാമ്പത്തിക മാന്ദ്യത്തിന്റെ നടുമുറിയിലാണ്. കോവിഡ് മഹാമാരി പ്രതിസന്ധിക്ക് ആക്കവും തൂക്കവും വർധിപ്പിച്ചിരിക്കുന്നു. എന്നാൽ ഈ സാഹചര്യത്തിൽ പോലും ഇന്ത്യക്ക് കൃത്യമായ ഒരു നഷ്ടപരിഹാര സംവിധാനമില്ല.

സമ്പദ്‌വ്യവസ്ഥയെ കരകയറ്റുന്നതിന് കേന്ദ്രം ഡിമാൻഡ് ത്വരിതപ്പെടുത്തുന്ന തരത്തിലുള്ള നയസമീപനങ്ങൾ സ്വീകരിക്കണം. സി ആൻഡ് എ ജി റിപ്പോർട്ട് പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാരിന്റെ മൊത്തം ചെലവിൽ ഉണ്ടായ വർധന കേവലം 6549 കോടി രൂപ മാത്രമാണ്. കഴിഞ്ഞ വർഷം ഇതേ കാലയളവുമായി താരതമ്യപ്പെടുത്തുമ്പോൾ 0.4 ശതമാനത്തിന്റെ വളർച്ച മാത്രം. ചെലവുകൾ പലമടങ്ങ് വർധിച്ചപ്പോൾ കേന്ദ്രം ഇക്കാലയളവിൽ സംസ്ഥാനങ്ങൾക്ക് അധികമായി വിതരണം ചെയ്തത് 1968 കോടി രൂപ മാത്രമാണ്. വർധന 1.9 ശതമാനം മാത്രം. എത്ര കുറച്ചാണോ നമ്മൾ ചെലവഴിക്കുന്നത് അത്രയും കുറച്ച് സാമ്പത്തിക പ്രവർത്തനമേ സമ്പദ്ഘടനയിൽ ഉണ്ടാകൂ. അതുകൊണ്ട് കേന്ദ്ര സർക്കാരിന്റെ സമീപനങ്ങളിൽ അടിയന്തിരമായി മാറ്റം ഉണ്ടാകേണ്ടതുണ്ട് – ജയതി ഘോഷ് പറഞ്ഞു.

**പ്രൊഫസർ പാർത്ഥ മുഖോപാധ്യായ**

നിലവിലെ പ്രതികൂലാവസ്ഥ തരണം ചെയ്യുന്നതിന് സംസ്ഥാനങ്ങൾക്ക് കൃത്യമായി എന്തൊക്കെ ചെയ്യാൻ കഴിയും എന്നതാണ് മുഖ്യചർച്ചാ വിഷയമാകേണ്ടതെന്ന് സെന്റർ ഫോർ പോളിസി റിസേർച്ചിലെ പ്രൊഫസർ പാർത്ഥ മുഖോപാധ്യായ അഭിപ്രായപ്പെട്ടു. വിഭവങ്ങളുടെ നിയന്ത്രണം വലിയൊരളവോളം കേന്ദ്രത്തിൽ നിക്ഷിപ്തമായതോടെ സംസ്ഥാനങ്ങൾ ദുഷ്കരമായ അവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്. എന്നാൽ സമ്പദ്ഘടനയുടെ പുനരുജ്ജീവനം സംസ്ഥാന സർക്കാരുകളുടെ ചുമതലയായി മാറുകയും ചെയ്തിരിക്കുന്നു. ഇത്തരമൊരു ഘട്ടത്തിൽ കടം വാങ്ങി ചെലവഴിക്കുക എന്ന സമീപനത്തിൽ നിയന്ത്രണം ആവശ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സേവനങ്ങൾക്കുള്ള ഫീസുകൾ സംസ്ഥാനങ്ങൾക്ക് വർധിപ്പിക്കാൻ കഴിയും. സമ്പന്നരിൽ നിന്ന് സേവനങ്ങൾക്ക് കൂടുതൽ ഫീസ് ഈടാക്കാൻ കഴിയണം. വസ്തുവകകളുടെ ക്രയവിക്രയം നികുതി വരുമാനത്തിലെ ഒരു പ്രധാന മേഖലയാണ്. കാരണം, ഇവിടെ നികുതി ഒഴിവാക്കൽ സർവസാധാരണമായി മാറിയിരിക്കുകയാണ്. അതിന് തടയിടാൻ കഴിയണം.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അവാർഡ് അടുത്ത ഫെബ്രുവരി മാസത്തിൽ പ്രതീക്ഷിക്കുകയാണ്. സംസ്ഥാനങ്ങളുടെ അടുത്ത ബജറ്റിൽ കാര്യമായ നടപടികൾ ഉണ്ടാകുമെന്നും കരുതാവുന്നതാണ്. കേന്ദ്രവും സംസ്ഥാനങ്ങളും വരുമാന നഷ്ടം നികത്തുന്നതിന് ഇന്ധന നികുതിയെ പരമാവധി പ്രയോജനപ്പെടുത്തുകയാണെന്നും അദ്ദേഹം പറഞ്ഞു.

**പ്രൊഫസർ കെ. ഗായിത്രി**

ചെലവുകൾ ക്രമീകരിക്കുക എന്ന തലത്തിന് ഊന്നൽ നൽകിയാണ് ബംഗളൂരു ഐ എസ് ഇ സിയിലെ പ്രൊഫസറായ കെ.ഗായിത്രി വെബിനാറിൽ തന്റെ അഭിപ്രായങ്ങൾ പങ്കുവച്ചത്. കോവിഡ് മഹാമാരിയുടെ ഘട്ടം കടന്നതിന് ശേഷം ചെലവുകൾ എങ്ങനെ ചുരുക്കാം എന്ന കാര്യത്തിൽ ചർച്ചകൾ ഉയർന്നു വരേണ്ടതുണ്ട്. മിക്കവാറും സംസ്ഥാനങ്ങളുടെ റവന്യു ചെലവുകൾ കുത്തനെ ഉയരുന്ന സാഹചര്യത്തിലാണ് ഇത് അനിവാര്യമാകുന്നത്. വരുമാനം ഉയർത്തുന്നതിന്റെ പ്രാധാന്യം വളരെ ഉയർന്നത് തന്നെയാണ്. എന്നാൽ

ചെലവഴിക്കലിന്റെ കാര്യത്തിൽ ഗുരുതരമായ അനാസ്ഥ പ്രകടമാണ്. പ്രത്യേകിച്ച് മൂലധന ചെലവുകളുടെ കാര്യത്തിൽ. കടമെടുത്താണ് ഇതിനായി പണം കണ്ടെത്തുന്നത് എന്ന കാര്യം ഇതിന്റെ പ്രസക്തി വർധിപ്പിക്കുന്നുണ്ടെന്ന് അവർ പറഞ്ഞു. അതുകൊണ്ട് ചെലവഴിക്കലിന്റെ കാര്യത്തിൽ നിയതമായ നിയന്ത്രണം ഉണ്ടാകണം. കടം വാങ്ങിയ ഫണ്ടുകൾ മൂലധന ആവശ്യങ്ങൾക്കായി മാത്രം ചെലവഴിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ഉപയുക്തത പരമാവധി പ്രയോജനപ്പെടുത്തുക എന്നതും പരമ പ്രധാനമാണ്.

റവന്യൂ ചെലവുകൾ ഈയിടെയായി കുത്തനെ ഉയരുന്ന അനുഭവമുണ്ട്. ഇത് പലപ്പോഴും അനിയന്ത്രിതമാവുകയാണ്. എന്നാൽ റവന്യു വരുമാന രംഗത്ത് ഒരു തരത്തിലുള്ള നികുതി മാർഗവും ഇപ്പോൾ പ്രയോജനപ്പെടുത്താനും കഴിയില്ല. നികുതിയേതര വരുമാന മാർഗങ്ങളെ ഇടയ്ക്കിടെ അവലോകനം ചെയ്യുകയും ഫീസുകൾ അടിസ്ഥാനമാക്കിയുള്ള വരുമാന മാർഗ്ഗങ്ങൾ ഉയർത്തുകയും വേണം. റവന്യു വരുമാനം ഉയർത്തുക ഇപ്പോഴത്തെ സാഹചര്യത്തിൽ ശ്രമകരമായതിനാൽ റവന്യു ചെലവുകളുടെ കാര്യത്തിൽ അതീവ കൃത്യത കൈവരിക്കണമെന്ന് അവർ അഭിപ്രായപ്പെട്ടു.

**പ്രൊഫസർ എ. ദാമോദരൻ**

കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ അന്താരാഷ്ട്ര മൂലധന വിപണിയിൽ മാറ്റങ്ങൾ പ്രകടമാണ്. മാർക്കറ്റുകൾ കടുത്ത ലിക്വിഡിറ്റി പ്രതിസന്ധി നേരിടുകയും ചെയ്യുന്നു. അതുകൊണ്ട് രാജ്യാന്തര വിപണിയെ ആശ്രയിക്കുന്നത് ഈയൊരവസ്ഥയിൽ കരണീയമായ കാര്യമല്ലെന്ന് ബംഗളുരു ഐ ഐ എമ്മിലെ പ്രൊഫസർ ദാമോദരൻ പറഞ്ഞു. ഡോളർ അടിസ്ഥാനമാക്കി വായ്പായെടുക്കുന്നത് കൂടുതൽ കരുതലോടെ വേണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇവിടെ ഒരു പ്രധാനപ്പെട്ട ചോദ്യം ഉയരുന്നുണ്ട്. എഫ് ഡി ഐ ആണോ വായ്പയാണോ കൂടുതൽ നല്ലത് എന്നതാണ് ആ ചോദ്യം. വായ്പയെടുക്കുന്നതാണ് കൂടുതൽ അഭികാമ്യമായത്. കാരണം എഫ് ഡി ഐ പ്രാദേശിക മാർക്കറ്റുകളെ പല വിധത്തിൽ നേരിട്ട് ബാധിക്കുന്ന ഒന്നാണ്. വിദേശത്ത് നിന്ന് സംസ്ഥാനങ്ങൾ വായ്പയെടുക്കുന്നതിന് കടുത്ത നിയന്ത്രണങ്ങളുള്ള സാഹചര്യത്തിൽ പ്രത്യേക വഴികൾ തേടാൻ തയാറാകണം. കാലാവസ്ഥ ബോണ്ടുകൾ പോലുള്ള ഇൻസ്ട്രമെന്റുകൾ കൂടുതൽ മെച്ചപ്പെട്ട സാധ്യതകൾ നൽകുന്നവയാണ്. ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളുടെ വികസനത്തിനായി പ്രത്യേക കാലാവസ്ഥ ബോണ്ടുകൾ കേരളത്തിന് ഇറക്കാവുന്നതാണ്. ഇത്തരം ബോണ്ടുകൾക്ക് പലിശ നിരക്കുകൾ കുറവാണ് എന്നത് നേട്ടമാക്കാൻ കഴിയുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

**പ്രൊഫസർ ലഖ്വീന്ദർ സിങ് ഗിൽ**

അധികാരങ്ങളുടെ കേന്ദ്രീകരണം പുതിയ കാലഘട്ടത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണെന്ന് പഞ്ചാബി യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ലഖ്വീന്ദർ സിങ് ഗിൽ അഭിപ്രായപ്പെട്ടു. ദൗർഭാഗ്യവശാൽ രാഷ്ട്രീയ പാർട്ടികൾക്ക് ഇക്കാര്യത്തിൽ ശക്തമായി പ്രതികരിക്കാൻ കഴിയുന്നില്ലെന്ന് മാത്രമല്ല, ഒരു പരിധി വരെ ഇതിന് വിധേയപ്പെടുകയും ചെയ്യുന്നു എന്നതാണ് ദൗർഭാഗ്യകരം. വികേന്ദ്രീകരണം എന്ന ആശയത്തെ പ്രാദേശിക പാർട്ടികൾ പോലും കാര്യമായെടുക്കുന്നില്ല എന്നതാണ് വസ്തുത. അധികാര കേന്ദ്രീകരണത്തിലേക്ക് നയിച്ച രാഷ്ട്രീയ മാറ്റം ചരിത്രപരമായി ഉരുത്തിരിഞ്ഞതാണെന്ന് കാണാം. അതുകൊണ്ട് ഇപ്പോഴത്തെ സാമ്പത്തിക മാന്ദ്യത്തിന്റെ പാശ്ചാത്തല

ത്തിൽ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ ഒരു അഴിച്ചുപണി ആവശ്യമാണെന്ന് പ്രൊഫസർ ഗിൽ ചൂണ്ടിക്കാട്ടുന്നു. സംസ്ഥാനങ്ങളുടെ ഐക്യനിര ഇക്കാര്യത്തിൽ വളരെ പ്രധാനവുമാണ്.

കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിലെയും വിഭവ വികേന്ദ്രീകരണത്തെയും സമാഹരണ ത്തെയും കുറിച്ചുള്ള ഗൗരവതരമായ ആശയ ങ്ങളുടെ പങ്കുവയ്ക്കലിന്റെ വേദിയായി മാറിയ വെബിനാർ സമാപ്തീകരിച്ചുകൊണ്ട് പ്രൊഫസർ പ്രഭാത് പട്നായിക് സംസാരിച്ചു. അധികാരങ്ങൾ അമിതമായി കേന്ദ്ര സർക്കാ രിൽ കേന്ദ്രീകരിക്കപ്പെടുന്നതിന് എതിരായി സംസ്ഥാനങ്ങൾ രംഗത്ത് വരണമെന്ന് അദ്ദേഹം പറഞ്ഞു. ഇത് ഇന്നിന്റെ ആവശ്യം കൂടിയാണ്. 'ഇത്തരമൊരു പ്രതിസന്ധി ഘട്ടത്തിൽ ധനകമ്മി ഉയർത്തേണ്ടതുണ്ട്. ജി ഡി പി അടക്കമുള്ള പല ഘടകങ്ങളിലും ഇന്ത്യൻ സമ്പദ്ഘടനയുടെ സമീപകാല പ്രകടനം നിറം കെട്ടതാണ്. ഈ തകർച്ച തടയുന്നതിന് വിപണികളിൽ ഡിമാൻഡ് ത്വരിതപ്പെടുത്തേണ്ടതുണ്ട്. അത് സർക്കാർ തലത്തിലായാലും സ്വകാര്യ മേഖലയിലാ യാലും വേണ്ടതാണ്'- അദ്ദേഹം പറഞ്ഞു. ചില ഉറപ്പുകളുടെ അടിസ്ഥാനത്തിലാണ് ജി എസ് ടി സമ്പ്രദായത്തിലേക്ക് മാറാൻ സംസ്ഥാന സർക്കാരുകൾ തയാറായത്. എന്നാൽ ആ ഉറപ്പുകൾ പാലിക്കുന്നതിൽ നിന്ന് കേന്ദ്രസർക്കാർ പിന്നോക്കം പോയെന്ന് പറയാൻ സംസ്ഥാനങ്ങൾ ഒട്ടും വീഴ്ച വരുത്തരുത്. ജി എസ് ടി പിൻവലി ക്കുക എന്നത് വ്യത്യസ്തമായ ഒരു വിഷയമാണ്. എന്നാൽ നഷ്ടപരിഹാരത്തിന്റെ കാര്യ ത്തിലും വിഭവങ്ങളുടെ വികേന്ദ്രീകൃത വിതരണത്തിന് വേണ്ടിയും സംസ്ഥാനങ്ങൾ ഒരുമിച്ച് നിന്ന് പോരാടുക തന്നെ വേണമെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

■

(*കേരള ഇക്കോണമി*യുടെ കൺസൾട്ടിംഗ് എഡി റ്ററാണ് ലേഖകൻ)

GIFT GULATI INSTITUTE OF FINANCE AND TAXATION

# കടമെടുപ്പും വികസനവും : സാമാന്യ യുക്തിക്കപ്പുറമുള്ള ചില കാഴ്ചപ്പാടുകൾ

കെ ജെ ജോസഫ്, അനൂപ് എസ് കുമാർ

ഇന്ത്യയിൽ ഉരുത്തിരിഞ്ഞു വരുന്ന സാമ്പത്തിക രംഗത്തെ ഫെഡറൽ സംവിധാനം സംസ്ഥാനങ്ങളെ വല്ലാത്ത സമ്മർദത്തിന് അടിപ്പെടുത്തുന്നുണ്ട് എന്ന ചിന്ത ഇപ്പോൾ സജീവമാണ്. ഇത്തരത്തിൽ ഒരു അഭിപ്രായരൂപീകരണം സാവധാനത്തിലാണെങ്കിലും ഉണ്ടാകുന്നുണ്ട്. 2003ൽ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബഡ്ജറ്റ് മാനേജ്മെന്റ് നിയമം (എഫ് ആർ ബി എം ആക്റ്റ്) നിലവിൽ വന്നതോടെ കമ്മി നികത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിന് സംസ്ഥാനങ്ങൾക്ക് മേൽ കടുത്ത നിയന്ത്രണങ്ങളുണ്ട്. സംസ്ഥാനങ്ങളുടെ വികസന അജണ്ട രൂപീകരിക്കുന്ന കാര്യത്തിൽ പോലും ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകൾക്ക് മതിയായ സ്വാതന്ത്ര്യമില്ലെന്ന് കാണാൻ കഴിയും. സംസ്ഥാനങ്ങളുടെ പ്രധാന വരുമാന സ്രോതസ്സുകളിൽ ഒന്നായിരുന്നു വാണിജ്യ നികുതികൾ. എന്നാൽ ജി എസ് ടി നിലവിൽ വന്നതോടെ അത് കയ്യൊഴിയേണ്ടതായി വന്നു. *കേരള ഇക്കോണമി*യുടെ മുൻ ലക്കങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരുന്നതുപോലെ കോവിഡ് പ്രതിസന്ധിയുടെ ഘട്ടത്തിൽ എല്ലാ സംസ്ഥാനങ്ങൾക്കും ജി എസ് ടി വരുമാനത്തിന്റെ കാര്യത്തിൽ വലിയ ഇടിവ് നേരിടേണ്ടതായി വന്നു. ഇതിന്റെ ഫലമായി വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനായി വായ്പയെടുക്കുക എന്നതല്ലാതെയുള്ള പോംവഴികൾ സംസ്ഥാനങ്ങളുടെ മുന്നിൽ പരിമിതമായി.

***ദീർഘകാലാടിസ്ഥാനത്തിലുള്ള വികസനം ലക്ഷ്യമിട്ടുകൊണ്ട് ഇന്ന് വായ്പയെടുത്ത് പദ്ധതികൾ നടപ്പാക്കുകയും പലിശ നല്കികൊണ്ടിരിക്കുകയും ചെയ്യുക എന്നതാണ് കരണീയം. അങ്ങനെ വരുമ്പോൾ ഭാവി തലമുറ പലിശക്ക് പുറമെ പണപ്പെരുപ്പത്തിന്റെ നഷ്ടം കൂടി സഹിക്കേണ്ടി വരുന്നത് ഒഴിവാക്കാൻ കഴിയും.***

മൊത്തം ബാധ്യത ഉയർത്തുന്ന വിധത്തിലുള്ള വായ്പയെടുക്കലും അതുവഴി ഉണ്ടാകുന്ന പ്രത്യാഘാതവും വികസിത , വികസ്വര രാജ്യങ്ങളിലെ വിദഗ്ധരുടെ ആഴത്തിലുള്ള വിശകലനത്തിന് വിധേയമായ ഒരു വിഷയമാണ് . ഒരു പരിധിക്കപ്പുറം പൊതുകടങ്ങൾ വർധിക്കുന്നത് വളർച്ചയെ ദോഷകരമായി ബാധിക്കുന്ന ഒന്നാണ്. ഇക്കാര്യത്തിൽ പ്രയോഗികമായ നിരവധി ഉദാഹരണങ്ങൾ നമുക്ക് മുന്നിലുണ്ട്. കടമെടുപ്പിന്റെ സമ്മർദ്ദ പരിധി വിവിധ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമാണ്. റെനോട്ട്, റോഗോഫ് (2010) എന്നീ വിദഗ്ധരുടെ അനുമാനം അനുസരിച്ച് ഡെബ്റ്റ് – ജി ഡി





**Figure 1**. Debt to GDP ratio of the union and state goverments

Source: State Finances: A Study of Budget, 2020-21, RBI.

പി അനുപാതം 90 ശതമാനം വരെയാകാം. എന്നാൽ ഈയിടെ നടന്ന മറ്റൊരു പഠനത്തിൻ പ്രകാരം ഇത് 75 ശതമാനത്തിനും 100 ശതമാനത്തിനും ഇടയ്ക്കാണ് (സാൽമൺ, റൂജി 2020). കേരളത്തിൽ പൊതു കടത്തെ കുറിച്ചുള്ള ചർച്ചകൾ ഇന്ന് സജീവമാണ്. ഇത്തരം ചർച്ചകൾ അഭികാമ്യമാണെങ്കിലും ഇതിൽ മിക്കതും ഗൗരവമാർന്ന ഉൾകാഴ്ചയോടെയുള്ളതല്ല എന്നതാണ് പ്രശ്നം. കേരളത്തിന്റെ മൊത്തം കടബാധ്യത ഓരോ അഞ്ചു വർഷം കൂടുമ്പോഴും ഇരട്ടിയാകുന്നുവെന്ന വിമർശനം ശക്തമാണ്. സംസ്ഥാനത്തിന്റെ ആളോഹരി കടം ഏതാണ്ട് ഒരു ലക്ഷം രൂപയാണ്. ഇത് സാധാരണക്കാരന്റെ ആശങ്ക ഉയർത്തുന്നു എന്നത് വാസ്തവമാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഈ പ്രത്യേക വിഷയത്തിന്മേൽ കൂടുതൽ വിദഗ്ധമായ ചർച്ച ഉയർത്തികൊണ്ട് വരിക എന്ന ലക്ഷ്യത്തിലൂന്നിയാണ് ഈ ലേഖനം തയാറാക്കിയിരിക്കുന്നത്.

**പൊതു കടവും സ്വകാര്യ കടവും**

ഭാവിയിലെ വരുമാന സ്രോതസുകളുടെ കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്നതിനാൽ പ്രതിസന്ധിയുടെ ഘട്ടത്തിൽ കൂടുതൽ ബാധ്യതകൾ ഏറ്റെടുക്കാതിരിക്കുക എന്നത് പരമ്പരാഗതമായ ഒരു ചിന്തയാണ്. പ്രതിസന്ധി ഘട്ടങ്ങളിൽ മുണ്ട് മുറുക്കി ഉടുക്കുക എന്നാണ് സാധാരണ പറയാറുള്ളത്. ഇത്തരം സാഹചര്യങ്ങളിൽ കുടുംബച്ചെലവുകൾ, ആളുകൾ വെട്ടികുറക്കുന്നത് പതിവാണ്. സാമാന്യ യുക്തി വച്ച് ചിന്തിക്കുമ്പോൾ സംസ്ഥാന, കേന്ദ്ര സർക്കാരുകളും ഈ നയമാണ് പിന്തുടരേണ്ടത്. എന്നാൽ സൂക്ഷ്മ തലത്തിലെ ശരികൾ പലപ്പോഴും സ്ഥൂല തലത്തിൽ ശരിയായിക്കൊള്ളണമെന്നില്ല.

അതുകൊണ്ട് സാമാന്യ യുക്തിയുടെ അടിസ്ഥാനത്തിലും സൂക്ഷ്മ തലത്തിലെ അനുഭവങ്ങളുടെ പശ്ചാത്തലത്തിലും ലക്ഷ്യഭേദിയായ സാമ്പത്തിക നയങ്ങൾക്ക് രൂപം നല്കാൻ കഴിയില്ല. ചെലവ് ചുരുക്കൽ ഒരു നയമായി സർക്കാരുകൾ സ്വീകരിക്കണമെന്ന് പറയുന്നത് കുടുംബ വീക്ഷണത്തിലുള്ള, യുക്തിഭദ്രമല്ലാത്ത ഒരു ചിന്തയാണെന്നാണ് ഫാർമാർ, സബ്സിക്ക് എന്നീ ചിന്തകർ (2018 ) പറയുന്നത്. സർക്കാർ ഒരിക്കലും ഒരു കുടുംബമല്ല എന്നാണ് അവർ വാദിക്കുന്നത്. കുടുംബങ്ങളിൽ നിന്ന്


***എഫ് ആർ ബി എം നടപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാനങ്ങൾ ഏറെ മുന്നേറിയപ്പോൾ കേന്ദ്രം വളരെ പിന്നിലാണെന്ന് കാണാൻ കഴിയും. 2019 –20 ൽ സംസ്ഥാനങ്ങളുടെ കടം, ജി ഡി പിയുടെ 24.92 ശതമാനമായിരുന്നുവെങ്കിൽ കേന്ദ്രത്തിന്റെ കാര്യത്തിൽ അത് 48.6 ശതമാനമാണ്.***

വ്യത്യസ്തമായി, കടം വാങ്ങുന്നതിനായി താരതമ്യേന റിസ്ക് കുറവായ വിവിധ രീതികൾ സർക്കാരിന് സ്വീകരിക്കാൻ കഴിയും. മാത്രവുമല്ല, സർക്കാരുകൾക്ക് മുന്നിലുള്ള ധനാഗമ മാർഗ്ഗങ്ങൾ കുടുംബ ങ്ങളെ അപേക്ഷിച്ച് വളരെ വിപുലവും വൈവിധ്യമുള്ളതുമാണ്. കുടുംബങ്ങളിൽ നിന്ന് വ്യത്യസ്തമായി മാനവ വിഭവശേഷി വർധിപ്പിക്കുന്ന തരത്തിലുള്ള ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഗവൺമെന്റുകൾ നിക്ഷേപം നടത്തുന്നു. അതുപോലെ ഗാർഹിക കടങ്ങളുടെ കാര്യത്തിൽ പലിശ, കടം നൽകുന്ന ഏജൻസിയുടെ വരുമാന മാർഗമാണ്. പണപ്പെരുപ്പം നിയന്ത്രണ വിധേയമാണെങ്കിൽ ഇതുകൊണ്ടുള്ള ദോഷഫലങ്ങൾ കുറവായിരിക്കും. എന്നാൽ ഗവണ്മെന്റുകളെ സംബന്ധിച്ചിടത്തോളം അങ്ങനെയല്ല കാര്യങ്ങൾ. അവിടെ ദീർഘകാലാടിസ്ഥാനത്തിലുള്ള വികസനം ലക്ഷ്യമിട്ടുകൊണ്ട് ഇന്ന് വായ്പയെടുത്ത് പദ്ധതികൾ നടപ്പാക്കുകയും പലിശ നല്കി കൊണ്ടിരിക്കുകയും ചെയ്യുക എന്നതാണ് കരണീയം. അങ്ങനെ വരുമ്പോൾ ഭാവി തലമുറ പലിശക്ക് പുറമെ പണപ്പെരുപ്പത്തിന്റെ നഷ്ടം കൂടി സഹിക്കേണ്ടി വരുന്നത് ഒഴിവാക്കാൻ കഴിയും.

### കേന്ദ്രവും സംസ്ഥാനങ്ങളും എഫ് ആർ ബി എം നിയമവും

എഫ് ആർ ബി എം നിയമം അനുസരിച്ച് 2024 –25 ഓടെ ഡെബ്റ്റ് – ജി ഡി പി അനുപാതം 40 ശതമാനത്തിലേക്ക് താഴ്ത്തണമെന്നാണ് നിബന്ധന. 2018 –19 ലെ എഫ് ആർ ബി എം അവലോകന സമിതിയാണ് ഇത് മുന്നോട്ട്

**Figure 2.** Debt to GDP ratio of Indian States





Source: State Finances: A Study of Budget, 2020-21, RBI.

***2020 ൽ സംസ്ഥാനത്തിന്റെ ഡെബ്റ്റ് – ജി ഡി പി അനുപാതം 30 . 8 ശതമാനമാണ്. 29 സംസ്ഥാനങ്ങളിൽ പതിനേഴാമതാണ് ഇക്കാര്യത്തിൽ കേരളത്തിന്റെ സ്ഥാനം. ഉത്തർപ്രദേശ്, ആന്ധ്രപ്രദേശ്, പഞ്ചാബ്, രാജസ്ഥാൻ, ഹിമാചൽ പ്രദേശ്, പശ്ചിമ ബംഗാൾ തുടങ്ങിയ 17 സംസ്ഥാനങ്ങളുടെ ഡെബ്റ്റ് – ജി ഡി പി അനുപാതം കേരളത്തേക്കാൾ ഉയർന്നതാണ്.***

വച്ചത്. സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ഇത് 20 ശതമാനമാണ്. സംസ്ഥാനങ്ങളുടെ വികസനത്തിന്റെ സ്ഥിതി പരിശോധിക്കാതെ ഏകതാനമായാണ് ഇത് നിശ്ചയിച്ചരിക്കുന്നത്. ഇതുവരെയുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ പൊതു കടം നിയന്ത്രിക്കുന്നതിൽ എഫ് ആർ ബി എം ഫലപ്രദമാണെന്ന് വിലയിരുത്താൻ കഴിയും. പൊതുവിൽ നോക്കുമ്പോൾ എഫ് ആർ ബി എം നടപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാനങ്ങൾ ഏറെ മുന്നേറിയപ്പോൾ കേന്ദ്രം വളരെ പിന്നിലാണെന്ന് കാണാൻ കഴിയും. 2019 –20 ൽ സംസ്ഥാനങ്ങളുടെ കടം ജി ഡി പിയുടെ 24.92 ശതമാനമായിരുന്നുവെങ്കിൽ കേന്ദ്രത്തിന്റെ കാര്യത്തിൽ അത് 48.6 ശതമാനമാണ്.

**കേരളത്തിന്റെ കടബാധ്യത ഒറ്റ നോട്ടത്തിൽ**

കോവിഡ് ഘട്ടത്തിലെ കേരളത്തിന്റെ ധനകാര്യ മാനേജ്മെന്റ് മാധ്യമ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. മഹാമാരിയെ നിയന്ത്രിക്കുന്ന കാര്യത്തിൽ സംസ്ഥാനം സാർവത്രിക പ്രശംസ പിടിച്ചു പറ്റിയെങ്കിലും ഈ സമയത്ത് നടത്തിയ ക്ഷേമപ്രവർത്തനങ്ങൾ കേരളത്തിന്റെ ധനസ്ഥിതിയെ കുറിച്ച് ആശങ്ക ഉളവാക്കിയിരുന്നു. ഇത്തരം സാമ്പത്തിക ഇടപെടലുകൾ മൂലം കടബാധ്യത പെരുകുകയാണെന്ന വിമർശനം ശക്തമായി ഉയർന്നു. സാധാരണക്കാരന്റെ വീക്ഷണത്തിൽ നോക്കുമ്പോൾ സംസ്ഥാനം കടുത്ത ബാധ്യതയിലാണെന്ന് വിലയിരുത്താൻ കഴിയും. ഇത് ഓരോ അഞ്ചു വർഷം




Source: Kerala State Budget Documents

കൂടുമ്പോഴും ഇരട്ടിക്കുന്നുവെന്ന നിഗമനവുമുണ്ട്. എന്നാൽ ഈ കണക്കുകൾ വലിയൊരളവോളം തെറ്റിദ്ധരിപ്പിക്കുന്നതാണ് എന്നതാണ് യാഥാർഥ്യം. കാരണം, ഇത്തരം ചർച്ചകൾ കേവലം സംഖ്യകളെ മാത്രം ആസ്പദമാക്കിയാണ് എന്നതാണ്. മാറിവരുന്ന സർക്കാരുകളുടെ കാലഘട്ടത്തിലെ കടബാധ്യതയുടെ യഥാർത്ഥ കണക്കുകളാണ് അവലോകനം ചെയ്യപ്പെടേണ്ടത് (ഫിഗർ - 3 കാണുക). എഫ് ആർ ബി എം നിലവിൽ വന്നതിനു ശേഷം പൊതു കടത്തിന്റെ വളർച്ചയുടെ തോത് കുറയുന്നത് വ്യക്തമാണ്. എന്നാൽ സമീപകാലത്ത് കടത്തിൽ ഉണ്ടായ വർധനയെ തുടർച്ചയായ രണ്ടു പ്രളയം മൂലം സംജാതമായ പ്രതികൂല സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് വേണം വിലയിരുത്താൻ.

കേരളത്തിന്റെ കടത്തിന്റെ സ്ഥിതിയും പലിശ ബാധ്യതയും മറ്റു സംസ്ഥാനങ്ങളുടേതുമായി താരതമ്യം ചെയ്യുന്നത് ഈ ഘട്ടത്തിൽ പ്രസക്തമാണ്. 2020 ൽ സംസ്ഥാനത്തിന്റെ ഡെബ്റ്റ് - ജി ഡി പി അനുപാതം 30.8 ശതമാനമാണ്. 29 സംസ്ഥാനങ്ങളിൽ പതിനേഴാമതാണ് കേരളത്തിന്റെ സ്ഥാനം. ഉത്തർപ്രദേശ്, ആന്ധ്രപ്രദേശ്, പഞ്ചാബ്, രാജസ്ഥാൻ, ഹിമാചൽ പ്രദേശ്, പശ്ചിമ ബംഗാൾ തുടങ്ങിയ 17 സംസ്ഥാനങ്ങളുടെ ഡെബ്റ്റ്-ജി ഡി പി അനുപാതം കേരളത്തേക്കാൾ ഉയർന്നതാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം കേരളം നൽകുന്ന പലിശ ജി എസ് ഡി പിയുടെ 2.1 ശതമാനമാണ്. ഇക്കാര്യത്തിൽ 29 സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഇരുപതാം സ്ഥാനത്താണ് കേരളം.

കേരളത്തിന്റെ റവന്യു ചെലവുകൾ മൂലധന ചെലവുകളെ അപേക്ഷിച്ച് വളരെ ഉയർന്ന തോതിലുള്ളതാണ്. റവന്യു ചെലവുകൾ എടുക്കുമ്പോൾ വികാസനോന്മുഖവും അല്ലാത്തതുമായ ചെലവുകൾ സംസ്ഥാനത്തിന്റെ കാര്യത്തിൽ ഏറെക്കുറെ തുല്യമാണെന്ന് കാണാം. ഇതിൽ വികസന ചെലവുകളുടെ കൂട്ടത്തിൽ എടുത്തുപറയത്തക്കതാണ് സർക്കാർ ജീവനക്കാരുടെ ശമ്പളം. എന്നാൽ ഇവർ വിരമിച്ചതിന് ശേഷം നൽകുന്ന പെൻഷൻ വികസനേതര റവന്യു ചെലവായാണ് കണക്കാക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ കഴിഞ്ഞ കാലങ്ങളിലെ വികസന ചെലവിന്റെ ഫലമായാണ് ഇപ്പോഴത്തെ അധികരിച്ച തോതിലുള്ള വികസനേതര ചെലവുകൾ ഉണ്ടായത് എന്നർത്ഥം. അതിനാൽ കേരളത്തിന്റെ മൂലധന ചെലവുകൾ കഴിഞ്ഞ രണ്ടു ദശകമായി 10 ശതമാനത്തിന് ചുറ്റുമായി നീങ്ങുന്നതിൽ വലിയ അത്ഭുതത്തിന് അവകാശമില്ല. എന്നാൽ ഉയർന്ന തോതിലുള്ള വളർച്ച ഉറപ്പാക്കുന്നതിന് കൂടുതൽ മൂലധനം കണ്ടെത്തുന്നതിനായി മറ്റു ധനസമാഹരണ സ്രോതസുകൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

നേരിട്ടുള്ള വിദേശ നിക്ഷേപമാണ് (എഫ് ഡി ഐ) വികസനത്തിനുള്ള ധനസമാഹരണത്തിനുള്ള മാർഗമായി പൊതുവെ കാണുന്നത്. എന്നാൽ എഫ് ഡി ഐ വരുന്നത് ഫണ്ട് നൽകുന്നവരുടെ താല്പര്യങ്ങൾക്കിണങ്ങുന്ന മേഖലകളിലാണ്. സംസ്ഥാനങ്ങളുടെ താല്പര്യം ഇവിടെ പിൻസീറ്റിലാണ്. അതിനാൽ എഫ് ഡി ഐയ്ക്ക് പകരമായി വിദേശ മൂലധന വിപണികളെ സമർത്ഥമായി ഉപയോഗിക്കാൻ കഴിയുന്ന നൂതന മാർഗ്ഗങ്ങൾ നാം അവലംബിക്കേണ്ടിയിരിക്കുന്നു.

പൊതു കടം എന്നതിലെ തെറ്റും ശരിയും വിലയിരുത്തുന്നതിൽ വലിയ പ്രസക്തിയില്ല. അതിൽ തെറ്റുണ്ടാകാം, ശരിയുണ്ടാകാം. കടമെടുക്കുന്ന ഫണ്ട് വികസനത്തിന്റെ എൻജിൻ ഫലപ്രദമായി ചലിപ്പിക്കുന്നതിന് ഉപയോഗിക്കാൻ കഴിഞ്ഞാൽ അത് നേട്ടമാകും. മറിച്ചായാൽ അത് തകർച്ചയുടെ വിത്ത് പാകലുമാകും. നിരവധി വികസിത രാജ്യങ്ങൾക്ക് ഉയർന്ന തോതിലുള്ള കടബാധ്യതയുണ്ട്. പക്ഷെ അവയൊന്നും

തകർച്ചയിലല്ല. അമേരിക്കയുടെ ഡെബ്റ്റ് – ജി ഡി പി അനുപാതം 135.7 ശതമാനമാണ്. 117.3 ശതമാനമാണ് യു കെയുടെ. ജപ്പാൻ 236.6 ശതമാനമാണ്. അതേസമയം ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ നേരിട്ടിരുന്ന കടക്കെണിയുടെ അനുഭവം നമ്മുടെ മുന്നിലുണ്ട്. അതുകൊണ്ട് കടത്തിന്റെ നടത്തിപ്പ്, നൂതനത്വത്തിലൂന്നിയ കടമെടുപ്പ്, ശരിയായ വിധത്തിലുള്ള ഉപയോഗം, നിക്ഷേപം നടത്തുന്നതിനുള്ള കഴിവ്, പദ്ധതിച്ചെലവുകൾ അധികരിക്കുന്നത് തടയൽ തുടങ്ങിയ കാര്യങ്ങളിൽ ഊന്നിയുള്ള ചർച്ചകളാണ് ഇക്കാര്യത്തിൽ കൂടുതൽ ഫലപ്രദമാവുക.

■

(കെ ജെ ജോസഫ്, ചീഫ് എഡിറ്റർ, കേരള ഇക്കോണമി , അനൂപ് എസ് കുമാർ, അസിസ്റ്റന്റ് പ്രഫസർ, ഗിഫ്റ്റ്)

**References**

Farmer, R. E., & Zabczyk, P. (2018). The household fallacy. *Economics Letters,* 169, 83-86.

RBI (2020). "*StateFinances: A Study of Budgets of 2020-21*" Reserve Bank of India, October 2020

Reinhart, C.M & and Rogoff, K.S. (2010). Growth in a Time of Debt. *American Economic Review* 100 (2), 573-78

Salmon, J., & de Rugy, V. (2020). Debt and Growth: A Decade of Studies. *Mercatus Research Paper.* George Mason University

# ആശങ്ക ഉയർത്തി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ധനസ്ഥിതി

അനിതകുമാരി എൽ, പാർമ ചക്രവർത്തി

തുടർച്ചയായ രണ്ടു പാദങ്ങളിൽ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഇടിവ് പ്രകടമാവുകയാണെങ്കിൽ ആ സമ്പദ്‌വ്യവസ്ഥ മാന്ദ്യത്തിലായി എന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ഉണ്ടായ 23.9 ശതമാനം നെഗറ്റീവ് വളർച്ചയുടെ ഫലമായി ജി ഡി പിയിൽ രേഖപ്പെടുത്തിയ നെഗറ്റീവ് വളർച്ചയും (13.3 ശതമാനം) രണ്ടാം പാദത്തിൽ രേഖപ്പെടുത്തിയ 7.5 ശതമാനം നെഗറ്റീവ് വളർച്ചയും ഇന്ത്യ ഒരു സാമ്പത്തിക മാന്ദ്യത്തിലാണ് എന്ന വസ്തുത സംശയലേശമന്യേ വ്യക്തമാക്കുന്നുണ്ട്. ഇത്തരം ഒരു സാഹചര്യം സാമ്പത്തിക രംഗത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഭരണകൂടത്തെ ഒരു ആക്ടിവിസ്റ്റിന്റെ റോളിൽ ഇടപെടുന്നതിന് പ്രേരിപ്പിക്കുന്ന ഒന്നാണ്. എന്നാൽ ഇങ്ങനെ ഇടപെടുന്ന കാര്യത്തിൽ സ്റ്റേറ്റിന്റെ സാമ്പത്തിക നില ഏറെ നിർണ്ണായകമായ ഘടകമാണ്. സാമ്പത്തിക മാന്ദ്യം എങ്ങനെയാണ് ദേശീയ തലത്തിലും സംസ്ഥാനതലത്തിലും ബാധിച്ചിരിക്കുന്നത് എന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇത്തരമൊരു വിഷയത്തിൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ വരുമാനം, ചെലവുകൾ, കടമെടുപ്പ്, ധനക്കമ്മി എന്നിവയുടെ അടിസ്ഥാനത്തിൽ ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണാടക, തെലങ്കാന എന്നീ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്തുകൊണ്ടുള്ള ഒരു അന്വേഷണമാണ് ഈ ലേഖനം കൊണ്ട് ലക്ഷ്യമിടുന്നത്. 2020 ലെ ആദ്യപാദത്തിലെ സാമ്പത്തിക സ്ഥിതി നേരത്തെ അവലോകനം ചെയ്ത സാഹചര്യത്തിൽ, നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിലെ കണക്കുകൾ 2019 ലെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുകയാണ് ഇവിടെ ചെയ്യുന്നത്. ഇതോടപ്പം നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ പാദത്തെ രണ്ടാം പാദവുമായും താരതമ്യം ചെയ്യുന്നുണ്ട്.

### സർക്കാർ വരുമാനം

പൊതുവെ പരിശോധിക്കുമ്പോൾ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിലെ റവന്യൂ വരുമാനം (തനത് നികുതി വരുമാനം, തനത് നികുതിയേതര വരുമാനം, കേന്ദ്ര നികുതികളിൽ നിന്നുള്ള വിഹിതം, കേന്ദ്ര സഹായങ്ങൾ എന്നിവ) കഴിഞ്ഞ വർഷം ഇതേ കാലയളവുമായി തട്ടിച്ചു നോക്കുമ്പോൾ ഇടിവിന്റെ പാതയിലാണെന്ന് കാണാം. ഏറ്റവും കനത്ത ഇടിവ് പ്രകടമായത് കർണാടകയുടെ കാര്യത്തിലാണ്, -22.5 ശതമാനം. തമിഴ്നാട് (19), കേരളം (17.9), ആന്ധ്രപ്രദേശ് (14.6), തെലങ്കാന (14.4) എന്നിങ്ങനെയാണ് മറ്റു സംസ്ഥാനങ്ങളുടെ നില (അനുബന്ധം-പട്ടിക-1). ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം ആന്ധ്രപ്രദേശ്,

***2020 വർഷത്തെ ആദ്യ പകുതിയിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ തനത് നികുതി വരുമാനത്തിൽ ഏറ്റവും വലിയ ഇടിവ് കേരളമാണ് രേഖപ്പെടുത്തിയത്, 31.5 ശതമാനം. നികുതിയേതര വരുമാനം 75.6 ശതമാനമാണ് കുറഞ്ഞത്. ഒപ്പം കേന്ദ്ര നികുതി വിഹിതത്തിലും ഇടിവുണ്ടായി.***

തെലങ്കാന എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഉണ്ടായിരിക്കുന്ന ഇടിവ് ദേശീയ തലത്തിൽ ജി ഡി പിയിൽ ഉണ്ടായ തളർച്ചക്ക് ഏറെക്കുറെ സമാനമായ വിധത്തിലാണ് എന്നതാണ്. എന്നാൽ കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് വളരെ ഉയർന്ന തോതിലുള്ളതാണെന്ന് കാണാം.

തനത് നികുതി, നികുതിയേതര വരുമാനങ്ങളുടെ രംഗത്ത് ഈ സംസ്ഥാനങ്ങളെല്ലാം നേരിട്ടത് വളരെ പ്രതികൂലമായ സാഹചര്യമാണ്. തനത് നികുതി വരുമാനത്തിന്റെ കാര്യത്തിൽ ഏറ്റവും വലിയ തിരിച്ചടി നേരിട്ടത് കേരളമാണ് (31. 5 ശതമാനം). തമിഴ്നാട് (26.7 ശതമാനം), ആന്ധ്രപ്രദേശ് (26.2 ), കർണ്ണാടക (23.4) , തെലങ്കാന (13.1) എന്നിങ്ങനെയാണ് മറ്റു സംസ്ഥാനങ്ങളുടെ സ്ഥിതി. തനത് നികുതിയേതര വരുമാനത്തിന്റെ കാര്യത്തിലും ഏറ്റവും കനത്ത തിരിച്ചടി കേരളമാണ് നേരിട്ടത്, 75.6 ശതമാനം ഇടിവ്. തമിഴ്നാട് 37.6 ശതമാനവും തെലങ്കാന 30 ശതമാനവും കർണ്ണാടക 19 ശതമാനവും ആന്ധ്രപ്രദേശ് 9.4 ശതമാനവും നെഗറ്റീവ് വളർച്ചയാണ് 2019 ലെ ആദ്യ പകുതിയുമായി താരതമ്യം ചെയ്യുമ്പോൾ 2020 ലെ ആദ്യപകുതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതത്തിന്റെ കാര്യത്തിലും ഈ സംസ്ഥാനങ്ങൾ വലിയ തോതിലുള്ള ഇടിവ് രേഖപ്പെടുത്തി. ഇക്കാര്യത്തിൽ 38.4 ശതമാനം ഇടിവുമായി കർണ്ണാടക ഒന്നാമത് നിൽകുമ്പോൾ കേരളത്തിനുണ്ടായത് 38. 1 ശതമാനം ഇടിവാണ്. തനത് നികുതി വരുമാനം, നികുതിയേതര വരുമാനം , കേന്ദ്ര നികുതി വിഹിതം എന്നിവയെല്ലാം പ്രകടമായ വിധത്തിൽ ഇടിഞ്ഞപ്പോൾ കേന്ദ്ര ഗ്രാന്റുകളുടെ കാര്യത്തിൽ ഉണ്ടായ പോസിറ്റീവ് വളർച്ച ഇല്ലായിരുന്നെങ്കിൽ സ്ഥിതി കൂടുതൽ രൂക്ഷമാകുമായിരുന്നുവെന്ന് കാണാം (അനുബന്ധം - പട്ടിക എ - 1 ).

വായ്പകൾ, അഡ്വാൻസുകൾ എന്നിവയുടെ തിരിച്ചുപിടിക്കൽ, മറ്റു വരവുകൾ, വായ്പ തുടങ്ങിയവ അടങ്ങുന്ന മൂലധന വരുമാനം എല്ലാ സംസ്ഥാനങ്ങളുടെ കാര്യത്തിലും പോസിറ്റീവായിരുന്നുവെന്ന് കാണാൻ കഴിയും. വായ്പയുടെയും മറ്റു ബാധ്യതകളുടെയും കാര്യത്തിലാണ് ഏറ്റവും ഉയർന്ന വർധന ഉണ്ടായിരിക്കുന്നത്, (അനുബന്ധം - പട്ടിക എ-1). അർദ്ധവർഷത്തെ കണക്കുകൾ ഒന്നാം പാദവും രണ്ടാം പാദവുമായി വിഭജിച്ച് വിശകലനം ചെയ്യുമ്പോൾ റവന്യു വരുമാനത്തിലെ വളർച്ചയുടെ കാര്യത്തിൽ ആന്ധ്രപ്രദേശ് ഒഴികെയുള്ള സംസ്ഥാങ്ങൾക്ക് നേട്ടം കൈവരിക്കാൻ കഴിഞ്ഞതായി കാണാൻ കഴിയും. രണ്ടാം പാദത്തിലും വരുമാനത്തിൽ വളർച്ച കുറവാണെങ്കിലും കേരളത്തിന്റെ കാര്യത്തിൽ ഒന്നാം പാദവുമായി തട്ടിച്ച് നോക്കുമ്പോൾ കാര്യങ്ങൾ ഭേദപ്പെടുന്നതായി വിലയിരുത്താൻ കഴിയും (അനുബന്ധം-പട്ടിക എ-1).

### സർക്കാർ ചെലവുകൾ

റവന്യു, മൂലധനച്ചെലവുകൾ അടങ്ങുന്ന മൊത്തം സർക്കാർ ചെലവുകൾ നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ വർധന രേഖപ്പെടുത്തിയതായി

***2019 ലെ ആദ്യപകുതിയുമായി താരതമ്യം ചെയ്യുമ്പോൾ 2020 ലെ ആദ്യ പകുതിയിൽ മൂലധന ചെലവിൽ പോസറ്റീവ് വളർച്ച രേഖപ്പെടുത്തിയത് രണ്ടു സംസ്ഥാനങ്ങളാണ്, ആന്ധ്രപ്രദേശും കേരളവും. ആന്ധ്രപ്രദേശ് 165.2 ശതമാനം വളർച്ച കൈവരിച്ചപ്പോൾ കേരളം 22.1 ശതമാനം വളർച്ച നേടി.***

കാണാം. ആന്ധ്രപ്രദേശ് 55 ശതമാനവും തെലങ്കാന 9.8 ശതമാനവും കേരളം 3.9 ശതമാനവും വളർച്ചയാണ് രേഖപ്പെടുത്തിയത്. എന്നാൽ ഇക്കാര്യത്തിൽ കർണ്ണാടക 8. 5 ശതമാനവും തമിഴ്നാട് 6. 5 ശതമാനവും ഇടിവാണ് രേഖപെടുത്തിയിരിക്കുന്നതെന്നും കാണാം. മൊത്തം ചെലവിൽ പോസിറ്റീവ് വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനങ്ങളുടെ കാര്യത്തിൽ റവന്യു, മൂലധനച്ചെലവുകൾ എന്നീ രണ്ടിനങ്ങളിലും വളർച്ച ഉണ്ടായതായി കാണാം. റവന്യു ചെലവുകളുടെ കാര്യത്തിൽ ഉണ്ടായ ഏറ്റവും ഉയർന്ന വർധനയായ 48.4 ശതമാനം രേഖപ്പെടുത്തിയത് ആന്ധ്രപ്രദേശാണ്. തെലങ്കാന 12.9 ശതമാനവും കേരളം 2.5 ശതമാനവും വർധന രേഖപ്പെടുത്തി. സബ്സിഡി ചെലവുകളുടെ വർധനയുടെ കാര്യത്തിൽ കേരളമാണ് മുൻപന്തിയിൽ, 217.4 ശതമാനം വർധന. കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ ക്ഷേമ പെൻഷൻ വിതരണം, ബി പി എൽ കുടുംബങ്ങൾക്കുള്ള സഹായം, വിവിധ ക്ഷേമ ബോർഡുകൾ വഴിയായുള്ള സഹായങ്ങൾ, സമൂഹ അടുക്കളകൾ വഴിയായി അതിഥി തൊഴിലാളികൾ അടക്കമുള്ളവർക്കുള്ള ഭക്ഷണം, സൗജന്യ റേഷൻ വിതരണം, ആരോഗ്യ മേഖലക്കുള്ള ധനസഹായം, കുടുംബശ്രീ ഗ്രൂപ്പുകൾക്കുള്ള മൈക്രോ വായ്പ, സൗജന്യ ഭക്ഷ്യ കിറ്റുകൾ തുടങ്ങിയവ വഴിയായുള്ള സർക്കാരിന്റെ സമയോചിതമായ ഇടപെടലുകളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത് ( കേരള സർക്കാർ – 2020 ).

രണ്ടു സംസ്ഥാനങ്ങളിൽ മാത്രമാണ് മൂലധന ചെലവുകളിൽ ഉയർച്ചയുണ്ടായത്. ആന്ധ്രപ്രദേശ് 165.2 ശതമാനവും കേരളം 22.1 ശതമാനവും വളർച്ചയാണ് ഇക്കാര്യത്തിൽ രേഖപ്പെടുത്തിയത്. ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയത്.

നടപ്പ് സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ ആന്ധ്രപ്രദേശ് ഒഴികെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ മൊത്തം സർക്കാർ ചെലവിൽ ഇടിവ് രേഖപ്പെടുത്തുകയുണ്ടായി. മൊത്തം ചെലവുകളിൽ ഉണ്ടായ ഈ ഇടിവ് റവന്യു ചെലവുകളിലെ ഇടിവുമായി ഒത്തു പോകുന്നുവെന്ന് കാണാം. രണ്ടാം പാദത്തിൽ പ്രകടമായ പോസിറ്റീവായ ഒരു മാറ്റം തമിഴ്നാട് ഒഴികെയുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിൽ മൂലധന ചെലവിൽ ഉണ്ടായ വളർച്ചയാണ്. സാമ്പത്തിക വളർച്ച തിരിച്ചു പിടിക്കുന്നതിന് സംസ്ഥാനങ്ങൾ നടത്തുന്ന ശ്രമങ്ങളുടെ സൂചനയായി ഇതിനെ വിലയിരുത്താം. കേരള സർക്കാർ മൂലധന ചെലവുകൾക്ക് പണം കണ്ടെത്തുന്നതിനായി ബജറ്റിന് പുറമെയുള്ള ചില മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തിട്ടുണ്ട്.

### മൂലധനച്ചെലവുകൾക്കുള്ള ധനസമാഹരണം കേരളത്തിൽ

സാമ്പത്തിക സേവനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സാമൂഹ്യമായ സേവന രംഗങ്ങളിൽ കൂടുതൽ പണം നീക്കിവയ്ക്കുന്നു എന്നതാണ് കേരളത്തിന്റെ ചെലവഴിക്കൽ രീതിയുടെ പ്രധാന വ്യത്യാസം. ചെലവഴിക്കുന്നതിനുള്ള മുൻഗണനകളിലെ ഈ വ്യത്യാസമാണ് കേരള മോഡൽ വികസനം എന്ന കാഴ്ചപ്പാടിന് ആധാരം (ജോർജ് , 1988). ഇതിന്റെ ഫലമായി ശമ്പളം , പെൻഷൻ, പലിശ തുടങ്ങിയ റവന്യു കമ്മി വർധിപ്പിക്കുന്ന വിധത്തിലുള്ള ചെലവുകൾ

**Table 1**.Capital expenditure in Kerala (Rs. crore)

| Year | Capital Outlay(1) | GSDP(2) | Capital Outlay as a percent of GSDP(3) | Development exp to local govern-ments(4) | Col 1 plus Col 4 (5) | Col 5 as a per cent of GSDP |
|---|---|---|---|---|---|---|
| 2013-14 | 4294 | 465041 | 0.9 | 4012.2 | 8306.2 | 1.8 |
| 2014-15 | 4255 | 526002 | 0.8 | 5266.5 | 9521.5 | 1.8 |
| 2015-16 | 7500 | 561994 | 1.3 | 3060.9 | 10560.9 | 1.9 |
| 2016-17 | 10126 | 634886 | 1.6 | 4182.6 | 14308.6 | 2.3 |
| 2017-18 | 8749 | 701577 | 1.2 | 5752.2 | 14501.2 | 2.1 |
| 2018-19 | 7431 | 781653 | 1.0 | 6197.5 | 13628.5 | 1.7 |
| 2019-20 (RE) | 8013 | 871534 | 0.9 | 6816.4 | 14829.8 | 1.7 |
| 2020-21(B.E) | 12913 | 978064 | 1.3 | 7864.5 | 20777.7 | 2.1 |

Source: Budget in Brief, Government of Kerala, various issues

കേരളത്തിന്റെ കാര്യത്തിൽ വളരെ ഉയർന്ന തോതിലുള്ളതാണെന്ന് കാണാം. ഇതുമൂലം മൂലധന ചെലവുകൾക്കായി നീക്കി വയ്ക്കാൻ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ ബാലൻസ് തുലോം കുറവാണ്. കടമെടുക്കുന്നതിന്റെ നല്ല പങ്ക് (എഫ് ആർ ബി എം പരിധിയിൽ നിന്ന് കൊണ്ട്) റവന്യു കമ്മി പരിഹരിക്കുന്നതിനായി നീക്കിവയ്ക്കപ്പെടുകയാണ്. പട്ടിക ഒന്നിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്, 2013-14 ൽ സംസ്ഥാനത്തിന്റെ മൂലധന ച്ചെലവ് ജി എസ് ഡി പിയുടെ 0.9 ശതമാനമായിരുന്നത് 2014-15 ആയപ്പോൾ 0.8 ശതമാനമായി കുറഞ്ഞു. 2015-16 ൽ 1.3 ശതമാനത്തിന്റെ നേരിയ വളർച്ച കാണിച്ചു. എന്നാൽ ചില നിബന്ധനകളുടെ അടിസ്ഥാനത്തിലായിരുന്നു ഇത്. പ്രാദേശിക സർക്കാരുകൾക്ക് നൽകിയ വിഹിതം കൂടി കണക്കിലെടുക്കുമ്പോൾ മൂലധന ചെലവുകൾ ജി എസ് ഡി പിയുടെ സുമാർ രണ്ട് ശതമാനമേ വരൂ. ഇത്തരമൊരു അവസ്ഥയിലാണ് 2016-17 ൽ നിലവിലുണ്ടായിരുന്ന കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ (കിഫ്ബി) സംസ്ഥാന സർക്കാർ അഴിച്ചുപണിയുകയും നിക്ഷേപത്തിനായി അതിലൂടെ ഫണ്ട് സമാഹരിക്കാനും ആരംഭിച്ചത്.

1999 ലെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്റ്റ് പ്രകാരം 1999 നവംബർ 11 നാണ് കിഫ്ബി എന്ന സ്ഥാപനം നിലവിൽ വന്നത്. സംസ്ഥാന ബജറ്റിന് പുറത്ത് അടിസ്ഥാന സൗകര്യ വികസന രംഗത്ത് പ്രവർത്തിക്കുന്ന നിരവധി എസ് പി വികൾക്ക് ഫണ്ട് സമാഹരിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന നിലയിലാണ് കിഫ്ബി പ്രവർത്തിച്ചു വരുന്നത്. കെ എസ് എഫ് ഇ, എൻ ആർ ഐ ചിട്ടി, കിഫ്ബി മസാല ബോണ്ട് തുടങ്ങിയ വഴികളിലൂടെയും വിവിധ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള 3000 കോടി രൂപയുടെ വായ്പകളും ആധാരമാക്കിയാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം ഉയർത്തുന്നതിനും സഹായകമാകും വിധത്തിൽ സാമൂഹ്യവും സ്ഥാവരവുമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ കിഫ്ബി സർക്കാരിന്റെ വലംകൈയായി പ്രവർത്തിക്കുന്നു. മൂലധന നിക്ഷേപത്തിനായുള്ള വായ്പയെടുക്കൽ ഈ സ്ഥാപനം വഴിയാണ്. ഭാവിയിൽ ഉണ്ടാകുന്ന പണപ്പെരുപ്പം, ചെലവുകളിലെ വർധന തുടങ്ങിയ സാദ്ധ്യതകൾ പരിഗണി

**Box A** KIIFB projects under various Departments

| SL.No. | Departments having KIIFB projects | No of Projects |
|---|---|---|
| 1 | Agricultual Department | 4 |
| 2 | Ayush Department | 1 |
| 3 | Backward class development Department | 1 |
| 4 | Coastal Shipping and Navigation Department | 9 |
| 5 | Cultural Affairs Department | 24 |
| 6 | Dewasom Department | 26 |
| 7 | Fisheries Department | 167 |
| 8 | Forest and Wild Life Department | 6 |
| 9 | General Education Department | **644** |
| 10 | Health and Family Welfare Department | **121** |
| 11 | Higher Education Department | 96 |
| 12 | Home Department | 6 |
| 13 | Industries Department | 9 |
| 14 | Information Technology Department | 2 |
| 15 | Labour and Skill Development | 13 |
| 16 | Local Self Government Department | 45 |
| 17 | Power Department | 61 |
| 18 | Public Works Department | **636** |
| 19 | Registration Department | 39 |
| 20 | Revenue Department | 2 |
| 21 | Schedule Caste Development Department | 10 |
| 22 | Sports ad Youth Affairs Department | 55 |
| 23 | Tourism Department | 27 |
| 24 | Transport Department | 4 |
| 25 | Water Resource Department | **198** |
| 26 | SC Department | 22 |
| | Total | 2228 |

Source:Computed from KIIFB website data-*www.kiifb.org*

ക്കുമ്പോൾ വായ്പകൾ ഇന്ന് തന്നെ എടുക്കുന്നതായിരിക്കും കൂടുതൽ ഉചിതം. വായ്പയെടുക്കൽ മാറ്റി വയ്ക്കുന്നത് പലിശ അടക്കമുള്ള ചെലവുകൾ ഉയരുന്നതിന് കാരണമായേക്കാം.

കിഫ്ബിയുടെ ധനസമാഹരണം ബജറ്റിന് പുറമെയാണെങ്കിലും പെട്രോളിയം ഉത്പന്നങ്ങളുടെ സെസ്സ്, മോട്ടോർ വാഹന നികുതി വരുമാനത്തിന്റെ ഒരു ഭാഗം എന്നിവ കിഫ്ബിയിലേക്ക് മുതൽകൂട്ടുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. മോട്ടോർ വാഹന നികുതിയുടെ പത്ത് ശതമാനം ആദ്യവർഷത്തിലും (2016 17) രണ്ടാം വർഷത്തിൽ 20 ശതമാനവും മൂന്നാം വർഷം 30 ശതമാനവും നാലാം വർഷം 40 ശതമാനവും തുടർന്ന് 50 ശതമാനവും കിഫ്ബിയ്ക്ക് കൈമാറും. വായ്പകൾ തിരിച്ചടക്കുന്നതിനായി പ്രത്യേക ആന്വിറ്റി പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് കിഫ്ബി ഏറ്റെടുക്കുന്ന പദ്ധതികളുടെ

ചെലവിനത്തിൽ വരുന്ന തുക 15 മുതൽ 20 വർഷം കൊണ്ട് സംസ്ഥാന സർക്കാർ തിരിച്ചടക്കും. പ്രത്യേകിച്ച് വിദ്യാഭ്യാസം, ആരോഗ്യം , പൊതുമരാമത്ത് തുടങ്ങിയ ഇനങ്ങളിൽ വരുന്ന ചെലവുകൾ. പലിശയും പദ്ധതികളുടെ പരിപാലന ചെലവുകളും കണക്കിലെടുത്ത് നിരക്കുകൾ നിശ്ചയിക്കാൻ കരാറുകാർക്ക് അനുവാദമുണ്ട്.

### കിഫ്ബി ഏറ്റെടുത്ത പദ്ധതികൾ

2016-17 മുതൽ 42306.1 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 2019 മാർച്ച് 31 ലെ കണക്കുകൾ പ്രകാരമാണ് ഇത് (കിഫ്ബി വാർഷിക റിപ്പോർട്ട്, 2018-19). 26 വകുപ്പുകളുടെ കീഴിലായി 2228 പദ്ധതികൾക്കാണ് കിഫ്ബി തുടക്കമിട്ടിരിക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലാണ് ഏറ്റവും കൂടുതൽ പദ്ധതികൾ. മരാമത്ത് വകുപ്പ്, ജല വിഭവ വകുപ്പ്, ഫിഷറീസ് വകുപ്പ്, ആരോഗ്യ, കുടുംബ ക്ഷേമ വകുപ്പ് എന്നിവ തുടർന്ന് വരുന്നു (ബോക്സ് എ ). കേരളത്തിലെ 14 ജില്ലകളിലും 140 നിയോജക മണ്ഡലങ്ങളിലും കിഫ്ബിയുടെ പദ്ധതികളുണ്ട്. സമയബന്ധിതമായി അവ പൂർത്തീകരിക്കുന്നത് കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഏറെ പ്രാധാന്യമേറിയ കാര്യമാണ്. ഇതിൽ സംഭവിക്കുന്ന അമാന്തം നിലവിലെ മോശമായ സാമ്പത്തിക സ്ഥിതിയിൽ സംസ്ഥാനത്തെ ഏറെ ദോഷകരമായി ബാധിക്കുമെന്നതാണ് വസ്തുത.

### ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വായ്പ, കമ്മി എന്നിവയുടെ സ്ഥിതി

നികുതി വരുമാനത്തിൽ കുത്തനെയുണ്ടായ

**Table 2.** Borrowings and Deficits: Its Growth and share in GSDP (%)

| Period | States | Growth between 2020 and 2019 (In %) | | | As % GSDP in 2020 | | | As % GSDP in 2019 | | |
|---|---|---|---|---|---|---|---|---|---|---|
| | | RD | FD | PD | RD | FD | PD | RD | FD | PD |
| Q1 | Andhra Pradesh | 289.7 | 256.4 | 218.2 | 2.8 | 3.4 | 3.0 | 0.8 | 1.1 | 1.1 |
| | Karnataka | -214.7 | 478.0 | 160.3 | 0.4 | 0.5 | 0.2 | -0.4 | -0.1 | -0.4 |
| | Kerala | 138.9 | 112.9 | 177.7 | 1.9 | 2.3 | 1.9 | 0.9 | 1.2 | 0.7 |
| | Tamil Nadu | 135.4 | 89.4 | 215.9 | 0.9 | 1.0 | 0.6 | 0.5 | 0.6 | 0.2 |
| | Telangana | 1405.8 | 179.6 | 239.2 | 1.5 | 1.8 | 1.5 | 0.1 | 0.7 | 0.5 |
| Q2 | Andhra Pradesh | 1232.8 | 197.1 | 5114.4 | 1.9 | 2.2 | 1.9 | 0.2 | 0.9 | 0.0 |
| | Karnataka | 16.2 | 503.8 | -58.8 | -0.1 | 1.4 | 0.2 | -0.2 | -0.4 | 0.6 |
| | Kerala | -17.8 | -0.2 | -7.8 | 0.6 | 1.0 | 0.5 | 0.8 | 1.1 | 0.6 |
| | Tamil Nadu | 15.5 | 21.4 | 60.6 | 0.3 | 0.6 | 0.3 | 0.3 | 0.6 | 0.2 |
| | Telangana | -23.5 | -0.8 | -29.2 | 0.2 | 0.9 | 0.4 | 0.3 | 1.0 | 0.7 |
| H1 | Andhra Pradesh | 446.1 | 230.2 | 440.5 | 4.7 | 5.7 | 4.9 | 1.0 | 1.9 | 1.0 |
| | Karnataka | 148.8 | 450.6 | 107.2 | 0.2 | 0.9 | 0.4 | -0.5 | 0.3 | 0.2 |
| | Kerala | 63.8 | 58.4 | 97.6 | 2.6 | 3.3 | 2.3 | 1.7 | 2.3 | 1.3 |
| | Tamil Nadu | 84.2 | 55.9 | 141.1 | 1.3 | 1.7 | 0.9 | 0.8 | 1.2 | 0.4 |
| | Telangana | 327.1 | 76.7 | 82.6 | 1.7 | 2.7 | 1.9 | 0.4 | 1.7 | 1.2 |

Source: Computed from monthly indicators from C&AG and State Finances: A Study of Budget, 2020-21, RBI.
Note: RD, FD and PD refers to revenue, fiscal and primary deficits, respectively.

***എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും വായ്പയെടുക്കുന്നതിന്റെ തോത് കൂടിയിട്ടുണ്ട്. ഈ വർഷം ആദ്യ പകുതിയിൽ വായ്പയെടുക്കുന്നതിൽ കർണാടകം രേഖപ്പെടുത്തിയിരിക്കുന്ന വർധന 450.6 ശതമാനമാണ്. ആന്ധ്രപ്രദേശ് 230.2 ശതമാനം വർധന കൈവരിച്ചു. തെലങ്കാന 76.7 ശതമാനവും കേരളം 58.4 ശതമാനവും തമിഴ്നാട് 55.9 ശതമാനവും വർധന രേഖപ്പെടുത്തി.***

കുറവും ചെലവിൽ ഉണ്ടായ ഭീമമായ വർധനവും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ ഒരു തരം കത്രിക പൂട്ടിലേക്ക് നയിച്ചുവെന്ന് പറയാം (ടാർഷിസ് , 1983). ഇത് റവന്യു, മൂലധനച്ചെലവുകൾക്ക് പണം കണ്ടെത്തുന്നതിനായി സംസ്ഥാനങ്ങളുടെ കടമെടുക്കൽ വർദ്ധിക്കുന്നതിലേക്ക് നയിച്ചു. എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെയും പ്രാഥമിക കമ്മി 2020 ഒന്നാം പാദത്തിലും അർദ്ധവർഷത്തിലും ഉയരുന്നതായി രണ്ടാം പട്ടികയിൽ നമുക്ക് കാണാം. എന്നാൽ രണ്ടാം പാദത്തിൽ ഇതിൽ മാറ്റം വരുന്നത് വ്യക്തമാണ്. കേരളം , കർണാടകം, തെലങ്കാന എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഈ ഘട്ടത്തിൽ പ്രാഥമിക കമ്മിയുടെ വളർച്ച നെഗറ്റീവാണ്.

ധനകമ്മിക്ക് തുല്യമായ കടമെടുക്കൽ എല്ലാ സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളവും പോസിറ്റീവ് വളർച്ചയാണ് ആദ്യ അർദ്ധവർഷത്തിൽ രേഖപ്പെടുത്തിയത്. കർണ്ണാടകത്തിലായിരുന്നു ഏറ്റവും കൂടുതൽ, 450.6 ശതമാനം. ആന്ധ്രപ്രദേശ് – 230.2 ശതമാനം, തെലങ്കാന – 76.7, കേരളം – 58.4, തമിഴ്നാട്–55.9 എന്നിങ്ങനെയാണ് തുടർന്നുള്ള നില. 2020 ലെ ഒന്നാം പാദം ധനകമ്മിയുടെ കാര്യത്തിൽ പോസിറ്റീവ് വളർച്ചയാണ് കാഴ്ചവച്ചത്. എന്നാൽ രണ്ടാം പാദത്തിൽ കേരളവും (0.2 ശതമാനം), തെലങ്കാനയും (0.8 ശതമാനം) ഇടിവ് രേഖപ്പെടുത്തുകയുണ്ടായി. അർദ്ധവർഷത്തിലെ സ്ഥിതി പരിഗണിക്കുമ്പോൾ കേരളവും ആന്ധ്രപ്രദേശുമാണ് ജി എസ് ഡി പിയുടെ ശതമാനം എന്ന വിധത്തിൽ എഫ് ആർ ബി എം പരിധിയെ മറികടന്നിട്ടുള്ളത്. എഫ് ആർ ബി എം പരിധി മൂന്ന് ശതമാനമാണെന്നിരിക്കെ കേരളത്തിന്റേത് 5.7 ശതമാനവും ആന്ധ്രപ്രദേശിന്റേത് 3.3 ശതമാനവുമാണ്. കടമെടുപ്പിന്റെ തോത് ഉയരുന്ന സാഹചര്യത്തിൽ മൂന്ന്, നാല് പാദങ്ങളിലായി ഇത് 5 ശതമാനത്തിന് മുകളിലായേക്കാമെന്ന് പ്രതീക്ഷിക്കുന്നുണ്ട്.

റവന്യു കമ്മിയുടെ രംഗത്ത് എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും ഒന്നാം അർദ്ധ വർഷത്തിൽ പോസിറ്റീവ് വളർച്ചയാണ് കാഴ്ച വച്ചത്. എന്നാൽ ഒന്നാം പാദത്തിൽ കർണാടകം ഒഴികെയുള്ള സംസ്ഥാനങ്ങൾ റവന്യു കമ്മിയുടെ കാര്യത്തിൽ പോസിറ്റീവ് വളർച്ചയാണ് കാഴ്ച വച്ചത്. രണ്ടാം പാദത്തിൽ കേരളവും തെലങ്കാനയും സ്ഥിതി മെച്ചപ്പെടുത്തി. ഇത് യഥാക്രമം –17.8 ശതമാനം, –23.5 ശതമാനം എന്ന തോതിൽ കുറയുകയാണ് ഉണ്ടായത്.

ഈ വർഷം മെയ് മാസത്തിൽ പ്രഖ്യാപിച്ച ആത്മനിർഭർ പാക്കേജ് പ്രകാരം സംസ്ഥാനങ്ങളുടെ വായ്പയെടുക്കുന്നതിനുള്ള പരിധി ജി എസ് ഡി പിയുടെ മൂന്ന് ശതമാനം എന്നതിൽ നിന്ന് അഞ്ചു ശതമാനമായി ഉയർത്തിയിട്ടുണ്ട്. ഇത്തരത്തിൽ വായ്പാ പരിധി ഉയർത്തിയിട്ടുണ്ടെങ്കിലും സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ പലിശ നിരക്കിൽ ഉള്ള വ്യത്യാസം മൂലം സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം കടമെടുക്കുന്നത് ദുഷ്കരമാകുന്ന സാഹചര്യമുണ്ട്. 2019 –20 ലും 2020 –21 ലും ( 2020 സെപ്റ്റംബർ വരെ) കേന്ദ്രത്തിന്റെ വെയ്റ്റഡ് ആവറേജ് യീൽഡ് യഥാക്രമം 6.85 ശതമാനവും 5.87

ശതമാനവുമാണ്. എന്നാൽ ഇതേ കാലയള വുകളിൽ സംസ്ഥാന സർക്കാരുകളുടെ വെയ്റ്റഡ് ആവറേജ് യീൽഡ് യഥാക്രമം 7.24 ശതമാനവും 6.43 ശതമാനവും വീതമാണ്. വെയ്റ്റഡ് ആവറേജ് യീൽഡിന്റെ ആനുപാതിക ചെലവ് സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം കൂടുതലാണെങ്കിലും വരുമാനം ഗണ്യമായി കുറയുന്ന സാഹചര്യ ത്തിൽ കൂടുതൽ വായ്പയെടുക്കേണ്ട സാഹചര്യത്തിലാണ് സംസ്ഥാന സർക്കാരു കൾ.

വരുമാനത്തിലെ ഈ കുറവ് പരിഹരിക്കു ന്നതിനും കോവിഡ് മൂലം സംസ്ഥാനങ്ങളുടെ ധനസ്ഥിതിയിൽ ഉണ്ടായിരിക്കുന്ന സമ്മർ ദ്ദവും കണക്കിലെടുക്കുമ്പോൾ കേന്ദ്രം കൂടുതൽ ഗ്രാന്റുകൾ അനുവദിക്കുകയും കേന്ദ്ര നികുതിയിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം കൂട്ടുകയും ചെയ്യേണ്ടത് അനിവാര്യ മാണ്. ഇക്കാര്യത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അവാർഡിലാണ് സംസ്ഥാന സർക്കാരുകൾ പ്രതീക്ഷയർപ്പിച്ചിരിക്കുന്നത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ റവന്യു കമ്മി ഗ്രാന്റ് അടക്കമുള്ള ഗ്രാന്റുകളും കേന്ദ്ര നികുതികളിൽ നിന്ന് കൂടുതൽ വിഹിതവും സംസ്ഥാനങ്ങൾ ന്യായമായും പ്രതീക്ഷിക്കുകയാണ്.

■

(അനിതകുമാരി എൽ , അസോസിയേറ്റ് പ്രൊഫസർ, പാർമ ചക്രവർത്തി, അസിസ്റ്റന്റ് പ്രൊഫസർ, ഗിഫ്റ്റ്)

## References

Anitha Kumary L and Parma Chakravartti (2020)."*Kerala Economy:State of State Finances, Kerala Economy*", GIFT, Thiruvananthapuram, November 2020.

Comptroller and Auditor General of India(2019 to 2020). "*State Accounts: Monthly Key Indicators*. https://cag.gov.in/en/state-accounts-report.

George K K (1988). "*Limits to Kerala Model of Development:An analysis of fiscal crisis and its implications*", Centre for Development Studies, Thiruvananthapuram

Government of India (2020). "*National Accounts Statistics*", National Statistical Office, Ministry of Statistics &Programme Implementation, 2020-21

Government of Kerala (2020). "*COVID-19 Pandemic and Kerala: A Response Strategy*", June 2020, Finance Department, Thiruvanan thapuram

Kerala Infrastructure Investment Fund Board (2018-19). "*Fidelity Certificate, Annual Report & Annual Accounts for the Financial Year 2018-19*", www.kiifb.org

RBI (2020). "*StateFinances: A Study of Budgets of 2020-21*" Reserve Bank of India, October 2020

Tarschys D. (1983). "*The Scissors Crisis in Public Finance*", Policy Sciences, Apr. 1983, Vol. 15, No. 3

## Appendix

**Table A1.** State finances of southern states: Growth rate in 2020 from 2019 during Q1, Q2 and H1

| | Q1 | | | | | Q2 | | | | | H1 | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Andhra Prades | Karna taka | Kerala | Tamil Nadu | Telan gana | Andhra Prades | Karna taka | Kerala | Tamil Nadu | Telan gana | Andhra Prades | Karna taka | Kerala | Tamil Nadu | Telan gana |
| **1. Revenue Receipts** | 34.8 | -23.9 | -30.0 | -23.2 | -22.6 | -35.4 | -21.1 | -7.5 | -15.4 | -8.2 | -14.6 | -22.5 | -17.9 | -19.0 | -14.4 |
| a.Own Tax Revenue | -20.1 | -40.1 | -55.8 | -51.2 | -38.0 | -29.4 | -6.6 | -7.4 | -4.3 | 12.1 | -26.2 | -23.4 | -31.5 | -26.7 | -13.1 |
| b. Own non-Tax Revenue | -29.1 | -26.4 | -74.7 | -42.9 | -23.1 | 12.3 | -13.1 | -76.2 | -31.6 | -36.9 | -9.4 | -19.0 | -75.6 | -37.6 | -30.0 |
| c. State's share of Union Taxes | 5129.8 | -27.8 | -27.6 | -25.6 | 22.6 | -74.7 | -46.2 | -45.9 | -19.4 | -51.2 | -36.7 | -38.4 | -38.1 | -22.4 | -30.3 |
| d. Grants-in-aid | 111.7 | 36.5 | 210.5 | 160.8 | 820.5 | 4.1 | -51.5 | 117.5 | -42.6 | -37.7 | 48.2 | -9.7 | 154.2 | 22.9 | 3.0 |
| **2. Capital Receipts** | 255.8 | 466.0 | 112.1 | 87.0 | 179.1 | 196.5 | 149.0 | -3.7 | -16.5 | -0.7 | 229.7 | 246.6 | 55.2 | 26.5 | 76.6 |
| a. Recovery of Loans &Adv. | -61.0 | -84.1 | -12.3 | -43.3 | -24.9 | -23.2 | -59.0 | -82.9 | -95.8 | 25.5 | -42.0 | -73.8 | -74.5 | -93.7 | -0.1 |
| b.Borrowings | 256.4 | 478.0 | 112.9 | 89.4 | 179.6 | 197.1 | 150.6 | -0.2 | 21.4 | -0.8 | 230.2 | 250.6 | 58.4 | 55.9 | 76.7 |
| **3. Total Receipts** | 117.5 | -7.3 | 17.1 | 0.3 | 27.8 | 3.2 | -9.4 | -6.4 | -15.7 | -6.3 | 44.4 | -8.4 | 4.8 | -8.5 | 8.3 |
| **4. Revenue Expenditure** | 113.2 | 6.0 | 15.9 | 2.4 | 45.0 | 10.3 | -21.4 | -9.8 | -12.1 | -9.8 | 48.4 | -8.7 | 2.5 | -5.2 | 12.9 |
| a. Interest payment | 2673.9 | 19.9 | 4.9 | 16.0 | 63.2 | -55.8 | 12.8 | 7.8 | 0.1 | 65.2 | -5.4 | 16.4 | 6.5 | 8.1 | 64.2 |
| b. Salaries | 12.5 | — | -22.3 | — | -21.7 | 14.3 | — | -23.1 | — | -5.1 | 13.4 | — | -22.7 | — | -12.8 |
| c. Pension | 111.1 | -0.8 | -17.8 | -7.2 | 166.3 | -71.5 | -2.8 | -2.5 | -16.9 | -84.3 | -31.8 | -1.8 | -10.1 | -11.7 | -53.2 |
| d. Subsidy | 35.9 | — | 66.7 | — | 49.5 | -23.5 | — | 478.1 | — | 51.5 | -14.4 | — | 217.4 | — | 50.4 |
| **5. Capital Expenditure** | 160.4 | -57.3 | 21.8 | -36.8 | -31.8 | 174.2 | 17.4 | 22.3 | -11.0 | 9.6 | 165.2 | -7.7 | 22.1 | -19.3 | -11.2 |
| **6. Sector wise Expenditure** | 117.7 | -1.0 | 12.7 | 1.7 | 33.2 | 15.4 | -1.0 | -7.6 | -12.9 | -7.6 | 55.0 | — | 2.2 | -6.5 | 9.8 |
| a.General Sector | 193.7 | 2.4 | -15.2 | 0.8 | 27.9 | -47.9 | 4.4 | -15.9 | -6.9 | -28.8 | 2.7 | 3.4 | -15.6 | -2.8 | -8.9 |
| b.Social Sector | 83.3 | 25.2 | 52.7 | 7.2 | 33.4 | 73.6 | -27.7 | -20.8 | 2.7 | -1.7 | 78.1 | -4.1 | 11.6 | 4.9 | 12.3 |
| c.Economic Sector | 148.2 | -33.6 | 31.2 | -5.6 | 36.1 | 26.9 | -10.1 | 49.1 | -37.8 | 8.9 | 88.1 | -20.1 | 40.4 | -25.8 | 23.0 |
| **7. Grants-in-aid-Contributions** | 602.9 | 24.0 | 113.0 | -43.8 | — | 4800.0 | -48.9 | -5.1 | 16.9 | — | 722.9 | -29.9 | 39.6 | -3.5 | — |
| **8. Total Expenditure** | 117.7 | -0.5 | 16.3 | 0.0 | 33.2 | 15.4 | -15.1 | -7.5 | -12.0 | -7.6 | 55.0 | -8.5 | 3.9 | -6.5 | 9.8 |
| **9. Revenue Deficit** | 289.7 | -214.7 | 138.9 | 135.4 | 1405.8 | 1232.8 | -16.2 | -17.8 | 15.5 | -23.5 | 446.1 | -148.8 | 63.8 | 84.2 | 327.1 |
| **10. Fiscal Deficit** | 256.4 | 478.0 | 112.9 | 89.4 | 179.6 | 197.1 | -233.4 | -0.2 | 21.4 | -0.8 | 230.2 | -450.6 | 58.4 | 55.9 | 76.7 |
| **11. Primary Deficit** | 218.2 | -160.3 | 177.7 | 215.9 | 239.2 | -5114.4 | -58.8 | -7.8 | 60.6 | -29.2 | 440.5 | 107.2 | 97.6 | 141.1 | 82.6 |

Source : Computed from monthly indicators, C&AG

കേരള ഇക്കോണമി
പുസ്തകം 1 ലക്കം 4 ഡിസംബർ 2020





# നികുതി വരുമാനവും ജി ഡി പിയും തമ്മിലുള്ള പൊരുത്തം: ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും കേരളവും

എൻ രാമലിംഗം, സന്തോഷ്കുമാർ ഡാഷ്

കോവിഡ് മഹാമാരിയും തുടർന്നുണ്ടായ ലോക്ക് ഡൗണും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. റവന്യു വരുമാനത്തിൽ ഉണ്ടായ ഇടിവും ചെലവിനങ്ങളിൽ പ്രകടമായ കൂറ്റൻ വർധനവും മൂലം കടുത്ത സമ്മർദ്ദത്തിലായ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ഒരു കത്രിക പൂട്ടിലാണെന്ന് കാണാം. റിസർവ് ബാങ്കിന്റെ റിപ്പോർട്ട് പ്രകാരം 2020 –21 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ പാദത്തിൽ (ഏപ്രിൽ–ജൂൺ) സംസ്ഥാനങ്ങളുടെ റവന്യു വരുമാനത്തിൽ 21 ശതമാനം ഇടിവ് രേഖപ്പെടുത്തിയപ്പോൾ റവന്യു ചെലവുകൾ 11.7 ശതമാനം വളർച്ച രേഖപ്പെടുത്തി. എന്നാൽ ജി ഡി പിയുടെ കാര്യത്തിൽ തിരിച്ചു വരവിന്റെ ലക്ഷണങ്ങൾ പ്രകടമാക്കി കൊണ്ട് –7.5 ശതമാനമാണ് രണ്ടാം പാദത്തിലെ വളർച്ച. തൊട്ടുമുൻപുള്ള പാദത്തിൽ –23.9 ശതമാനമായിരുന്നു വളർച്ച. ഇംഗ്ലീഷ് അക്ഷരമാലയിലെ 'വി' എന്ന അക്ഷരത്തിന്റെ രീതിയിലുള്ള വളർച്ച ഉണ്ടാകുമോ എന്നതാണ് ഇപ്പോൾ ശ്രദ്ധ നേടുന്ന കാര്യം. നടപ്പ് സാമ്പത്തിക വർഷത്തിലെ ആദ്യ പകുതിയിലെ കേരളത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടായ മാറ്റത്തെ മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടേതുമായുള്ള ഒരു താരതമ്യ പഠനമാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്. ജി ഡി പിയിൽ ഉണ്ടായ വളർച്ചയോട് നികുതി വരുമാനം എപ്രകാരം പ്രതികരിച്ചു എന്നതാണ് ഇവിടെ പരിശോധിക്കുന്നത്.[1]

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ നികുതി വരുമാനത്തിൽ ഒന്നാം അർദ്ധവർഷത്തിൽ ശരാശരി 25 ശതമാനം ഇടിവുണ്ടായി എന്ന വസ്തുത പരിഗണിക്കുമ്പോൾ ഇത്തരമൊരു പഠനം കൂടുതൽ പ്രസക്തമാണ്. ഏറ്റവും ശക്തമായ തിരിച്ചടി നേരിട്ടത് കേരളത്തിനാണ്. സംസ്ഥാനത്തിന്റെ നികുതി വരുമാനം 33 ശതമാനമാണ് കുറഞ്ഞത്. 2019 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിലെ കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സി ആൻഡ് എ ജി) കണക്കുകൾ പ്രകാരം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ റവന്യു വരുമാനത്തിന്റെ 80 ശതമാനവും നികുതി ഇനത്തിൽ നിന്നാണ് ലഭിച്ചത്. തെലങ്കാനയുടെ കാര്യത്തിൽ ഇത് 85 ശതമാനമാണ്. നികുതിയേതര വരുമാനം, ഗ്രാന്റുകൾ, സംഭാവനകൾ തുടങ്ങിയവ ചേർന്നതാണ് ശേഷിക്കുന്ന 20 ശതമാനം.

> ***2020 –21 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ ജി ഡി പിയുടെ കാര്യത്തിൽ ഉണ്ടായ തിരിച്ചുവരവ് നികുതി വരുമാനത്തിലെ വളർച്ചയുമായി പൊരുത്തപ്പെട്ട് പോകുന്നില്ല.***

***റവന്യൂ വരുമാനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിലെ ഒന്നാം പാദത്തിൽ ഉണ്ടായ -42.2 ശതമാനം എന്ന വലിയ ഇടിവ് രണ്ടാം പാദത്തിലെത്തുമ്പോൾ -9 ശതമാനം എന്ന നിലയിലേക്ക് മെച്ചപ്പെട്ടു എന്നത് ശ്രദ്ധേയമാണ്.***

ദേശീയ തലത്തിലേക്ക് വരുമ്പോൾ നികുതി വരുമാനത്തിലെ വളർച്ച -25 ശതമാനമായി രുന്നപ്പോൾ ജി ഡി പിയിലെ വളർച്ച -15.7 ശതമാനം മാത്രമായിരുന്നു. ജി ഡി പി വളർച്ചയെ അപേക്ഷിച്ച് നികുതി വരുമാന ത്തിലെ വർധന ഏറെ പിന്നിലാണെന്ന് ഇത് വ്യക്തമാക്കുന്നു. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിലെ അടക്കം കണക്കുകൾ പരിശോധിക്കുമ്പോൾ നികുതി വരുമാനം തിരിച്ചുവരവിന്റെ പാതയിലാണെന്ന് കാണാം. സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ നികുതി വരുമാന വളർച്ച -42.2 ശതമാനമായിരുന്നുവെന്നോർക്കണം. ഇത് ആ കാലയളവിൽ ജി ഡി പിയിൽ ഉണ്ടായ വളർച്ചയായ -23.9 ശതമാനത്തിന്റെ ഏകദേശം ഇരട്ടിയോളം വരുന്നുണ്ട്. നികുതി വരുമാനത്തിലെ ഓരോ ഇനവുമെടുക്കുമ്പോൾ ജി ഡി പിയിൽ ഉണ്ടായ മൈനസ് വളർച്ചയുടെ തോതിന്റെ ഏകദേശം രണ്ടിരട്ടിയോളമാണ് ഇടിവ് എന്ന് കാണാനാകും. എന്നാൽ രണ്ടാം പാദത്തിലേക്ക് കടക്കുന്നതോടെ കാര്യങ്ങൾ മെച്ചപ്പെടുന്നതിന്റെ സൂചനകൾ പ്രകടമാണ്. ഇക്കാലയളവിൽ നാല് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ നികുതി വരുമാനത്തിലെ വളർച്ച -9 ശതമാനം എന്ന നിലയിലേക്ക് മെച്ചപ്പെട്ടു. ആദ്യ പാദത്തിൽ ഏറ്റവും വലിയ ആഘാതം ഉണ്ടായത് കേരളത്തിനാണ്. 54.7 ശതമാനം റവന്യൂ നഷ്ടമാണ് തലേ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് കേരളത്തി നുണ്ടായത്. എന്നാൽ രണ്ടാം പാദത്തിൽ ഈ നഷ്ടത്തിന്റെ തോത് 14.8 ശതമാനമായി കുറഞ്ഞിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളുമായി നോക്കുമ്പോൾ കേരളം ഏറ്റവും പിന്നിലാണെ ങ്കിലും നഷ്ടമായ വരുമാനം കുറെയേറെ തിരിച്ചുപിടിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞി ട്ടുണ്ട്.

ഏപ്രിൽ - സെപ്റ്റംബർ കാലയളവിൽ ഓരോ നികുതി ഇനങ്ങളിലും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഉണ്ടായ ചലനങ്ങൾ എന്തൊക്കെയെന്ന് നോക്കാം.

### ചരക്ക് സേവന നികുതി

സി ആൻഡ് എ ജി റിപ്പോർട്ട് പ്രകാരം, എസ് ജി എസ് ടി , ഐ ജി എസ് ടി എന്നീ ഇനങ്ങളിൽ സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്ന വിഹിതമാണ് ഈ ഇനത്തിലുള്ള വരുമാനം. ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന കേന്ദ്ര ജി എസ് ടി, കേന്ദ്ര ഐ ജി എസ് ടി എന്നീ ഇനങ്ങളുടെ വിഹിതവും ഇതിൽ ഉൾപ്പെടുന്നു. 2020 -21 ലെ ആദ്യ അർദ്ധ വർഷത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ മൊത്തം നികുതി വരുമാനത്തിന്റെ 35 ശതമാനവും ജി എസ് ടി ഹെഡിൽ വരുന്നതാണ്. കേരള ത്തിന്റെ കാര്യത്തിൽ ഇത് 38 .6 ശതമാനമാണ്. ജി ഡി പിയിൽ 15.7 ശതമാനത്തിന്റെ ഇടിവുണ്ടായപ്പോൾ ജി എസ് ടി വരുമാന ത്തിൽ സംഭവിച്ച കുറവ് 26 ശതമാനമാണ്. ഇക്കാര്യത്തിലും കേരളത്തിനാണ് ഏറ്റവും വലിയ കോട്ടം (33 .1 ശതമാനം) സംഭവിച്ചത് (പട്ടിക-3 കാണുക). ഇനി ഒന്ന്, രണ്ട് പാദങ്ങളിലെ നികുതി വരുമാനത്തിന്റെ സ്ഥിതി പരിശോധിക്കുമ്പോൾ ഒന്നാം പാദത്തെ അപേക്ഷിച്ച് രണ്ടാം പാദത്തിൽ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടെന്ന് കാണാൻ കഴിയും. ഒന്നാം പാദത്തിൽ -44.3 ശതമാനമാ യിരുന്ന ജി എസ് ടി വളർച്ച രണ്ടാം പാദത്തി ലേക്കെത്തുമ്പോൾ -9 ശതമാനമായി മെച്ച പ്പെട്ടു. സ്ഥിതി മെച്ചപ്പെടുന്ന കാര്യത്തിൽ കാര്യമായ നേട്ടം ഉണ്ടാക്കിയത് കേരളമാ ണെന്ന് വ്യക്തമാണ്. -54.7 ശതമാനത്തിൽ

***ജി ഡി പിയുടെ കാര്യത്തിലെന്ന പോലെ നികുതി വരുമാനത്തിന്റെ കാര്യത്തിലും ഇംഗ്ലീഷ് അക്ഷരമാലയിലെ 'വി' എന്ന അക്ഷരത്തിന്റെ രീതിയിലുള്ള വളർച്ച കാണാൻ കഴിയും.***

നിന്നും വളർച്ച –14.8 ശതമാനത്തിലേക്കെത്തി. ഘട്ടം ഘട്ടമായി ലോക്ക് ഡൗണിൽ അനുവദിച്ച ഇളവുകൾ സംസ്ഥാനങ്ങളുടെ നികുതി വരുമാനത്തിലും പോസിറ്റീവായി പ്രതിഫലിക്കുന്നതായി കാണാം.

### വില്പന, വാണിജ്യ നികുതി

നികുതി വരുമാനത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ ഇനമാണ് ഇത്. ആദ്യ അർദ്ധ വർഷത്തെ കണക്കുകളെടുക്കുമ്പോൾ മൊത്തം നികുതി വരുമാനത്തിന്റെ 25.4 ശതമാനമാണ് ഈ ഇനത്തിൽ സംസ്ഥാനങ്ങൾക്ക് ലഭിച്ചത്. കേരളത്തിന്റെ കാര്യത്തിൽ ഇത് 28.3 ശതമാനമാണ്. കേന്ദ്ര വില്പന നികുതി ഇനത്തിലെ വിഹിതവും പെട്രോൾ, ഡീസൽ, വ്യോമ ഇന്ധനം, മദ്യം തുടങ്ങിയ ഇനങ്ങളിൽ നിന്ന് ലഭിക്കുന്ന സംസ്ഥാന വില്പന നികുതിയും മൂല്യ വർധിത നികുതിയും അടങ്ങുന്നതാണ് ഇത്. സാമ്പത്തിക വർഷത്തിന്റെ ആദ്യ ആറ് മാസത്തിൽ കേരളത്തിന്റെ മൊത്തം നികുതി വരുമാനത്തിൽ 28 ശതമാനം വന്നു ചേർന്നത് ഈ ഇനത്തിൽ നിന്നാണ്. ഈ വിഭാഗത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് ഉണ്ടായ ശരാശരി നഷ്ടം 22.3 ശതമാനമാണ്. ഈ ഇനത്തിലെ നഷ്ടക്കണക്കിലും ഒന്നാമത് കേരളമാണ്. 32.5 ശതമാനം നഷ്ടമാണ് കേരളത്തിന് ഉണ്ടായത്. ത്രൈമാസകണക്കുകളിലേക്ക് വരുമ്പോൾ ഒന്നാം പാദത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് സംഭവിച്ച 48.9 ശതമാനം നഷ്ടം രണ്ടാം പാദത്തിൽ 1.5 ശതമാനം എന്ന നിലയിലേക്ക് മെച്ചപ്പെട്ടതായി കാണാം. കേരളത്തിന്റെ കാര്യമെടുക്കുമ്പോൾ ഒന്നാം പാദ നഷ്ടം 61.3 ശതമാനമായിരുന്നത് രണ്ടാം പാദത്തിൽ 8.1 ശതമാനം എന്ന നിലയിലേക്ക് മെച്ചപ്പെട്ടു. തെലങ്കാനയാണ് ഇക്കാര്യത്തിൽ ഏറെ ശ്രദ്ധേയമായ നേട്ടമുണ്ടാക്കിയത്. ഒന്നാം പാദത്തിൽ 46.6 ശതമാനം നഷ്ടമുണ്ടാക്കിയ സ്ഥാനത്ത് രണ്ടാം പാദത്തിൽ 17.6 ശതമാനം പോസിറ്റീവ് വളർച്ച കൈവരിക്കാൻ അവർക്ക് കഴിഞ്ഞു.

### കേന്ദ്ര നികുതികളിലെ സംസ്ഥാന വിഹിതം

മൊത്തം നികുതി വരുമാനത്തിന്റെ ഏകദേശം 15 ശതമാനമാണ് ഈ ഇനത്തിൽ ശരാശരി സംസ്ഥാനങ്ങൾ നേടുന്നത്. കേരളം 15.9 ശതമാനവും നേടുന്നു. ആദായ നികുതി ഉൾപ്പടെയുള്ള നികുതികൾ, ഡ്യൂട്ടികൾ എന്നിവ വഴി കേന്ദ്ര സർക്കാർ സമാഹരിക്കുന്ന വരുമാനത്തിൽ നിന്ന് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വിഹിതമാണ് ഈ ഇനത്തിലുള്ള വരവ്. ആദായ നികുതി, കോർപറേറ്റ് നികുതികൾ, സ്വത്ത് നികുതി, കസ്റ്റംസ് തീരുവ , കേന്ദ്ര എക്സൈസ് ഡ്യൂട്ടി തുടങ്ങിയ നികുതി ഇനങ്ങളിലെ മൊത്തം വരുമാനത്തിന്റെ വിഹിതമാണ് ഇത്. ഈ ഇനത്തിൽ ഏറ്റവും വലിയ നഷ്ടം സംഭവിച്ചത് കേരളത്തിനും കർണ്ണാടകത്തിനുമാണ്. 38 ശതമാനം നികുതി നഷ്ടമാണ് ഈ ഇനത്തിലായി രണ്ടു സംസ്ഥാനങ്ങൾക്കും ഉണ്ടായത്. ഒന്ന്, രണ്ട് പാദങ്ങളിലെ കണക്കുകൾ കൂടി പരിഗണക്കുമ്പോൾ കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും ഈ ഇനത്തിലുള്ള നഷ്ടം കൂടുതൽ പ്രകടമാകും. കേരളത്തിന്റെ കാര്യത്തിൽ ഒന്നാം പാദത്തിൽ ഇനത്തിൽ ഉണ്ടായ കുറവ് 27.6 ശതമാനമായിരുന്നത് രണ്ടാം പാദത്തിൽ 45.9 ശതമാനമായി. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കോവിഡ് കാലത്ത് ഇത് ഒരു തരത്തിൽ കൂനിന്മേൽ കുരു എന്ന പോലെയാവുകയായിരുന്നു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ഇക്കാര്യത്തിലുള്ള ശരാശരി നഷ്ടം ഒന്നാം അർദ്ധവർഷത്തിൽ –32 ശതമാന

**Table 1.** Tax revenue - April to June (Quarter 1)

| No. | Components | 2019-20Q1 (Rs. in crores) | | | | | 2020-21Q1 (Rs. in crores) | | | | | Growth Rate (%) | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | AP* | KA | KL | TN | TS | AP* | KA | KL | TN | TS | AP* | KA | KL | TN | TS | Avg** |
| 1 | Tax Revenue | 11102 | 31732 | 15542 | 31062 | 17691 | 12531 | 19540 | 7533 | 16693 | 11893 | 12.9 | -38.4 | -51.5 | -46.3 | -32.8 | -42.2 |
| 2 | Goods and Service Tax | 2413 | 12663 | 6597 | 9051 | 6326 | 4382 | 7625 | 2990 | 4959 | 3957 | 81.6 | -39.8 | -54.7 | -45.2 | -37.5 | -44.3 |
| 3 | Stamps and Registration Fees | 1301 | 2688 | 840 | 2615 | 1814 | 534 | 1178 | 418 | 1005 | 655 | -59.0 | -56.2 | -50.2 | -61.6 | -63.9 | -58.0 |
| 4 | Land Revenue | 7 | 34 | 79 | 16 | 1 | 13 | 22 | 102 | 19 | 0 | 76.1 | -34.8 | 28.3 | 22.9 | -76.0 | -14.9 |
| 5 | Taxes on Sales Trade etc | 5151 | 4236 | 4131 | 9649 | 4438 | 2603 | 2675 | 1600 | 4737 | 2371 | -49.5 | -36.9 | -61.3 | -50.9 | -46.6 | -48.9 |
| 6 | State Excise Duties | 1365 | 5760 | 569 | 1669 | 2453 | 1043 | 3831 | 374 | 1035 | 2531 | -23.6 | -33.5 | -34.2 | -38.0 | 3.2 | -25.6 |
| 7 | State's Share of Union Taxes | -72 | 4423 | 2350 | 5979 | 1525 | 3602 | 3194 | 1702 | 4446 | 1869 | -5129.8 | -27.8 | -27.6 | -25.6 | 22.6 | -14.6 |
| 8 | Other Taxes and Duties | 936 | 1928 | 975 | 2082 | 1135 | 355 | 1014 | 346 | 492 | 510 | -62.1 | -47.4 | -64.5 | -76.4 | -55.0 | -60.8 |

***Notes:*** * Data for the Andhra Pradesh is not taken for analysis; ** Average for four states; AP: Andhra Pradesh, KA: Karnataka, KL: Kerala, TN: Tamil Nadu, TS: Telangana,

***Source:*** Author's computation from *Monthly Key Indicators*, C&AG.

**Table 2.** Tax revenue - July to September (Quarter 2)

| No. | Components | 2019-20Q2 (Rs. in crores) | | | | | 2020-21Q2 (Rs. in crores) | | | | | Growth Rate (%) | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | AP* | KA | KL | TN | TS | AP* | KA | KL | TN | TS | AP* | KA | KL | TN | TS | Avg** |
| 1 | Tax Revenue | 30802 | 33165 | 16404 | 33886 | 19904 | 17405 | 28614 | 13973 | 31453 | 19865 | -43.5 | -13.7 | -14.8 | -7.2 | -0.2 | -9.0 |
| 2 | Goods and Service Tax | 11603 | 12455 | 5805 | 10109 | 6499 | 5035 | 11511 | 5304 | 8741 | 6481 | -56.6 | -7.6 | -8.6 | -13.5 | -0.3 | -7.5 |
| 3 | Stamps and Registration Fees | 1434 | 2794 | 913 | 2778 | 1355 | 1353 | 2504 | 761 | 2582 | 1002 | -5.7 | -10.4 | -16.7 | -7.1 | -26.1 | -15.1 |
| 4 | Land Revenue | 8 | 62 | 77 | 40 | 0 | 93 | 40 | 110 | 44 | 0 | 1119.2 | -34.9 | 42.9 | 10.4 | -16.7 | 0.4 |
| 5 | Taxes on Sales Trade etc | 5948 | 4059 | 4876 | 11361 | 4911 | 4035 | 3819 | 4482 | 11630 | 5778 | -32.2 | -5.9 | -8.1 | 2.4 | 17.6 | 1.5 |
| 6 | State Excise Duties | 1450 | 5121 | 557 | 1781 | 2221 | 3648 | 5934 | 604 | 2155 | 3755 | 151.6 | 15.9 | 8.5 | 21.0 | 69.1 | 28.6 |
| 7 | State's Share of Union Taxes | 9580 | 5986 | 3171 | 6541 | 3858 | 2421 | 3221 | 1717 | 5274 | 1884 | -74.7 | -46.2 | -45.9 | -19.4 | -51.2 | -40.6 |
| 8 | Other Taxes and Duties | 780 | 2688 | 1005 | 1276 | 1059 | 820 | 1584 | 994 | 1027 | 966 | 5.1 | -41.1 | -1.0 | -19.5 | -8.9 | -17.6 |

***Notes:*** Same as Table 1

***Source:*** Same as Table 1

**Table 3.** Tax revenue - - April to September (Half Yearly 1)

| No. | Components | 2019-20H1 (Rs. in crores) | | | | | 2020-21H1 (Rs. in crores) | | | | | Growth Rate (%) | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | AP* | KA | KL | TN | TS | AP* | KA | KL | TN | TS | AP* | KA | KL | TN | TS | Avg** |
| 1 | Tax Revenue | 41904 | 64898 | 31946 | 64948 | 37594 | 29936 | 48153 | 21506 | 48147 | 31759 | -28.6 | -25.8 | -32.7 | -25.9 | -15.5 | -25.0 |
| 2 | Goods and Service Tax | 14016 | 25118 | 12401 | 19159.36 | 12825 | 9417 | 19137 | 8294 | 13700 | 10438 | -32.8 | -23.8 | -33.1 | -28.5 | -18.6 | -26.0 |
| 3 | Stamps and Registration Fees | 2735 | 5482 | 1754 | 5393 | 3169 | 1887 | 3681 | 1179 | 3587 | 1657 | -31.0 | -32.8 | -32.7 | -33.5 | -47.7 | -36.7 |
| 4 | Land Revenue | 15 | 96 | 157 | 56 | 1 | 105 | 62 | 212 | 64 | 0 | 609.2 | -34.9 | 35.5 | 14.0 | -64.5 | -12.5 |
| 5 | Taxes on Sales Trade etc | 11099 | 8295 | 9007 | 21010 | 9349 | 6638 | 6493 | 6082 | 16367 | 8148 | -40.2 | -21.7 | -32.5 | -22.1 | -12.8 | -22.3 |
| 6 | State Excise Duties | 2815 | 10881 | 1126 | 3451 | 4674 | 4692 | 9766 | 979 | 3190 | 6286 | 66.7 | -10.2 | -13.1 | -7.6 | 34.5 | 0.9 |
| 7 | State's Share of Union Taxes | 9508 | 10409 | 5522 | 12520 | 5383 | 6023 | 6415 | 3419 | 9720 | 3753 | -36.7 | -38.4 | -38.1 | -22.4 | -30.3 | -32.3 |
| 8 | Other Taxes and Duties | 1716 | 4616 | 1980 | 3358 | 2194 | 1174 | 2599 | 1341 | 1519 | 1476 | -31.6 | -43.7 | -32.3 | -54.8 | -32.7 | -40.9 |

***Notes:*** Same as Table 1
***Source:*** Same as Table 1

മായിരുന്നു. എന്നാൽ ഒന്നാം പാദത്തിലെ കണക്കെടുക്കുമ്പോൾ 14 .6 ശതമാനവും രണ്ടാം പാദത്തിൽ 40.6 ശതമാനവുമാണ് ശരാശരി നഷ്ടം എന്നത് പ്രതിസന്ധിയുടെ ആഴം വ്യക്തമാക്കുന്നതാണ്.

### സംസ്ഥാന എക്സൈസ് തീരുവ

വിദേശ മദ്യം, നാടൻ മദ്യം തുടങ്ങിയ ഇനങ്ങളിൽ നിന്ന് ലഭ്യമാകുന്ന നികുതിയാണ് ഇത്. 2020–21 ലെ ആദ്യപകുതിയിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ നേടിയ നികുതി വരുമാനത്തിൽ 12.8 ശതമാനം ഈ ഇനത്തിൽ നിന്നായിരുന്നു. കേരളത്തിന്റെ ഈ ഇനത്തിൽ നിന്നുള്ള വരുമാനം കേവലം 4.6 ശതമാനമാണ്. എന്നാൽ കോവിഡ് കാലത്ത് ഇക്കാര്യത്തിൽ സംസ്ഥാനത്തിന് വലിയ തിരിച്ചടിയാണ് നേരിടേണ്ടി വന്നത്. കാരണം വരുമാനം –13.1 ശതമാനമായി. ഒന്നാം പാദമെടുക്കുമ്പോൾ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ഈ ഇനത്തിലെ വരവ് 25.6 ശതമാനം കുറഞ്ഞിട്ടുണ്ട്. എന്നാൽ രണ്ടാം പാദത്തിൽ 28.6 ശതമാനം പോസിറ്റീവ് വളർച്ച നേടാൻ കഴിഞ്ഞു. തെലങ്കാനയാണ് ഇതിൽ കാര്യമായ നേട്ടമുണ്ടാക്കിയത്. കേരളത്തിന്റെ കാര്യമെടുത്താൽ ഒന്നാം പാദത്തിൽ ഉണ്ടായ 34.2 ശതമാനം നെഗറ്റീവ് വളർച്ച രണ്ടാം പാദമായപ്പോൾ 8.5 ശതമാനം വളർച്ച കൈവരിച്ചു.

### മുദ്രകളും രജിസ്ട്രേഷൻ ഡ്യൂട്ടിയും

സ്റ്റാമ്പ്, രജിസ്ട്രേഷൻ ഡ്യൂട്ടി എന്നിവയാണ് ഈ ഇനത്തിലെ മുഖ്യ വരുമാന സ്രോതസ്സ്. ഒന്നാം അർദ്ധവർഷത്തിൽ മൊത്തം നികുതി വരുമാനത്തിന്റെ 6.4 ശതമാനം നേടാൻ ഇതുവഴി സംസ്ഥാനങ്ങൾക്ക് കഴിഞ്ഞു. കേരളത്തിന് നേടാൻ കഴിഞ്ഞത് 5.5 ശതമാനമാണ്. ഈ ഇനത്തിലുള്ള കേരളത്തിന്റെ വരുമാനം കുറഞ്ഞത് 32.8 ശതമാനമാണ്. എന്നാൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ശരാശരി നഷ്ടം 36.7 ശതമാനമാണ്. ഒന്നാം പാദത്തിൽ ഇടിവ് 58 ശതമാനമായിരുന്നെങ്കിൽ രണ്ടാം പാദത്തിൽ സ്ഥിതി മെച്ചപ്പെട്ടു. വരുമാന തളർച്ച 15 ശതമാനം. മഹാമാരിയുടെ ആഘാതത്തിൽ നിന്ന് റിയൽ എസ്റ്റേറ്റ് രംഗം മെല്ലെ കര കയറുന്നതിന്റെ സൂചനയായി ഇതിനെ വിലയിരുത്താൻ കഴിയും. കേരളത്തിന്റെ കാര്യത്തിൽ ഒന്നാം ത്രൈമാസത്തെ അപേക്ഷിച്ച് രണ്ടാം ത്രൈമാസത്തിൽ മികച്ച പ്രകടനം ഈ ഇനത്തിൽ കാണുവാൻ കഴിയും. എന്നാൽ തെലങ്കാനക്ക് രണ്ടു പാദങ്ങളിലും ഗുരുതരമായ തിരിച്ചടിയാണ് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ എന്നിവയുടെ കാര്യത്തിൽ സംഭവിച്ചത്.

### മറ്റു നികുതികളും ഡ്യൂട്ടികളും

കാർഷിക വരുമാനത്തിന്മേലുള്ള നികുതി, കാർഷിക ആദായ നികുതി അല്ലാതെയുള്ള സ്ഥാവര സ്വത്തുക്കളിൽ നിന്നുള്ള നികുതി, മോട്ടോർ വാഹന നികുതി, വൈദ്യുതി ഡ്യൂട്ടി എന്നിവ അടങ്ങുന്നതാണ് ഈ ഇനത്തിലുള്ള വരുമാനം.

ആദ്യപകുതിയിൽ മൊത്തം നികുതി വരുമാനത്തിന്റെ 4 .9 ശതമാനം വരുമാനം ഇത് വഴി നേടാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിന് 6.2 ശതമാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. ഒന്നാം അർദ്ധ വർഷത്തിൽ സംസ്ഥാനങ്ങളുടെ നഷ്ടം 40.9 ശതമാനമാണ്. ഒന്നാം പാദത്തിൽ സംഭവിച്ച 60.8 ശതമാനമെന്ന കൂറ്റൻ ഇടിവിൽ നിന്ന് മുക്തി നേടുവാൻ രണ്ടാം പാദത്തിൽ കഴിഞ്ഞു. രണ്ടാം പാദത്തിൽ ഇടിവിന്റെ തോത് 17.6 ശതമാനത്തിലേക്കെത്തി. തമിഴ്നാടിനാണ് ഈ ഇനത്തിലെ വരുമാനത്തിന്റെ കാര്യത്തിൽ ഏറ്റവും വലിയ തിരിച്ചടി നേരിട്ടത്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ കേരളത്തിന് ഈ ഇനത്തിൽ സംഭവിച്ച കുറവ് 32.3 ശതമാനമാണ്. ഒന്നാം പാദത്തിൽ നിന്ന് രണ്ടാം പാദത്തിലേക്ക് വരുമ്പോൾ കാര്യങ്ങൾ മെച്ചപ്പെട്ടു. ഒന്നാം പാദത്തിൽ 64.5 ശതമാനമായിരുന്നു ഇടിവെങ്കിൽ രണ്ടാം പാദത്തിൽ ഇത് ഒരു ശതമാനത്തിലേക്ക് താഴ്ന്നു.

## ഭൂമിയിൽ നിന്നുള്ള വരവ്

ഭൂനികുതി, തോട്ടങ്ങളിൽ നിന്നുള്ള നികുതി എന്നിവയാണ് ഈ ഇനത്തിൽ വരുന്നത്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെയെടുക്കുമ്പോൾ മൊത്തം നികുതി വരുമാനത്തിൽ ഇതിന്റെ വിഹിതം വെറും 0.3 ശതമാനമാണ്. എന്നാൽ കേരളം ഈ ഇനത്തിൽ നേടുന്നത് ഒരു ശതമാനമാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്ത് കേരളമാണ്. ഒന്നാം അർദ്ധ വർഷത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ 12.5 ശതമാനം ഇടിവ് സംഭവിച്ചപ്പോൾ കേരളത്തിൽ വേറിട്ട ചിത്രമാണ് കണ്ടത്. പ്രതിസന്ധിയുടെ ഘട്ടത്തിലും കേരളം 35.5 ശതമാനം വളർച്ചയാണ് ഈ ഇനത്തിൽ കൈവരിച്ചത്. ത്രൈമാസകാലയളവിലെ കണക്കുകളിലും ഈ വർധന പ്രകടമാണ്. ഒന്നാം പാദത്തിലെ വളർച്ച 28.3 ശതമാനമായിരുന്നെങ്കിൽ രണ്ടാം പാദത്തിൽ 42.9 ശതമാനം വർധന നേടാൻ കഴിഞ്ഞു. തമിഴ്നാടിനും ഏറെക്കുറെ സമാനമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞപ്പോൾ തെലങ്കാന ശക്തമായ തിരിച്ചടി നേരിട്ടു.

നടപ്പ് സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ ഇന്ത്യൻ സമ്പദ്ഘടന വലിയ തിരിച്ചടി നേരിട്ടപ്പോൾ രണ്ടാം പാദത്തിൽ പ്രതീക്ഷയിൽ കവിഞ്ഞ തിരിച്ചുവരവ് നടത്തിയതായി വിലയിരുത്താൻ കഴിയും. മൂന്നാം പാദത്തിൽ കുറേക്കൂടി ഭേദപ്പെട്ട പ്രകടനവും വർഷാന്ത്യമാകുമ്പോൾ പോസിറ്റീവ് വളർച്ചയിലേക്കും എത്താൻ കഴിയുമെന്ന വിലയിരുത്തലുണ്ട്. ഏപ്രിൽ-ജൂൺ ഒന്നാം പാദവും ജൂലൈ-സെപ്റ്റംബർ രണ്ടാം പാദവും പരിഗണിക്കുമ്പോൾ നികുതി വരുമാനത്തിൽ കേരളത്തിന് ശ്രദ്ധേയമായ തിരിച്ചു വരവ് നടത്താൻ കഴിഞ്ഞതായി വ്യക്തമാകുന്നുണ്ട്. ജി എസ് ടി , സംസ്ഥാന എക്സൈസ് തീരുവ, മറ്റു നികുതികൾ, ഡ്യൂട്ടികൾ, സംസ്ഥാന വാണിജ്യ നികുതി എന്നിവയിലാണ് മുന്നേറ്റം പ്രകടമായിരിക്കുന്നത്. എന്നാൽ അർധവാർഷികാടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ കേരളം നികുതി വരുമാനം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ മികച്ച ടാക്സ് ഗവേണൻസിലൂടെ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ജി എസ് ടി , സ്റ്റാമ്പ് ഡ്യൂട്ടി, എക്സൈസ് ഡ്യൂട്ടി തുടങ്ങിയ മേഖലകളിലെ മെച്ചപ്പെട്ട പ്രകടനം വഴിയായി രണ്ടാം അർദ്ധ വർഷത്തിലും 2021-22 സാമ്പത്തിക വർഷത്തിലും നികുതി വരുമാനത്തിൽ പോസിറ്റീവ് വളർച്ചയിലേക്ക് സംസ്ഥാനത്തെ എത്തിക്കാൻ കഴിയും.

■

(എൻ രാമലിംഗം , അസോസിയേറ്റ് പ്രഫസർ, സന്തോഷ്കുമാർ ഡാഷ്, അസിസ്റ്റന്റ് പ്രഫസർ, ഗിഫ്റ്റ്)

[1] The data in this study are taken from *Monthly Key Indicators* of C&AG website -www.cag.gov.in/en/state-accounts-report. The monthly data for the period from April to September 2019 and 2020 of southern states are taken. We have not considered the state of Andhra Pradesh since the data show aberrated values for almost all the components of tax revenue. Hence for the purpose of analysis only four southern states are taken, namely, Karnataka, Kerala, Tamil Nadu, and Telangana.

## References

Government of India (2020). P*RESS NOTE ON ESTIMATES OF GROSS DOMESTIC PRODUCT FOR THE SECOND QUARTER (JULY-SEPTEMBER) 2020-2021*. Available at http://mospi.nic.in/sites/default/files/press_release/PRESS_NOTE-Q2_2020-21.pdf

RBI (2020). *State Finances: A Study of Budgets of 2020-21.*

**പ്രൈസ് മോണിറ്റർ**

# കോവിഡ് കാലത്തെ വില നിലവാരം

കിരൺകുമാർ കക്കർലപുടി, രഞ്ജിത്ത് പി എസ്

**സാ**ധനങ്ങളുടെ വില എല്ലാവരെയും ബാധിക്കുന്ന കാര്യമാണെങ്കിലും വിലക്കയറ്റം, പണപ്പെരുപ്പം തുടങ്ങിയവ പാവപ്പെട്ടവരെയാണ് ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത്. ലളിതമായി പറഞ്ഞാൽ ഒരു സാധനത്തിന്റെ വില നിർണ്ണയിക്കുന്നത് അതിന്റെ ഡിമാൻഡും സപ്ലൈയുമാണ്. സാധനങ്ങളുടെ ഡിമാൻഡും സപ്ലൈയും തമ്മിൽ പൊരുത്തപ്പെടുമ്പോൾ വിപണി സന്തുലനാവസ്ഥ കൈവരിക്കുന്നു. കോവിഡ് മൂലമുണ്ടായ ലോക്ക് ഡൌൺ സപ്ലൈയെയും ഡിമാന്റിനെയും വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഒരു വശത്ത് ലോക്ക് ഡൌൺ മൂലം ഉത്പാദനം കുറയുകയും അത് മാർക്കറ്റിലേക്കുള്ള ചരക്കുകളുടെയും സേവനങ്ങളുടെയും വരവിനെ ദോഷകരമായി ബാധിച്ചപ്പോൾ മറുവശത്ത് ഇത് മൂലമുണ്ടായ തൊഴിൽ നഷ്ടവും സ്ഥാപനങ്ങളുടെ അടച്ചുപൂട്ടലും ഡിമാന്റിൽ കാര്യമായ ഇടിവുണ്ടാകുന്നതിന് കാരണമാവുകയും ചെയ്തു. ഇത്തരമൊരു സാഹചര്യം സാധനങ്ങളുടെ വിലയിൽ വലിയ തോതിലുള്ള ചാഞ്ചാട്ടത്തിന് ഇടയാക്കുകയും ഉപഭോക്താക്കളെ അത് ദോഷകരമായി ബാധിക്കുകയും ചെയ്തേക്കാം.

ഈ ഘട്ടത്തിൽ സർക്കാരുകളുടെ ഇടപെടൽ വില നിയന്ത്രിക്കുന്ന കാര്യത്തിൽ നിർണ്ണായകമാണ്. പണപ്പെരുപ്പത്തിന്റെ ആഘാതം കുറയ്ക്കുന്നതിന് കേരളം നടത്തിയ ഇടപെടൽ എങ്ങനെ വിജയം കണ്ടു എന്നത് ശ്രദ്ധേയമായ കാര്യമാണ്.

***കോവിഡ് മഹാമാരിയുടെ മുൻപുള്ള ഘട്ടത്തിൽ ദേശീയ തലത്തിലും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായും താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ഉയർന്ന വിലയാണ് നിലനിന്നിരുന്നത്.***

കോവിഡിന് മുൻപും കോവിഡ് രൂക്ഷമായ മാസങ്ങളിലും വിലയുടെ ട്രെൻഡിൽ സംഭവിച്ച മാറ്റത്തെ കുറിച്ചാണ് ഈ പഠനം. ഇതോടൊപ്പം ദേശീയ തലത്തിലെയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെയും സ്ഥിതിയുമായും കേരളത്തെ താരതമ്യം ചെയ്യുന്നുമുണ്ട്. എം ഒ എസ് പി ഐ പ്രസിദ്ധീകരിച്ച 2020 ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിലെ വിവരങ്ങളാണ് മൊത്തവിലയുടെ അവലോകനത്തിനായി എടുത്തിരിക്കുന്നത്. ചില്ലറ വില്പന മേഖലയിൽ, സംസ്ഥാന സർക്കാരിന്റെ ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റസിറ്റിക്സ് വകുപ്പിന്റെ പ്രൈസ് ബുള്ളറ്റിനിൽ നിന്നുള്ള വിവരങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

### കേരളം ഒരു താരതമ്യ വിശകലനം

ദേശീയ തലവുമായി, പ്രത്യേകിച്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ കേരളം 2017 –18 മുതൽ 2019 –20 വരെയുള്ള ഘട്ടത്തിൽ ഉയർന്ന തോതിലുള്ള

**Table 1.** Trends in consumer prices (%)

| Year | Kerala | Andhra Pradesh | Karnataka | Tamil Nadu | Telangana | All India |
|---|---|---|---|---|---|---|
| | | | Total | | | |
| 2017-18 | 6.01 | 3.40 | 3.01 | 4.94 | 3.86 | 3.59 |
| 2018-19 | 4.94 | 1.08 | 3.32 | 3.67 | 2.59 | 3.41 |
| 2019-20 | 6.14 | 3.54 | 5.57 | 5.72 | 4.53 | 4.77 |
| | | | Rural | | | |
| 2017-18 | 6.75 | 3.95 | 3.16 | 5.44 | 4.57 | 3.60 |
| 2018-19 | 5.01 | 0.04 | 2.63 | 4.05 | 2.56 | 2.99 |
| 2019-20 | 6.55 | 2.20 | 5.03 | 5.31 | 2.31 | 4.25 |
| | | | Urban | | | |
| 2017-18 | 4.67 | 2.40 | 2.86 | 4.55 | 3.27 | 3.58 |
| 2018-19 | 4.76 | 3.00 | 3.91 | 3.44 | 2.60 | 3.92 |
| 2019-20 | 5.38 | 5.93 | 6.03 | 5.99 | 6.42 | 5.38 |

Source: Author's calculation using MOSPI data.

***കോവിഡ് വ്യാപനം രൂക്ഷമായിരുന്നപ്പോൾ ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വില നിയന്ത്രിച്ചു നിർത്താൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ നഗര പ്രദേശങ്ങളെ അപേക്ഷിച്ച് വില കുറവായിരുന്നു.***

വില പ്രകടമാക്കിയതായി വ്യക്തമാകുന്നുണ്ട്. 2017 –18 ൽ സംസ്ഥാനത്ത് വിലകൾ ഏകദേശം 40 ശതമാനം ഉയർന്ന തോതിലായിരുന്നു (6.0 ശതമാനം). എന്നാൽ ദേശീയ ശരാശരി 3.6 ശതമാനമായിരുന്നു. പിന്നീടുള്ള വർഷങ്ങളിൽ ഈ അന്തരം കുറഞ്ഞു വന്നുവെങ്കിലും 2019 –20 വരെ സംസ്ഥാനത്ത് വിലനിലവാരം ഉയർന്ന തട്ടിലായിരുന്നുവെന്ന് പട്ടിക ഒന്ന് പരിശോധിച്ചാൽ വ്യക്തമാകും. ചില്ലറയായുള്ള വിലനിലവാരം കണക്കിലെടുത്താൽ കേരളത്തിലെ ഗ്രാമീണ മേഖലകളിൽ അർബൻ മേഖലകളെക്കാൾ വില കൂടുതലായിരുന്നുവെന്ന് കാണാം. എന്നാൽ ദേശീയ തലത്തിൽ ഇതിനു നേർവിപരീതമായിരുന്നു അവസ്ഥ. 2019–20 ൽ സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ പണപ്പെരുപ്പ നിരക്ക് 6.6 ശതമാനമായിരുന്നെങ്കിൽ നഗര പ്രദേശങ്ങളിൽ അത് 5.4 ശതമാനം മാത്രമായിരുന്നു. എന്നാൽ ദേശീയ തലത്തിലെടുക്കുമ്പോൾ ഗ്രാമീണ മേഖലയിൽ പണപ്പെരുപ്പം 4.3 ശതമാനമായിരുന്നെങ്കിൽ, നഗര പ്രദേശങ്ങളിൽ 5.6 ശതമാനമായിരുന്നു (പട്ടിക – 1 കാണുക). ഒക്ടോബർ മാസത്തിൽ ഈ അന്തരം പിന്നെയും കുറഞ്ഞു.

എന്നാൽ കോവിഡ് സമയത്ത് അതിന് മുൻപ് പ്രകടമായിരുന്ന വിലയുടെ നേരെ വിപരീതമായ പ്രവണത കാണാൻ കഴിയും. 2020 ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ കേരളത്തിലും അഖിലേന്ത്യാടിസ്ഥാനത്തിലും വിലകൾ ഉയരുന്ന സ്ഥിതി പ്രകടമായി. കേരളത്തിൽ ദേശീയ തലത്തിൽ ഉണ്ടായ അത്ര രൂക്ഷമായ വിലക്കയറ്റം ഉണ്ടായിട്ടില്ലെന്നത് ശ്രദ്ധേയമാണ് (പട്ടിക – 2 കാണുക). കേരളത്തിന്റെയും അഖിലേന്ത്യ തലത്തിലെയും വിലകൾ തമ്മിൽ ഏകദേശം ഒരു ശതമാനത്തിന്റെ വ്യത്യാസം പ്രകടമാണ്. കർണ്ണാടകം ഒഴികെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളേക്കാൾ താഴെയാണ് കേരളത്തിലെ വിലയെന്ന് പട്ടിക രണ്ട്

പരിശോധിച്ചാൽ വ്യക്തമാകും. മാത്രമല്ല, ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ ഗ്രാമീണ മേഖലയിൽ അർബൻ മേഖലയെ അപേക്ഷിച്ച് വില കുറവായിരുന്നുവെന്നും കാണാം. എന്നാൽ മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഗ്രാമീണ മേഖലയിൽ അർബൻ മേഖലയെക്കാൾ ഉയർന്ന വിലയാണ് നിലനിന്നിരുന്നത് (പട്ടിക –2). കേരളത്തിൽ ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ ഗ്രാമീണ മേഖലയും നഗര മേഖലയും തമ്മിൽ വിലയിൽ ഒരു ശതമാനം വ്യത്യാസം പ്രകടമായിരുന്നു.

**ഈ മാറ്റത്തിന് പിന്നിൽ എന്ത്?**

വിവിധ സാധനങ്ങളുടെ പട്ടികയിലെ വില മാറ്റത്തിന് ആധാരമായ കാര്യങ്ങൾ മൊത്ത തലത്തിലാണ് ഇവിടെ വിലയിരുത്തിയിട്ടുള്ളത്. പൊതുവിൽ പ്രകടമായിരുന്ന വിലക്കയറ്റത്തിന്റെ ചുവട് പിടിച്ച് ഭക്ഷ്യ സാധനങ്ങളുടെയും ബീവറേജിന്റെയും ചില്ലറ വില്പന സൂചിക മൂന്ന് മാസങ്ങളിൽ ഉയർന്നതായി കാണാം. എന്നാൽ ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ ഈ വിലമുന്നേറ്റത്തിന്റെ നിരക്ക് ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കുറവായിരുന്നു, 6.1 ശതമാനം മാത്രം (ഫിഗർ – 1 കാണുക). കേരളത്തിൽ മാത്രമാണ് ഗ്രാമീണ മേഖലയിൽ ഈ വിലമുന്നേറ്റത്തിന്റെ തോത് നഗരങ്ങളെ അപേക്ഷിച്ച് കുറവായിരുന്നത്.


***ഭക്ഷ്യ വസ്തുക്കളുടെയും പാനീയങ്ങളുടെയും വിലയിലെ കുറവാണ് പൊതുവിൽ കേരളത്തിലെ വില നിയന്ത്രണത്തിൽ നിയാമക ശക്തിയായി വർത്തിച്ചത്.***

**Table 2.** Consumer prices in Kerala and the other south Indian states from June to October 2020 (in %)

| Year | Kerala | Andhra Pradesh | Karnataka | Tamil Nadu | Telangana | All India |
|---|---|---|---|---|---|---|
| | | | Total | | | |
| Jun | 5.17 | 7.99 | 5.50 | 6.64 | 7.80 | 6.23 |
| Jul | 5.82 | 7.42 | 5.34 | 7.14 | 7.96 | 6.73 |
| Aug | 6.52 | 7.78 | 4.99 | 7.06 | 8.38 | 6.69 |
| Sep | 6.21 | 8.93 | 5.43 | 7.71 | 9.54 | 7.27 |
| Oct | 6.51 | 10.03 | 6.05 | 8.04 | 10.37 | 7.61 |
| | | | Rural | | | |
| Jun | 5.32 | 8.43 | 5.89 | 7.15 | 8.24 | 5.17 |
| Jul | 5.37 | 7.78 | 5.85 | 7.04 | 7.98 | 5.82 |
| Aug | 6.20 | 8.32 | 5.59 | 6.50 | 9.21 | 6.52 |
| Sep | 5.89 | 9.55 | 5.96 | 7.20 | 10.80 | 6.21 |
| Oct | 6.45 | 10.50 | 6.51 | 7.74 | 11.98 | 6.51 |
| | | | Urban | | | |
| Jun | 5.00 | 7.20 | 5.12 | 6.32 | 7.37 | 6.12 |
| Jul | 6.66 | 6.70 | 4.83 | 7.30 | 7.88 | 6.70 |
| Aug | 7.17 | 6.81 | 4.48 | 7.48 | 7.71 | 6.80 |
| Sep | 6.92 | 7.95 | 4.99 | 8.08 | 8.43 | 7.26 |
| Oct | 6.76 | 9.18 | 5.68 | 8.26 | 9.05 | 7.40 |

Source: Author’s calculation using MOSPI data.

**Figure 1**. Consumer prices according to broad commodity groups, August 2020 to October 2020 (average in %)




Source: Author's calculation using MOSPI data.

***മുട്ട, പച്ചക്കറികൾ എന്നിവയുടെ ഉയർന്ന വില കേരളത്തെ സംബന്ധിച്ചിടത്തോളം ആഭ്യന്തര സപ്ലൈ വർധിപ്പിക്കുന്നതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.***

മറ്റു സംസ്ഥാനങ്ങളിൽ ഗ്രാമീണ മേഖലയിലാണ് ഭക്ഷ്യ സാധനങ്ങളുടെ കാര്യത്തിലടക്കം വിലക്കയറ്റം ശക്തമായത്. അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് സംസ്ഥാന സർക്കാർ നടത്തിയ ശക്തമായ ഇടപെടലാണ് ഇതിനു മുഖ്യ കാരണം. ഭക്ഷ്യ കിറ്റുകളുടെ സൗജന്യ വിതരണം 87 ലക്ഷം കുടുംബങ്ങൾക്ക് നേട്ടമുണ്ടാക്കിയതായി കണക്കാക്കുന്നു. മറ്റു സംസ്ഥാനങ്ങളും ഇതേ രീതിയിൽ അവശ്യ സാധനങ്ങൾ വിതരണം നടത്തിയെങ്കിലും അത് ലോക്ക് ഡൌൺ കാലത്ത് മാത്രമായി ചുരുക്കിയിരുന്നു. ഇതര ഉത്പന്ന വിഭാഗങ്ങൾ എടുത്താൽ തുണി , പാദരക്ഷകൾ എന്നിവയുടെ രംഗത്താണ് വിലയിൽ കാര്യമായ മാറ്റം ഇല്ലാതെ തുടർന്നത്. ഇത്തരം ഉത്പന്നങ്ങളുടെ ഡിമാന്റിൽ ഉണ്ടായ കുറവാണ് ഇതിന് പ്രധാന കാരണം. എന്നാൽ മറ്റിനങ്ങളിൽ പെടുന്ന സാധനങ്ങളുടെ കാര്യത്തിൽ വിലയിലെ മാറ്റം സംസ്ഥാനത്ത് ദേശീയ, ദക്ഷിണേന്ത്യൻ ശരാശരിയേക്കാൾ ശക്തമായിരുന്നുവെന്ന് കാണാൻ കഴിയും.

അതുകൊണ്ട് കോവിഡ് കാലത്ത് വിലക്കയറ്റവും പണപ്പെരുപ്പവും പിടിച്ചു നിർത്തുന്നതിന് കേരളം നടത്തിയ ശ്രമങ്ങളുടെ ഒരു വലിയ വിജയമായി ഇതിനെ വിലയിരുത്താൻ കഴിയും. ദേശീയ ശരാശരിയെക്കാൾ പല സാധനങ്ങൾക്കും പ്രത്യേകിച്ച് അവശ്യ വസ്തുക്കൾക്ക് കേരളത്തിൽ വില കുറവാകാൻ കാരണം ഇതാണ്. മുഖ്യ അവശ്യ സാധനങ്ങളുടെ പട്ടിക നോക്കുമ്പോൾ സമ്മിശ്രമായ പ്രതികരണമാണ് ഉളവായതെന്ന് കാണാം. 2020 ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ അരി, പഞ്ചസാര എന്നിവയുടെ വിലയിൽ നെഗറ്റീവ് വളർച്ചയാണ് ഉണ്ടായത്. എന്നാൽ പച്ചക്കറികൾ, പരിപ്പ് വർഗ്ഗങ്ങൾ, മുട്ട, ഭക്ഷ്യ എണ്ണകൾ എന്നിവയുടെ കാര്യത്തിൽ മുന്നേറ്റ പ്രവണത പ്രകടമാക്കിയത് ചെറിയ തോതിൽ ആശങ്ക ഉളവാക്കുന്നതാണ്. മട്ട, ചമ്പാവ്,

**Table 3.** Significant changes in consumer prices in Kerala from July 2020 to October 2020

| Commodity | Unit | Percentage variation previous month | | | Percentage variation previous year |
|---|---|---|---|---|---|
| | | Aug-20 | Sep-20 | Oct-20 | Oct-19 |
| Black gram split with husk | Kg | 1.64 | -0.37 | 6.77 | 25.97 |
| Dal (Tur) | Kg | 1.54 | 2.62 | 13.46 | 18.18 |
| Egg (Hens) White lagoon | Dozen | 10.25 | 8.25 | 9.55 | 23.15 |
| Refined oil | Ltr. | -0.25 | 2.51 | 7.98 | 22.13 |
| Onion small | Kg. | 2.13 | 20.06 | 37.47 | 42.46 |
| Colocasia | Kg. | 4.10 | -4.40 | -11.34 | -13.03 |
| Onion big | Kg. | 13.20 | 64.78 | 80.59 | 33.8 |
| Brinjal | Kg. | 5.24 | 3.46 | 6.52 | 1.37 |
| Lady's finger | Kg. | 30.70 | 19.79 | -19.49 | 6.53 |
| Cabbage | Kg. | 10.63 | 11.63 | 41.19 | 51.05 |
| Bitter gourd | Kg. | 6.15 | 6.99 | 20.45 | 24.73 |
| Tomato | Kg. | -12.64 | 33.45 | -21.92 | -5.02 |
| Banana green | Kg. | 22.65 | 18.42 | -25.03 | -23.71 |

Source : Author's calculation using Kerala Price Bulletin

ആന്ധ്ര വെള്ള തുടങ്ങിയ ഇനം അരികളുടെ കാര്യത്തിൽ ചില്ലറ വില്പന വില ഏറെക്കുറെ മാറ്റമില്ലാതെയാണ് തുടർന്നത്. ധാന്യങ്ങളുടെ കാര്യത്തിൽ വില നിയന്ത്രിക്കുന്നതിന് സർക്കാർ ഇടപെടൽ വിജയകരമായിരുന്നുവെന്ന് വിലയിരുത്താം. എന്നാൽ പയർ, പരിപ്പ് വർഗങ്ങളുടെ കാര്യത്തിൽ ഇത് അത്ര ഫലവത്തായിട്ടില്ല. ഈ ഇനങ്ങളുടെ കാര്യത്തിൽ ഇന്ത്യ ഇറക്കുമതിയെ ആശ്രയിക്കുന്നതാണ് ഇതിന് പ്രധാന കാരണം.

മുട്ട , ഭക്ഷ്യ എണ്ണകൾ എന്നിവയുടെ കാര്യത്തിലാണ് ശ്രദ്ധിക്കപ്പെടുന്ന വില വ്യത്യാസം കണ്ടത്. പച്ചക്കറി ഇനങ്ങളുടെ കാര്യത്തിൽ ശരാശരി ചില്ലറ വില്പന വില സമ്മിശ്ര പ്രതികരണമാണ് കാഴ്ച വച്ചത്. പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ഇനങ്ങളായ ഏത്തക്കായ, തക്കാളി, വെണ്ട, കുമ്പളങ്ങ എന്നീ ഇനങ്ങളുടെ വിലയിൽ കുറവാണ് കണ്ടത് (പട്ടിക – 3 കാണുക). മഹാമാരിയുടെ കാലത്ത് സംസ്ഥാനം ഇത്തരം വിളകളുടെ കൃഷിക്ക് ആനുകൂല്യങ്ങൾ നൽകിയത് ഇതിന് സഹായകമായി. എന്നാൽ സവാള, ചെറിയ ഉള്ളി, കാബേജ്, പാവയ്ക്ക, വഴുതന, പടവലം തുടങ്ങിയ ഇനങ്ങളുടെ വിലയിൽ മുന്നേറ്റം കാണാമായിരുന്നു. ഇവയിൽ പലതിന്റെയും ഉല്പാദനത്തിൽ സംസ്ഥാനത്തിന് കാര്യമായ നിയന്ത്രണം ഇല്ലാതിരുന്നത് ഇതിന് നിദാനമാണ്. ചില പച്ചക്കറി ഇനങ്ങളുടെ ഉത്പാദനം ഉയർത്തുന്ന കാര്യത്തിൽ കേരളത്തിന് നല്ല സാധ്യതകളുണ്ട്. ഉല്പാദന വർധന ലക്ഷ്യമിട്ട് നവംബർ ഒന്ന് മുതൽ 16 ഇനം കാർഷികോല്പന്നങ്ങൾക്ക് സംസ്ഥാനം തറവില പ്രഖ്യാപിച്ചിട്ടുണ്ട് (ദി ഹിന്ദു – 2020). എന്നാൽ ഇത്തരം സാധനങ്ങളുടെ ആവശ്യം ഉയരുന്ന സാഹചര്യത്തിൽ കൂടുതൽ ശ്രമങ്ങൾ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടത് അനിവാര്യമാവുകയാണ്.

■

(കിരൺകുമാർ കക്കർലപുടി, രഞ്ജിത്ത് പി എസ്, അസിസ്റ്റന്റ് പ്രഫസർ, ഗിഫ്റ്റ്)

## References

GOI (2020), Ministry of Statistics and Program Implementation, *Consumer Price Index*, Downloadable from-http://164.100.34.62:8080/Default1.aspx

GOK (2020), Department of Economics and Statistics, *Price Bulletin 2020*, Downloadable from-http://www.ecostat.kerala.gov.in/index.php/price-trends-in-kerala/price-bulletin

The Hindu (2020), *Kerala fixes base prices for 16 agricultural items*, October 21, 2020, accessed from https://www.thehindu.com/news/national/kerala/base-prices-for-16-agricultural-items/article32910560.ece

# സാമൂഹ്യ ചെലവഴിക്കൽ : കേരള മോഡൽ വികസനം ഒരു പുനർവായന ഭാഗം - 1

എ വി ജോസ്

ഒരു ഗ്രാമീണ സമ്പദ്‌വ്യവസ്ഥ എന്ന നിലയിൽ നിന്നും ദ്വിതീയ , ത്രിതീയ തലങ്ങളിലേക്കുള്ള പരിണാമത്തിന്റെ കാര്യത്തിൽ കേരളം കൈവരിച്ച താരതമ്യേന മികച്ച ട്രാക്ക് റെക്കോർഡിനെ കുറിച്ച് '*കേരള ഇക്കോണമി*യുടെ' കഴിഞ്ഞ മൂന്ന് ലക്കങ്ങളിൽ പ്രതിപാദിച്ചിരുന്നു. പരിണാമ ത്തിന്റെ ഈ ഘട്ടത്തിൽ, മാനവ വികസന മേഖലയിൽ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ നേട്ടങ്ങൾ ഏറെ മികച്ചതും ശ്രദ്ധേയവുമാണെന്ന് കാണാം. പൊതുചെലവുകൾ അനിവാര്യമാക്കുന്ന ഒരു വികസന പാതയിലേക്കാണ് ഈ ലേഖനം വിരൽ ചൂണ്ടുന്നതെന്ന് സാരം. ഇത് തയ്യാറാക്കുന്നതിനായി തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിലെ വിദഗ്ധരുടെ ചില ആശയങ്ങൾ ഈ ലേഖകൻ കടമെടുത്തിട്ടുണ്ട്.

### മുൻദശകങ്ങളിലേക്ക് ഒരു എത്തിനോട്ടം

കേരളത്തിൽ മുൻപേ തന്നെ ചുരുളഴിഞ്ഞ സവിശേഷമായ വികസന മാതൃകകളുടെ പുരാവൃത്തത്തിലേക്ക് ഇത് നമ്മെ കൊണ്ടു ചെന്നെത്തിക്കുന്നു. ഇക്കാര്യത്തിൽ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ പഠനങ്ങൾ വികസനോന്മുഖ സമൂഹത്തിൽ ഗുണമേന്മയുള്ള ജീവിത നിലവാരത്തെ കുറിച്ചുള്ള ആശയങ്ങളുടെ ഒരു നിലപാട് തറയായി പ്രവർത്തിക്കുന്നു (യു എൻ / സി ഡി എസ്-1975 ). ഉയർന്ന വരുമാനത്തിന്റെയോ, വളർച്ച നിരക്കിന്റെയോ പരിണിതിയല്ല മാനവ വികസനമെന്ന വാദമാണ് ഈ പഠനം മുന്നോട്ട് വയ്ക്കുന്നത്. പകരം നയപരമായ മുൻകയ്യെടുക്കലും ഒപ്പം പുനർവിതരണത്തിന്റെ കാര്യത്തിലുള്ള ഉറച്ച നിലപാടുമാണ് പൊതുചെലവുകൾ ഉയർത്തുന്ന നയസമീപനങ്ങളിലൂടെ, സാമൂഹ്യ ഉപഭോഗം വർധിപ്പിച്ചതിന്റെ ഫലമായാണ് ഈ നേട്ടങ്ങൾ ഉണ്ടായത്. ഇവിടെ ഉയരുന്ന പ്രസക്തമായ ഒരു ചോദ്യം സാമൂഹ്യ ഉപഭോഗത്തിന് ഊന്നൽ നൽകുന്ന ഇത്തരമൊരു അവസ്ഥയിലേക്ക് സംസ്ഥാനം എങ്ങനെ എത്തിച്ചേർന്നു എന്നതാണ്. സമ്പത്തിന്റെ പുനർവിഭജനത്തിന്റേതായ ഒരു സംസ്കൃതിയിലേക്ക് എങ്ങനെയാണ് കേരളം മാറിയത് എന്നതിലേക്കുള്ള ഒരു അന്വേഷണമാണ് ഈ കുറിപ്പിന് ആധാരം. അതായത്, വിശാലാടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടം മുതൽക്ക് തന്നെ ഉരുത്തിരിഞ്ഞ,

***ഭൂപരിഷ്കരണം വഴി നേട്ടം കൈവരിച്ച വിഭാഗങ്ങൾ ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ കൂടുതൽ സൗകര്യങ്ങൾ ആർജിക്കുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കുകയുണ്ടായി. മത, സാമുദായിക സംഘടനകൾ ഇതിന് ശക്തമായ പിൻബലമേകുകയും ചെയ്തു.***

***റബർ, തേയില, കാപ്പി, ഏലം എന്നീ വിളകളുടെ വിസ്തൃതിയിൽ കഴിഞ്ഞ ആറ് ദശകങ്ങളിൽ ഉണ്ടായ വളർച്ച അഭൂതപൂർവ്വമാണ്. 1951 ൽ മൊത്തം 159000 ഹെക്ടർ സ്ഥലത്താണ് ഈ വിളകൾ കൃഷി ചെയ്തിരുന്നതെങ്കിൽ 2012 ൽ അത് 704000 ഹെക്ടറായി ഉയർന്നു. റബറിന്റെ കാര്യത്തിൽ ഏഴു മടങ്ങ് വർധനയാണ് ഉണ്ടയത്.***

ഇതിന് കാരണമാകുന്നത്. നയപരമായ നിലപാടുകൾ ഫലവത്താകുന്നതിന് ചില അതിർവരമ്പുകൾ മറികടക്കേണ്ടതുണ്ടെന്നും കാണാം. ഇക്കാര്യത്തിൽ ഉണ്ടായ എടുത്തു പറയത്തക്ക പ്രത്യേകതകളാണ് കേരളത്തെ ഈ നേട്ടത്തിലേക്ക് നയിച്ചത് എന്നതും വ്യക്തമാണ്.

പതിനെട്ടാം നൂറ്റാണ്ടിന്റെ പ്രാരംഭ ഘട്ടത്തിൽ ഉണ്ടായ തിരുവിതാംകൂർ രാജവംശത്തിന്റെ വളർച്ച ഇക്കാര്യത്തിൽ ഏറെ നിർണ്ണായക മായ ഘടകമാണ്. കേരളത്തിന്റെ ദക്ഷിണ ഭാഗത്തെ ഏതാണ്ട് പൂർണമായും ഉൾപ്പെട ുന്ന ഒരു രാജ്യമായിരുന്നു തിരുവിതാംകൂർ. കുടികിടപ്പ് പരിഷ്കരണം അടക്കമുള്ള നിരവധി കാര്യങ്ങൾ ഇതിന്റെ തുടർച്ചയായി സംഭവിച്ചു. തിരുവിതാംകൂർ രാജവംശത്തിന്റെ ഏകാധിപത്യ രീതിയിലുള്ള വളർച്ച സാമന്ത ഭരണകർത്താക്കളുടെ ഭരണത്തിന്റെ അന്ത്യത്തിന് കാരണമാവുകയും അവരുടെ ഭൂസ്വത്തുക്കൾ പിടിച്ചെടുക്കുന്നതിലേക്കും നയിച്ചു. ഇതോടെ കർഷകരെ കുടിയിറക്കുന്ന പ്രവണത കുറയുകയും അവരുടെ പാട്ടം അടക്കമുള്ള ബാധ്യതകളിൽ ഇളവുകൾ വരുകയും ചെയ്തു. 1970 ൽ ടി സി വർഗീസ് തന്റെ ഒരു കൃതിയിൽ ഇക്കാര്യം വ്യക്തമാക്കി യിട്ടുണ്ട്.

ഇത് ഫ്യൂഡൽ രീതിയിൽ നിലനിന്നിരുന്ന അന്നത്തെ സാമൂഹിക ഘടനയുടെ തകർ ച്ചയിലേക്ക് നയിക്കുകയും കാർഷിക ഭൂവുടമ സമ്പ്രദായം നിലൽക്കുന്ന ഒരു സംവിധാന ത്തിലേക്ക് വഴി മാറുകയും ചെയ്തു. തൊട്ടടുത്ത രാജ്യമായ കൊച്ചിയിലും മലബാർ പ്രദേശത്തും ഇതേ രീതിയിലുള്ള മാറ്റങ്ങൾ പ്രകടമായി (യു എൻ / സി ഡി എസ് 1975 , അധ്യായം-5). കുടിയാന്മാർ എന്ന നിലയി ലുള്ള അനിശ്ചിതത്വം മാറുകയും കഠിനമായ പാട്ടവ്യവസ്ഥകളിൽ ഇളവുകൾ വരികയും ചെയ്തതോടെ, കർഷകർ വാണിജ്യാടിസ്ഥാ നത്തിലേക്കുള്ള കൃഷി രീതികളിലേക്ക് തിരിയുകയും കൃഷി കൂടുതൽ സ്ഥലങ്ങളി ലേക്ക് വ്യാപിപ്പിക്കുകയും ചെയ്തു ( വർഗീസ് – 1970 , ജോർജ് , തരകൻ – 1985 , തരകൻ – 1998). തങ്ങൾക്ക് ലഭ്യമായ സാമ്പത്തിക മേൽക്കോയ്മ പിന്നീട് അവരെ രാഷ്ട്രീയ ശക്തികേന്ദ്രമായി മാറുന്നതിലേക്ക് അവരെ നയിച്ചു. കൂടുതൽ അവകാശങ്ങൾക്കായി അവർ ശബ്ദമുയർത്തുകയും ചെയ്തു.

ഭൂപരിഷ്കരണ നടപടികളുടെ ഫലമായി നേട്ടങ്ങൾ കൊയ്തവർ പിന്നീട് വിദ്യാഭ്യാസ, മെഡിക്കൽ രംഗങ്ങളിൽ കൂടുതൽ മികച്ച അവസരങ്ങൾ സൃഷ്ടിച്ചെടുക്കുന്നവരായി മാറി. ഇതിന് ജാതി, മത സംഘടനകളുടെ പിൻബലവും സഹായകമായിട്ടുണ്ട് (തരകൻ –1984). പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ കേരളം കണ്ടത് സാമൂഹ്യ നവോത്ഥാന രംഗത്തെ ശക്തമായ മുന്നേറ്റമ ാണ്. ഇത് ജാതി, മതം, തൊഴിൽ , ഭൂമിയുടെ ഉടമസ്ഥാവകാശം എന്നിവയെ അടിസ്ഥാന പ്പെടുത്തിയുള്ള വേർതിരിവുകൾ ശക്തമായി ചോദ്യം ചെയ്തു. ശക്തമായ ജനപിന്തുണ ആർജിക്കാൻ കഴിഞ്ഞ നേതാക്കൾ നയിച്ച ഇത്തരം പ്രസ്ഥാനങ്ങൾ തുല്യ അവകാശ ങ്ങൾക്കായുള്ള പോരാട്ടത്തിന് കരുത്ത് പകർന്നു. ശബ്ദമില്ലാതിരുന്നവരുടെ ശബ്ദമായി മാറാൻ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു. പിന്നീട് ഇടത് ആഭിമുഖ്യം

***തൊഴിൽ അധിഷ്ഠിതമായ നിരവധി വ്യവസായ മേഖലകളിലെ തൊഴിലാളി സംഘടനകളുടെ പ്രവർത്തനം വഴിയായി ജീവനക്കാർക്ക് അവരുടെ ആവശ്യങ്ങളുടെ ശബ്ദം കേൾപ്പിക്കാനും സാമ്പത്തിക താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.***

പുലർത്തുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ വളർച്ചക്ക് വളക്കൂറുള്ള മണ്ണായി അത് മാറുകയും ചെയ്തു . ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭ ദശയിലായിരുന്നു ഇത് (ഐസക് , തരകൻ – 1985).

വിദ്യാഭ്യാസം, മെഡിക്കൽ രംഗം തുടങ്ങിയ മേഖലകളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞതോടെ ദക്ഷിണ കേരളത്തിന്റെ ജനസംഖ്യ രംഗത്ത് വ്യക്തമായ മാറ്റങ്ങൾ നിഴലിക്കാൻ തുടങ്ങി. യു എൻ / സി ഡി എസ് (1975, അധ്യായം–10) പഠനത്തിൽ നിന്ന് വ്യക്തമാകുന്ന ഒരു കാര്യം 1921 ൽ തിരുവിതാംകൂറിൽ മരണ നിരക്കും ശിശുമരണ നിരക്കും മലബാറിനെയും ബ്രിട്ടീഷ് ഭരണത്തിലെ മറ്റ് മേഖലകളെയും അപേക്ഷിച്ച് വളരെ കുറവായിരുന്നു എന്നതാണ്. തദനുസൃതമായി ആയുർദൈർഘ്യവും തിരുവിതാംകൂറിൽ ഉയർന്നതായിരുന്നു എന്നും കാണാം. പിന്നീട് മലബാർ ഉൾപ്പടെയുള്ള മേഖലകളിലും ഈ അനുപാതത്തിൽ അതിവേഗത്തിലുള്ള മാറ്റം പ്രകടമായി. ഈ മാറ്റങ്ങൾ ജനസാന്ദ്രത, ജനങ്ങളുടെ മറ്റു മേഖലകളിലേക്കുള്ള കുടിയേറ്റം, ജനസാന്ദ്രത കുറവായ ഉത്തര മേഖലയിലേക്കും മലയോര മേഖലകളിലേക്കുള്ള മൂലധനത്തിന്റെ ഒഴുക്ക് തുടങ്ങിയ കാര്യങ്ങളിൽ ശക്തമായ സ്വാധീനം ചെലുത്തിയതായി കാണാനാകും (തരകൻ – 1984). മാനവ വികസനത്തിനും ജീവിത നിലവാരത്തിന്റെ ഉയർച്ചക്കും ഈ നേട്ടങ്ങൾ സഹായകമായിട്ടുണ്ട്.

### വാണിജ്യവിളകളും സംസ്കരണ വ്യവസായവും

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയുടെ വളർച്ച പ്രകടമാണ്. ഭൂപരിഷ്കരണം നടപ്പായതിന് ശേഷമുള്ള കേരളത്തിന്റെ വിവിധ മേഖലകളിൽ ഉണ്ടായ മുന്നേറ്റത്തിന്റെ വിശദമായ വിവരങ്ങൾ ബാക്ക് (1997), വർഗീസ് (1970), സി ഡി എസ് / യു എൻ (1975), ശിവാനന്ദൻ (1985) എന്നീ പഠനങ്ങളിൽ നിന്ന് ലഭ്യമാണ്. പ്രകൃതിദത്ത വിഭവങ്ങൾ വലിയ തോതിൽ ചൂഷണം ചെയ്തുകൊണ്ടുള്ള സമ്പദ്ഘടനയിൽ ഉണ്ടായ ഈ ചലനങ്ങൾ എഴുപതുകളുടെ മദ്ധ്യം വരെ ശക്തമായി തുടർന്നിരുന്നു. അമ്പതുകൾക്കും എഴുപതുകൾക്കുമിടയിൽ തോട്ടങ്ങളുടെ വിസ്തൃതിയിൽ ഉണ്ടായ വളർച്ച അഭൂതപൂർവ്വമാണ്. തേയില, കാപ്പി, റബർ, ഏലം എന്നീ വിളകളുടെ മൊത്തം വിസ്തൃതി 1951 ൽ 150000 ലക്ഷം ഹെക്ടർ ആയിരുന്നത് 2012 ൽ 704000 ഹെക്ടറായി ഉയർന്നു (അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് ഓഫ് കേരള – 2014). റബർ തോട്ടങ്ങളുടെ വിസ്തൃതിയിൽ ഏഴ് മടങ്ങ് വർധനയാണ് ഇക്കാലയളവിൽ ഉണ്ടായത്. റബർ തോട്ടങ്ങളുടെ വിസ്തൃതി 0 .54 ദശലക്ഷം ഹെക്ടറായി ഉയർന്നു (കേരള സർക്കാർ – 2010).

ഈ കാലഘട്ടത്തിൽ സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ സംഭവിച്ച ശക്തമായ നിമ്നോന്നതികൾ മൊത്തം കേരളത്തിന്റെ സാമൂഹ്യഘടനയിൽ നല്ല സ്വാധീനം ചെലുത്തിയിട്ടുണ്ട്. നിർമാണ വ്യവസായങ്ങളുടെ വളർച്ചയിൽ വാണിജ്യ വിളകൾ ചെലുത്തിയ സ്വാധീനം നിർണ്ണായകമാണ്. കയർ, കശുവണ്ടി, തോട്ടവിളകൾ, ഭക്ഷ്യവസ്തുക്കൾ, വസ്ത്രനിർമ്മാണം തുടങ്ങിയ മേഖലകൾ ഇതിന് ഉദാഹരണങ്ങളാണ്. ഈ നിർമാണ രംഗം വ്യവസായിക തൊഴിലാളികളുടെ സംഘടിത വളർച്ചയ്ക്കും കാരണമായി.

ഇടത് ആഭിമുഖ്യമുള്ള തൊഴിലാളി സംഘടനകളാണ് ഇതിനു നേതൃത്വപരമായ പങ്ക് വഹിച്ചത്. കയർ സംസ്കരണത്തിന് സഹായകമായ പ്രകൃതി വിഭവങ്ങൾ ലഭ്യമായിരുന്ന തിരുവിതാംകൂറിനു ചകിരി, നാര് തുടങ്ങിയവയുടെ വിപണികളിൽ ചരിത്രപരമായി തന്നെ പ്രാമുഖ്യം ഉണ്ടായിരുന്നു. ഇരുപതുകളിലേക്ക് എത്തുമ്പോൾ ഈ പ്രാമുഖ്യം കയർ ചവിട്ടികൾ, പരവതാനികൾ തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന നിരവധി ഫാക്ടറികൾ ആലപ്പുഴയിലും സമീപ പ്രദേശങ്ങളിലും ഉയർന്നു വരുന്നതിന് സഹായകമായി (ഐസക് – 1992). കൂടുതൽ തൊഴിലധിഷ്ഠിതമായ കശുവണ്ടി, ഓട്, തോട്ടങ്ങൾ, ബീഡി നിർമാണം എന്നീ മേഖലകളിലും ഇതേ ഉണർവ് പ്രകടമായി കണ്ടു (ലിൻഡ്ബർഗ് – 2001 ,പേജ് 88, 2005 പേജ് 28). സ്ത്രീ തൊഴിലാളികളുടെ വർധന തോട്ടം മേഖലയുടെ വികാസത്തിനും കാരണമായി. കേരളത്തിന്റെ മലനാട്ടിലും ഇടനാട്ടിലും റബർ, തേയില , കാപ്പി, ഏലം തുടങ്ങിയ വിളകളുടെ കൃഷിയിൽ ഉണ്ടായ വളർച്ച കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതിനും കാരണമായി (കണ്ണൻ – 1988 – പേജ് 54).

തൊഴിലധിഷ്ഠിതമായ വ്യവസായ മേഖലകളിലെ വൻതോതിലുള്ള തൊഴിലാളി സാന്നിധ്യം ഈ മേഖലയിലുള്ളവരുടെ അവകാശങ്ങൾക്കായി കൂടുതൽ ശബ്ദമുയർത്തുന്നതിന് ട്രേഡ് യൂണിയനുകളെ പ്രാപ്തമാക്കി (നായർ – 2006). ഇരുപതാം നൂറ്റാണ്ടിൽ സംഭവിച്ച രണ്ടു പ്രധാന സംഭവങ്ങൾ യുണിയനുകൾക്ക് കൂടുതൽ ശക്തിയും കരുത്തും പകരുന്നതായി മാറി. സ്വാതന്ത്ര്യ സമരവും ഭരണഘടനാദത്തമായ ജനാധിപത്യവും ഇതിൽ ഒന്നാണ്. 1956 ൽ ഉണ്ടായ കേരളത്തിന്റെ ഭാഷാപരമായ ഏകീകരണമാണ് മറ്റൊന്ന്. ഇത് രണ്ടും രാഷ്ട്രീയപരമായ വ്യക്തമായ ചേരിതിരിവുകളിലേക്ക് നയിക്കുകയുണ്ടായി.

**സ്വാതന്ത്ര്യാനന്തര ഘട്ടം**

സ്വാതന്ത്ര്യലബ്ധിയോടെ തൊഴിലാളി സംഘടനകളുടെ മുൻകൈയിൽ അവരുടെ സാമ്പത്തിക താല്പര്യങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം കൈവന്നു.

ഇത് ദേശീയതലത്തിൽ ഭരണഘടനാദത്തമായ തൊഴിലാളികളുടെ അവകാശമായി വഴിമാറി. വ്യവസായത്തർക്ക നിയമം, ഫാക്ടറി നിയമം, മിനിമം വേതന നിയമം, തോട്ടം തൊഴിലാളി നിയമം, വേതന നിയമം, സ്റ്റാന്റിംഗ് ഓർഡർ തുടങ്ങിയ നിയമങ്ങളിൽ തൊഴിലാളികൾക്ക് അനുകൂലമായ മാറ്റങ്ങൾ സംസ്ഥാനം വരുത്തി. ചെറുതും വലുതുമായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജോലി, വേതനം, തൊഴിൽ സാഹചര്യങ്ങൾ തുടങ്ങിയവയുടെ സംരക്ഷണമാണ് ഇതിലൂടെ ലക്ഷ്യമാക്കിയത്. ഇത് തൊഴിലാളി സംഘടനകളുടെ സ്വാധീനം കൂടുതൽ ശക്തമാക്കുകയും തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് സംഘടനകൾക്ക് നിയമപരിരക്ഷ ഉറപ്പ് വരുത്തുകയും ചെയ്തു.

ഐക്യ കേരളം പിറവിയെടുത്തതിന് ശേഷം 1957 ൽ നടന്ന തിരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നതാണ് മറ്റൊരു സുപ്രധാന സംഭവവികാസം. ഏറെ നിർണ്ണായക പ്രാധാന്യമുള്ള ഭൂപരിഷ്കരണ നടപടികൾക്ക് ഈ സർക്കാർ തുടക്കം കുറിച്ചു. തൊഴിൽ തർക്കങ്ങളിൽ തൊഴിലാളി താല്പര്യം മുൻനിർത്തി ഈ സർക്കാർ പ്രതികരിച്ചു എന്നത് നിർണ്ണായക പ്രാധാന്യമുള്ള കാര്യമാണ്. തൊഴിലാളി നേതാക്കളെ ഉൾകൊണ്ട് മുന്നോട്ട് പോകാൻ രാഷ്ട്രീയ പാർട്ടികളും തയാറായി എന്നതും ശ്രദ്ധേയമാണ്.

സ്വാതന്ത്ര്യാനന്തര ദശകങ്ങളിൽ സാമൂഹ്യമായ ചെലവഴിക്കൽ കേരളത്തെ എങ്ങനെ സ്വാധീനിച്ചുവെന്നത് അടുത്ത ലക്കത്തിൽ വിശദീകരിക്കാം. ജനസംഖ്യ, തൊഴിൽ, വേതനം, വരുമാനം തുടങ്ങിയ കാര്യങ്ങൾ

തമ്മിലുള്ള ബന്ധവും സാമൂഹ്യ ചെലവുകൾ വഴി കേരളം കൈവരിച്ച നേട്ടങ്ങളുമാണ് രണ്ടാം ഭാഗത്തിൽ വിശദീകരിക്കുന്നത്.

■

(ഗിഫ്റ്റിന്റെ മുൻ ഡയറക്ടറാണ് ലേഖകൻ)

## References

Association of Planters of Kerala (2014), *Report of the Executive Committee for the Year 2013-14* (Ernakulam)

Baak, Paul Eric (1997), *Plantation Production and Political Power: Plantation production in South-West India in a long-term historical perspective, 1743-1963*, Oxford University Press

George, Tharian and Tharakan P.K. Michael (1985), *"Development of Plantations in Kerala: A Historical Perspective"*, Working Paper No. 204, Centre for Development Studies, Thiruvananthapuram, March

Government of Kerala (2010), "*Report of the Plantation Study Committee (2009-10)*" from the Planters Association of Kerala Office, Thiruvananthapuram

Isaac T.M. Thomas, P. A.; Van Stuijvenberg; K. N. Nair (1992), *Modernization and Employment: The Coir Industry in Kerala*, Sage Publications, New Delhi

Isaac T.M. Thomas, and Tharakan, P.K. (1986), "*Sree Narayana Movement in Travancore, 1880-1939; A Study of Social Basis and Ideological Reproduction*", Working Paper No. 214, Centre for Development Studies, Thiruvananthapuram, March

Kannan, K. P. (1988), *Of rural proletarian struggles: mobilization and organization of rural workers in south-west India,* Oxford University Press, Delhi

Nair, Ramachandran K. (2006), The history of trade union movement in Kerala, The Kerala Institute of Labour and Employment, Thiruvananthapuram

Lindberg, A. (2005), Modernization and feminization in India, Kerala cashew workers since 1930, Nordic Institute of Asian Studies, Copenhagen

Lindberg, A. (2001), Experience and identity: a historical account of class, caste and gender among the cashew workers of Kerala, 1930-2000, Lund University

Tharakan, P.K.M (1998), "Coffee, Tea or Pepper? Factors Affecting Choice of Crops by Agro-Entrepreneurs in Nineteenth-Century South-West India", Working Paper No. 291, Centre for Development Studies, Trivandrum. November

Tharakan, P.K.M (1984), "Socioeconomic Factors in Educational Development: The Case of 19th Century Travancore", Working Paper No. 190, Centre for Development Studies, Thiruvananthapuram, April

Tharakan, P.K.M (1984a), "Intra-regional Differences in Agrarian Systems and Internal Migration: A Case Study of the Migration of Farmers from Travancore to Malabar 1930-1950", Working Paper No. 194, Centre for Development Studies, Thiruvananthapuram, June

Sivanandan P, D. Narayana, and K. Narayanan Nair (1985), "Land, Hunger and Deforestation: A case Study of the Cardamom Hills in Kerala", September 1985, Working Paper No. 212, Centre for Development Studies, Thiruvananthapuram, October

UN/CDS (1975) Poverty, Unemployment and Development Policy: A case study of selected issues with reference to Kerala, United Nations, New York

Varghese T.C. (1970), Agrarian Change and Economic Consequences: Land tenures in Kerala 1850-1960, Allied Publishers, Mumbai

GULATI INSTITUTE OF FINANCE AND TAXATION

# New studies on Kerala

Young Scholars' Forum, GIFT
led by Jerome Joseph

**Scopus indexed journal articles**

1. Aneja, R., & Praveen, A. (2020). International Migration Remittances and Economic Growth in Kerala: An Econometric Analysis. *Journal of Public Affairs*. Advance Online Publication. https://doi.org/10.1002/pa.2411

This study examines the trend and pattern of international migration and the resulting inflow of remittances to Kerala for the period 1998-2018 and also analyses the impact of international migration remittances on the economic growth of Kerala.

2. Bennet, L. (2020). Labour welfare measures of migrant workers in construction industry in Kerala. *International Journal of Management*, 11(10), 1238-1241. https://doi.org/10.34218/IJM.11.10.2020.11

Kerala witnesses a large inflow of migrant labour from different parts of the country. However, income and employment condition of the migrant labour in Kerala appears to be inadequate. Present study is an attempt to understand the labour welfare measures provided to the migrant workers in the construction industry in Kerala.

3. Kalathil, S.T., & Abraham, S. (2020). Regulation and Resistance: Defactorisation in the Beedi Industry of Colonial Malabar, 1937-1941. Labor History. Advance Online Publication. https://doi.org/10.1080/0023656X.2020.1844874

This article presents a case study of defactorisation of production in a traditional industry - beedi rolling - in colonial South India. It examines the implementation of the Indian Factories Act and its subsequent impact on Malabar's beedi industry during 1937-1941, focusing on the interaction between state, capital, and labour within the framework of British India's labour-legal history.

4. Joy, N.M., & Paul, S.K. (2020). Analysis of the Economic Value and Status of the Ecosystem Services Provided by the Ashtamudi Wetland Region, a Ramsar Site in Kerala. *Journal of the Indian Society of Remote Sensing*. Advance Online Publication. https://doi.org/10.1007/s12524-020-01263-9

This study has analysed the economic value and current status of 11 important Ecosystem Services provided byAshtamudi, the second largest wetland in Kerala. Even though the valuation of a few ES has been carried out in earlier studies, this particular study has incorporated more services in valuation and analysed the change in its value compared to previous years. This study also tried to analyse the status of 'wetland features' essential for the sustenance of ES, the spatial changes of the service providing habitats, and its impact on ES delivery.

5. Raman, K.R. (2020). Ecospatiality: Transforming Kerala's Post-Flood "Riskscapes". *Cambridge Journal of Regions, Economy and*

*Society,* 13(2), 319-341. https://doi.org/10.1093/cjres/rsaa023

The challenges in each phase of rescue, relief, and rebuilding at the time of Kerala's 2018 floods and landslides were addressed in this case study. Through the strategic use of 'ecospatiality', it is shown that the 'state-society synergy' does exist in its potentiality, although, by and large, it is ignored in already existing 'riskscape' scholarship. However, the context of this study proves to be an ideal site for illustrating the possibilities of actualising this latent potential of ecospatiality through ecospatiality planning. Such attempts can, at the same time, be of local effectiveness and global significance.

6. Watson, A.S., &Bai, R.S. (2020). Phytoremediation for urban landscaping and air pollution control-a case study in Trivandrum city, Kerala, India. Environmental Science and Pollution Research. Advance Online Publication. https://doi.org/10.1007/s11356-020-11131-1

Air pollutant concentration of Thiruvananthapuram, the capital of Kerala, exceeded the limits of National Ambient Air Quality (NAAQ) standards, according to a study conducted in 2015 by NATPAC. These polluted corridors harbour vegetation on roadsides and traffic islands, planted solely for aesthetic appeal. Analysis of air pollution tolerance levels of existing plants can act as a scientific basis for efficient planning of the urban landscape.

## Health

### Scopus indexed Journal articles

1. Choolayil, A.C., &Putran, L. (2020). Covid-19, The Local and the Global: Lessons from Kerala. *South Asia Research*. Advance Online Publication. https://doi.org/10.1177/0262728020966102

This article offers a cross-sectional exploration of the Covid -19 containment strategy in Kerala and highlights its initial effectiveness in the Kasaragod district, the first to record a second stage transmission in the state with a cluster of cases from 23 March 2020 onwards. The article explores the confluence of elements that allowed the initial successful recovery from a second stage transmission and then examines the factors that later led to community-level transmission. Given the close connections of Kerala to other parts of the world through migration, the article illustrates how precariously the local is now part of the global.

## Other journal articles

1.Ashok kumar, K. (2020). Cost and Return Analysis of Natural Rubber Plantations in Pathanamthitta District in Kerala. MUDRA: Journal of Finance and Accounting, 7 (1 ), 98-110. https://doi.org/10.17492/mudra.v7i1.195415

In this study, capital budgeting techniques are used to measure the economic worth of investment in rubber plantation. Rubber, being a perennial crop requires huge cultivation and maintenance cost and therefore an attempt is made in this paper to analyse the cost of production and returns on investment in rubber plantations in Pathanamthitta district in Kerala.

2. Kannan, K. P., &Hari, K.S. (2020). Revisiting Kerala's Gulf Connection: Half a Century of Emigration, Remittances and Their Macroeconomic Impact, 1972-2020. *The Indian Journal of Labour Economics*. Advance Online Publication. https://doi.org/10.1007/s41027-020-00280-z

This paper estimates foreign remittances to Kerala for a period of 47 years. Using these data, the paper has presented a modified state income for Kerala and calculated its impact on consumption and savings. The significance of the sizeable emigration to the labour market situation has also been highlighted.

3. Peter, B., Sanghvi, S., & Narendran, V. (2020). Inclusion of Interstate Migrant Workers in Kerala and Lessons for India. *The Indian Journal of Labour Economics.* Advance Online Publication. https://doi.org/10.1007/s41027-020-00292-9

This paper examines labour migration to Kerala, key measures by the government to promote the social security of the workers and the state's response to the distress of migrant workers during lockdown, by synthesising the available secondary evidence.

4.Soloman, S. Veerakumaran, G. (2020). Problems and Constraints Faced by Farmer Producer Company in India with Special Reference to Poultry Sector of Kerala. *International Journal of Innovative Science and Research Technology*, 5(10), 845-852. https://www.ijisrt.com/problems-and-constraints-faced-by-farmer-producer-company-in-india-with-special-reference-to-poultry-sector-of-kerala

This research paper examined the problems and constraints faced by Farmer Producer Company (FPC) in India. The Venad Poultry Farmer Producer Company from Kollam district of Kerala was selected for the study. The problems faced by the company were examined from the view of Board of Directors (BoD). From the director's perspective, the problems were studied under four heads viz; administrative problems, functional problems, structural problems and human resource related problems.

5. Vineethkumar, V., Sayooj, V.V., Shimod, K.P., &Prakash, V. (2020). Estimation of pollution indices and hazard evaluation from trace elements concentration in coastal sediments of Kerala, Southwest Coast of India. *Bulletin of the National Research Centre*, 44(198). https://doi.org/10.1186/s42269-020-00455-0

An attempt is made to assess the concentration of trace elements and pollution indices in the sediment samples collected from the coastal belt of Kerala and possible conclusions were drawn.

The results of pollution indices clearly indicate the moderate level of trace elements contamination in the coastal belts of Kerala. Significant correlations were observed between the concentration of trace elements and physicochemical parameters of the sediments.

## Edited volumes and chapters

1. Rajan, S.I. (Ed.). (2020). *India Migration Report 2020 : Kerala Model of Migration Surveys.* Routledge. https://doi.org/10.4324/9781003109747

India Migration Report 2020 examines how migration surveys operate to collect, analyse and bring to life socio-economic issues in social science research. With a focus on the strategies and the importance of information collected by Kerala Migration Surveys since 1998, the volume explores different aspects of migration including, the effect of male migration on women and households, consumption of remittances and their utilization, the twenty-year experience of the Kerala Migration Surveys, and also the issues of migration politics and governance.

## Miscellaneous

1. Asok, A.R., Thimothy, R., Mohanan, S., Thambi, B., &Ramshad, M. (2020). I*ndebtedness among the Rural Poor in Kerala.* Centre for Socio-economic and Environmental Studies. https://www.csesindia.org/wp-content/uploads/2020/10/Indebtedness-among-the-Rural-Poor-in-Kerala.pdf

The focus of the Report is the magnitude and nature of indebtedness experienced by rural poor households in Kerala, and the role played by various sources in meeting the credit

requirements of this group.

Specific themes addressed in the study include: the framework that regulates the operation of financial institutions; borrowing pattern, credit choices and coping strategies of rural poor households and the magnitude of household indebtedness; operational modalities adopted by major credit providers catering to rural poor; and recommendations to address over-indebtedness among rural poor.

2. Issac, T.M., Mohan, R. & Chakraborty, L. (2020). Fifteenth Finance Commission Award for 2020-21: Implications for the States. *Economic and Political Weekly*, 55(4). https://www.epw.in/journal/2020/45

The first report of the Fifteenth Finance Commission has allayed many fears that arose after the notification of the terms of reference of the commission. The main report for the period 2021-22 to 2025-26 will have to factor in the devastating impact of Covid -19 on the economy and provide adequate fiscal space to the states for socio-economic response and recovery.

# What is new(s) from GIFT

## A. Webinars

**1.Crude Oil Price Crash During COVID-19 Outbreak: Re -Examining Safe Heaven Properties of Gold and Bitcoin by Dr Anoop Kumar, Assistant Professor, GIFT and Dr Geeta Dupatti , on 27-11-2020.**

The recent pandemic COVID-19 crisis which started off as more of a health concern resulted in health shocks and then gradually manifested into a global economic shock. It resulted in uncertainties related to asset pricing, liquidity crisis, and commodity price fluctuations, such as oil price crashes. During a financial crisis, investors often flock towards assets commonly known as safe haven assets that do not drop in value during a period of market turbulence. In this article, we examine if Bitcoin and Gold exhibit safe haven properties against oil price fluctuations. Towards this, we employ wavelet power spectrum and wavelet coherence and a wavelet-based quantile correlation method for extracting information across different timescales. We obtain daily returns data of Bitcoin, Gold, WTI, and Brent prices ranging from 02-01-2015 to 24-04-2020 for the analysis. From the wavelet power spectrum, we find that Bitcoin is relatively less impacted by the COVID-19 triggered market meltdown. Increased multiscale correlation between Bitcoin, Gold, and Crude oil returns during the times of turbulence is confirmed using wavelet coherence. The evidence from the wavelet quantile correlation captures the nature of the correlation between the asset pairs i.e. crude oil returns, Bitcoin and Gold during the times of market turbulence. Wavelet Quantile correlation results confirm that Gold exhibits better safe haven properties compared to Bitcoin across different investment horizons during times of crisis and Bitcoin is found to be better suited as a diversifier.

**2. Innovative Financing for Development-Quizzing online Dr T M Thomas Isaac Finance Minister of Kerala by Leading National Journalist**

Date: 30 November, 2020
Welcome: Professor K J Joseph, Director, GIFT
Journalists
Sukumar Muraleedhar, Professor, Jindal School of Journalism and communication
T K Arun, Consulting Editor, Economic Times
K G Narendranath, Executive Editor, Financial Express
K J Jacob, Executive Editor, Deccan Chronicle
Gireesh,P Senior Editor, Mint

**3. State Finances: A Study of Budgets of 2020-21**

Date: 3 December, 2020
Welcome: Prof K J Joseph, Director, GIFT
Chair: Prof Pulin B Nayak, Former Director Delhi School of Economics
Speakers:
1.Dr Santhosh Kumar Dash, Assistant Professor, GIFT
2.Dr Kiran Kumar Kakarlapudi, Assistant Professor, GIFT

3.Dr Parma Chakravartti, Assistant Professor, GIFT
4.Dr Anoop Kumar, Assistant Professor, GIFT
Discussant: Professor Lekha Chakraborthy, NIPFP, New Delhi
Seminar Co ordinator: Smt Anitha Kumary L , Associate Professor, GIFT

**Abstract**: The Reserve Bank of India (RBI) has been publishing a report on State Finances: A Study of Budgets annually since 2002 with a major focus on state finances of India. Along with the study of state finances, the report also highlights important policy measures in the realm of public finance and macroeconomics. The report published in October 2020 was discussed by the faculty members of GIFT. The speakers presented the major highlights of the report with some critical observations. The discussion emphasized that fiscal deficit was achieved through large cuts on both revenue and capital expenditure. Though the combined fiscal deficit of states is budgeted at 2.8% of GDP, this is likely to increase significantly, as indicated by a higher fiscal deficit of 4.6% of GSP for states which presented budget after the COVID-19 outbreak. The COVID-19 pandemic has led to 21 percent reduction in revenue collections during April - June 2020. Although states budgeted reduction in the revenue expenditure, it is likely to increase than what is budgeted for 2020-21 due to COVID leading large deficits. In this context, market borrowings appear to the major source of financing gross fiscal deficit. The increase in indebtedness, coupled with persisting losses of power distribution companies (DISCOMs) and rising guarantees, slants risks to state finances to the downside in the next fiscal year. Going by the history of pandemics in India, the report pointed out the four major pandemics; 1896 plague, 1918 Spanish flu, 1957 Asian flu and 1974 small pox were all associated with deceleration in growth and fall in per capita output and also having the similar pattern of economic recovery. The recovery period for GDP growth was observed to be 3 to 4 years and for per capita output it was observed to be 2 years with an exception in 1918 flu of 4 years. The discussion highlighted that resilience to pandemics such as COVID-depends on structural characteristics such as demographic changes, digital infrastructure and existing health systems across states. The report carried out a special box item complimenting Kerala's model of containment and highlighted the role of local self-governments. Devolution of funds to the empowerment of local self-governments in Kerala paid rich dividends in effectively containing this pandemic. Going forward, it is important that states invest in better provision of public services, improving the urban infrastructure and participation of local bodies for the immediate recovery and future resilience. The report also covered a section on the impact of COVID-19 on reverse migration. It is observed by the study that major proportion of migrants moved back to their native states during April-June 2020. Demand for MGNREGA and work generated under MGNREGA across states registered a highest number during May and June, 2020 indicating how the lockdown had an impact on reverse migration. In the last part, the report discusses the impact of COVID on output, exports, remittances, overseas employment and the various issues faced by the MSMEs during the pandemic and the subsequent government response. The speakers highlighted the data as well as methodological limitations of economic activity index, based on which the report highlights signs of recovery. Thus, the economic recovery argument seems not tenable.

### 4. Financing Development Under Fiscal Federalism-I

Date: 4 December, 2020 , 11:00am
Welcome: Prof K J Joseph, Director, GIFT
Chair: Prof M Govinda Rao, Former Director NIPFP and Honorary Fellow, GIFT
Speakers:

1.Professor Sushil Khanna, IIM, Kolkata
2.Professor Sebastian Morris, IIM, Ahmedabad
3.Professor Pulin B Nayak, Former Director, Delhi School of Economics
4.Professor C P Chandrasekhar , JNU
Discussant: Professor D Narayana, Former Director, GIFT
Seminar Co ordinator: Smt Anitha Kumary L , Associate Professor, GIFT

**5. Financing Development Under Fiscal Federalism-II,**
Date: 11 December 2020, 4:00 pm
Welcome: Prof K J Joseph, Director, GIFT
Chair: Professor Prabhat Patnaik , Emeritus Professor, JNU & Honorary Professor, GIFT
Speakers:
1.Prof Jayati Ghosh, JNU, New Delhi
2.Prof Partha Mukhopadhyay, CPR, New Delhi
3.Prof K Gayithri, ISEC, Bangalore
4.Prof A Damodaran, IIM, Bangalore
Discussant: Prof Lakhwinder Singh Gill, Punjabi University, Patiala
Seminar Co ordinator: Smt Anitha Kumary L , Associate professor, GIFT

**6. Webinar Series jointly with INDIALICS (India chapter of Globelics)**
INDIALICS Web lecture 5- Frugality, Informality And Resilience: Towards A 'Good Enough' Innovation system,

Date: 28 November, 2020 5:00 pm
Welcome: Prof K J Joseph, Director, GIFT
Chair person: Dr Angathevar Baskaran, Department of Development Studies, University of Malaya, Kaula Lumpur, Malaysia
Speaker: Saradindu Bhaduri, Associate Professor, JNU
Discussants: Dr Ruchi Sharma, School of Humanities and Social Sciences, IIT, Indore & Dr Sheikh Fayaz Ahmad, School of Management, Zhejiang University, China
Vote of Thanks : Professor Lakhwinder Singh Gill, Punjabi University, Patiala
Link: https://www.gift.res.in/index.php/workshop/detail/23/Indialics-Webinar-Series

## B.Teaching and training programmes

### 1.Training on Direct Selling Guidelines

Training Programme on Direct Selling Guidelines was conducted on 25 thNovember 2020 at GIFT Campus. The participants of the training are the officers of the Commissionerate of Civil Supplies and the Department of Consumer Affairs , Government of Kerala .Prof K J Joseph, Director, GIFT delivered the inaugural address in the presence of all the Faculty members of GIFT . The training is intended to build an in-depth awareness about the Guidelines formulated by the Government of India and the Government of Kerala for compliance by all Direct Selling / Multi level Marketing (MLM) companies . Main contents of the programme was: (1) Direct Selling Guidelines,2016 ( Central Guidelines) , (2) the Monitoring Mechanism ( Kerala Guidelines ) and (3) the verification techniques of registration documents filed by the companies through the On line portal of the Department of Consumer Affairs . The classes were imparted by Dr Thomas Joseph Thoomkuzhy who was one among the 3 members committee constituted by the Govt. of Kerala for drafting the Monitoring Mechanism of Direct Selling Guidelines and also the Subject Expert in the 9 members Monitoring Authority constituted by the Government of Kerala.

### 2.PGDGST program Third Batch

Admission for the third batch of the Post Graduate Diploma in Goods and Service Tax (PGDGST) is closed .120 hours training program started through onlinemode for the 325 students. 17 more students joined. Total strength of students is 342.

First 18 hours online training programme for the third batch is completed. Second set of training of 36 hours started on 30 October on online mode. Additional number of classes is arranged for the newly joined students.

Co ordinators - Dr N Ramalingam and L Anitha Kumary

For more detailshttps://www.gift.res.in/index.php/course/detail/14/PGD-GST

## C. New faculty in GIFT

### Dr Kiran Kumar Kakarlapudi

Dr. Kiran Kumar Kakarlapudi joined as Assistant Professor at Gulati Institute of Finance and Taxation (GIFT), Thiruvananthapuram. He holds a PhD degree in Economics from Centre for Development Studies (JNU). His research broadly focuses on applied development economics with an emphasis on finance and inclusion. He also researches on issues relating to innovation both at micro and macro level, and labour market impacts of innovation and technology. Prior to joining GIFT, he has been a consultant at United Nations Economic and Social Commission for Asia and the Pacific (UN-ESCAP) South and South-West Asia (SSWA) based in New Delhi.

### Dr Renjith P S

Dr. Renjith P S joined as Assistant professor at GIFT. He holds Ph.D. in Economics from the Madras School of Economics, Chennai. His Ph D work research dealt with on 'Issues of Sub-national Debt'.His primary research focuses on Public Finance and Applied Econometrics; specifically, on expenditure and debt policies of the national and sub-national governments. Dr Renjith's work has featured on several Scopus-indexed journals including The Journal of Applied Economic Research, Journal of Asia Pacific Economy, and Public Finance and Management Margin: He has also presented his research in a number of national and international conferences and served as a resource person in various workshops and training.

Prior to joining GIFT, Dr Renjith was an Assistant Professor in Economics at Christ (Deemed to be) University), Bengaluru. He has held a research position at academic institutions such as Centre for Development Studies, Thiruvananthapuram and Madras School of Economics, Chennai.

https://www.gift.res.in/faculty/faculty_details

## D. Publications

### 1.Kerala Tax Reporter (KTR)

October issue of KTR published Online and offline.

https://www.gift.res.in/ktr

### 2.Innovation and Development

A Routledge journal from GIFT,Volume 10,No. 3 published, Editor in chief, K J Joseph.

For details please visithttps://www.tandfonline.com/toc/riad20/current

### 3.Weekly update on the Indian Economy

This is an attempt by the Young Scholar' Forum in GIFT, led by Shency Mathew to update you on important developments in the national economy. Latest issue 12-18 December, 2020.

https://www.gift.res.in/index.php/publish/publish_list/14/Weekly-Updates-on-Indian-Economy

---

Soft copies of Kerala Economy (English and Malayalam) are available in GIFT website.
For free download, please visit www.gift.res.in



തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്), സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് എന്ന പേരിൽ 1992ലാണ് പ്രവർത്തനമാരംഭിച്ചത്. ദേശീയ - സംസ്ഥാന തലങ്ങളിലെ നയരൂപീകരണ രംഗത്തുള്ളവർക്ക് വിവിധ പഠന ശാഖകളിൽ തിയറി അധിഷ്ഠിതവും റിസർച്ച് അധിഷ്ഠിതവുമായി വിവിധ തലങ്ങളിൽ ആവശ്യമായ സഹകരണം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തിൽ അധിഷ്ഠിതമായാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം. കൊച്ചി സാങ്കേതിക സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന ഇൻസ്റ്റിട്യൂട്ട്, പി. എച്ച്.ഡി ബിരുദതലത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങളും സർക്കാർ ജീവനക്കാർ അടക്കം വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ പരിശീലന പരിപാടികളും നിർവഹിക്കുന്നതിന് നിയുക്തമാക്കപ്പെട്ട ഒരു സ്ഥാപനമാണ്. ഇതിനു പുറമെ ചരക്ക് സേവന നികുതി അധിഷ്ഠിതമായി ബിരുദാനന്തര ഡിപ്ലോമ കോഴ്സും നടത്തി വരുന്നു. ഈയിടെ കേരള ഫിനാൻഷ്യൽ കോർപ്പറേഷനുമായി സഹകരിച്ച് മുഖ്യമന്ത്രിയുടെ എന്റർപ്രേണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ കീഴിൽ പുതു സംരംഭകർക്ക് ആവശ്യമായ പരിശീലന പരിപാടിയും നടത്തി വരുന്നു.

വൈജ്ഞാനിക രംഗത്തെ പ്രഗത്ഭർ, കേന്ദ്ര , സംസ്ഥാന ഭരണ രംഗത്തെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ ഒരു ഗവേർണിംഗ് ബോഡിക്കും എക്സിക്യൂട്ടീവ് കമ്മറ്റിക്കുമാണ് ഈ സ്ഥാപനത്തിന്റെ ഭരണനിർവഹണ ചുമതല. സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി എം തോമസ് ഐസക്കാണ് ഇതിന്റെ ചെയർപേഴ്സൺ.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ,
ഗിഫ്റ്റ് ക്യാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള - 695017
ഫോൺ : 0471 2596970, 2596980, 2593960
Email : program@gift.res.in www.gift.res.in